# ചെറിയ മനുഷ്യരും
# വലിയ കാര്യങ്ങളും

അബ്ദുൽ ജലീൽ താഴശ്ശേരി

പ്രസിദ്ധീകരണം:
ട്രൂവിഷൻ മീഡിയ

## അകത്ത്


വലിയ കാര്യം

പ്രപഞ്ചത്തിന് കാരണം

മനുഷ്യൻ നിയോഗിക്കപ്പെട്ടത്

ഒരുവൻ

ദൈവസ്നേഹത്തിന്റെ ഭാവം

ദൈവാർച്ചന ഉണ്ടാകൽ

പ്രവാചകന്മാർ നിയോഗിക്കപ്പെട്ടത്

മറുലോകത്തിന്റെ പ്രസക്തി

ഗ്രന്ഥം അവതരിച്ചത്

വ്യവസ്ഥ നിർണയിച്ചത്

ജീവിത സന്ദേശം

മനശ്ശാന്തി

സദാചാരം

ബന്ധങ്ങളുടെ ആന്തരാർഥം

സൗഭാഗ്യം

## മുൻവരി

യാഥാർഥ്യത്തെ അന്ധമായി നിരാകരിക്കുന്നതിനെയാണ് കണ്ണടച്ചിരുട്ടാക്കുക എന്നു പറയുന്നത്. അതെന്തെങ്കിലുമാകട്ടെ, ചിലർ മറ്റുള്ളവരുടെ ചില തീരുമാനങ്ങളെയും നയങ്ങളെയുമൊക്കെ ആ രീതിയിൽ വിമർശിക്കാറുണ്ട്.

നാം എപ്പോഴും സൗകര്യങ്ങൾ നോക്കുന്നവരാണ്. ജീവിതസൗഖ്യമാണ് നമുക്ക് വലുത്. ജീവിതമോ, പെട്ടെന്ന് തീരുന്നതും. മരണത്തെയും അതിനു ശേഷമുള്ള കാര്യങ്ങളെയും കുറിച്ച് നാം അത്ര ചിന്തിക്കാറില്ല. നമുക്കത് അത്ര ഗൗരവമുള്ള കാര്യമൊന്നുമല്ല. കാരണം, നമുക്ക് നമ്മുടെ തീരുമാനങ്ങളാണ് വലുത്.

നമ്മുടെ തീരുമാനങ്ങൾക്കും അംഗീകാരത്തിനുമൊക്കെ അതീതമായ ചില കാര്യങ്ങളുണ്ട് ദൈവത്തിന്. നമ്മുടെ ജീവിതസൗഭാഗ്യവും പാരത്രികമോക്ഷവുമായി ബന്ധപ്പെട്ട വലിയ കാര്യങ്ങൾ. നമുക്കതറിയില്ല. അറിയാൻ ശ്രമിക്കാറുമില്ല. ഈ തിരക്കിനിടയിൽ, അവ എന്തെന്ന് നാം മനസ്സിലാക്കണം. ചെറിയ സൂചനകൾ ഇതോടോപ്പം.

അബ്ദുൽ ജലീൽ താഴശ്ശേരി
മുണ്ടുമുഴി
വാഴക്കാട്. പി.ഒ
info@vazhi.org

1.

## വലിയ കാര്യം

ഓടാമ്പലിട്ട വാതിലിനപ്പുറത്തേക്ക് മനസ്സിറങ്ങി.......
അടഞ്ഞ റൂമിൽ ഉറക്കം എന്നെ തനിച്ചാക്കി ഇറങ്ങിപ്പോയി.......
മനസ്സ് തീർത്തും അസ്വസ്ഥമായിരുന്നു. ഈ രാത്രി മുഴുവൻ ഉറക്കമില്ലാതെ കഴിച്ചുകൂട്ടേണ്ടിവരുമോ? എനിക്ക് വേവലാതിയായി.

ഉറക്കം പറ്റേ അകന്നുമാറി....
മനസ്സിൽ ചിന്തകളുടെ കലപില....
ഇന്നിനി ഉറക്കം കിട്ടില്ല, തീർച്ച. ടി.വിയിലെ രംഗങ്ങൾ മനസ്സിനെ തീർത്തും അസ്വസ്ഥമാക്കിയിരുന്നു.

സ്ഫോടനത്തിൽ പാടെ തകർന്ന ഒരു കെട്ടിടം....
ചിന്നിച്ചിതറിയ മനുഷ്യശരീരങ്ങൾ......
കൂട്ടത്തിൽ രണ്ട് പൈതങ്ങളുടെ ഉടലറ്റ തല രക്തത്തിൽ കുതിർന്നു കിടക്കുന്നു. തുറന്നുകിടന്നിരുന്ന അവരുടെ കുഞ്ഞിക്കണ്ണുകൾ ആരെയോ കാത്തു കിടക്കുന്നതുപോലെ.......
അതുകണ്ട് മാറത്തടിച്ചു വിലപിക്കുന്നവരെ ആശ്വസിപ്പിക്കാനാവാതെ മറ്റുള്ളവർ.

താങ്ങാവുന്നതിലപ്പുറമായിരുന്നു ആ രംഗം. കണ്ണടച്ചിട്ടും പൈതങ്ങളുടെ തല എന്റെ കണ്ണുകളിൽ തെളിഞ്ഞുനിന്നു. തുറന്ന കുഞ്ഞിക്കണ്ണുകൾ എന്നെതന്നെ നോക്കുന്നതുപോലെ. അവർക്ക് എന്താണ് എന്നോട് പറയാനുണ്ടായിരുന്നത്?
അറിയില്ല.

അസ്വസ്ഥതയോടെ ഞാൻ വാതിൽ തുറന്നു ടെറസ്സിനു മുകളിൽ ചെന്നിരുന്നു. പുറത്ത്, മഹാനഗരത്തിന്റെ പ്രകാശപ്രളയം. വെളിച്ചം വീണു ചിതറിയ വീഥിയിൽ വാഹനങ്ങൾ ഒഴുകിക്കൊണ്ടിരുന്നു.

വിസ്മയം പൂത്ത ആകാശത്തെ നോക്കി ഞാനവിടെ ഇരുന്നു. സുഖമുള്ള അനുഭവം. മനസ്സിനത് സമാധാനം തരും. അസ്വസ്ഥതയും മറക്കാം.

നേർത്ത കാറ്റ് ഓടിയെത്തി കാതിൽ കിന്നാരം പറഞ്ഞു പാഞ്ഞുപോയി.
ആകാശം നിറയെ മിന്നിത്തിളങ്ങുന്ന താരകങ്ങൾ....
വെൺമുഖിലുകൾക്കിടയിൽ നിലാവു പെയ്ത് അമ്പിളി.....
എത്രമേൽ സ്വഛന്ദദൃശ്യം. മഹാനഗരത്തിന്റെ പ്രകാശപ്രളയത്തിൽ നിലാവ് അവഗണിക്കപ്പെട്ടു. ജീവിതത്തിരക്കിനിടയിൽ നിലാവ് പെയ്യുന്ന മാനത്തേക്ക് എത്തിനോക്കാൻ എവിടെ സമയം? നഗരത്തിന്റെ ജീവിതത്തിരക്കിൽ അവഗണിക്കപ്പെടുന്നതാണ് അമ്പിളിയും നിലാവുമൊക്കെ.

മനസ്സിൽ വിസ്മയം പൂത്തു.....
ആകാശലോക വിസ്മയങ്ങൾ.....
നമുക്കതെപ്പറ്റി എന്തറിയാം? നാം വെറും കാഴ്ചക്കാർ. ഇവിടെയിരുന്ന് കാണുന്നതിനപ്പുറത്തുള്ള കാര്യങ്ങളെപ്പറ്റി നാം ഓർക്കാറില്ലല്ലോ.

ഓർത്തുനോക്കൂ. ആകാശമേലാപ്പിനു താഴെ ഇടതടവില്ലാതെ കറങ്ങിക്കൊണ്ടിരിക്കുന്ന കോടാനുകോടി വൻഗ്രഹങ്ങൾ. അവ ഒരിക്കലും കൂട്ടിയിടിക്കുന്നില്ല. സഞ്ചാരപഥം തെറ്റുന്നില്ല. നിശ്ചലമാകുന്നുമില്ല.

എത്ര ഭദ്രമായ ഘടനയിലാണ് അവ സംവിധാനിക്കപ്പെട്ടിരിക്കുന്നത്. എത്ര സുരക്ഷിതമായാണ് സഞ്ചരിക്കുന്നത്. ഓരോന്നും നിശ്ചിത സമയത്ത് ആഗമിക്കുന്നു. നിശ്ചിത ഭ്രമണപഥത്തിലൂടെ തന്നെ സഞ്ചരിക്കുന്നു. നിശ്ചിത സമയത്ത് മറയുന്നു. ഒന്ന് മറ്റൊന്നിനെ മറികടക്കുന്നില്ല. ഓരോന്നും അവയ്ക്ക് നിർണയിച്ച വ്യവസ്ഥയും പ്രകൃതിയും പാലിച്ചുകൊണ്ടാണ് ഈ പ്രപഞ്ചഘടനയിൽ നിലനിൽക്കുന്നത്. ഈ വ്യവസ്ഥ ലംഘിക്കാൻ അവക്കാവില്ല. അങ്ങനെ സംഭവിച്ചെങ്കിലോ?

അവയിൽ ഒന്നെങ്ങാനും ഭ്രമണപഥം വിട്ടു കറങ്ങിയെങ്കിൽ...
ഭൂമിയുടെ ആകർഷണശക്തി അൽപമൊന്ന് കുറഞ്ഞെങ്കിൽ....
സൂര്യന്റെ ആകർഷണശക്തിയോ അതിലെ ചൂടോ അൽപം കൂടിയെങ്കിൽ.....
ഭൂമിയിലെ ഓക്സിജൻ കുറഞ്ഞുപോയെങ്കിൽ....
എങ്കിൽ നമ്മുടെ അവസ്ഥ എന്തായിരിക്കുമെന്ന് ചിന്തിച്ചിട്ടുണ്ടോ? അങ്ങനെയൊന്നും സംഭവിക്കാതിരിക്കട്ടെ.

ശൂന്യാകാശത്തിന്റെ അനന്തതയിലേക്ക് എത്തിനോക്കുക. എന്തെല്ലാം വിസ്മയസത്യങ്ങൾ..... ചെവിയോർത്താൽ എന്തോ സന്ദേശം മൗനമായി വിളിച്ചു പറയുന്നതുപോലെ. ഇല്ലേ? ചിന്ത സ്തബ്ധമായിപ്പോകുന്നു.

എന്തോ, നാമാരും അത്തരം കാര്യങ്ങൾ ഓർക്കാറില്ല. നമുക്ക് അത്ര പ്രാധാന്യമുള്ളതല്ല. കാരണം, നാം ജീവിക്കാനുള്ള തിരക്കിലാണ്. അതിനിടയിൽ ഓർക്കേണ്ട പലതും നാം മറന്നുപോയി. അവ ക്രമേണ നമുക്ക് അജ്ഞാതവുമായി. അജ്ഞാതമായവയെ നാം സംശയിക്കാനോ നിഷേധിക്കാനോ തുടങ്ങി. അതല്ലേ സത്യം?
അതെ.

നാം ചെറിയ മനുഷ്യർ, പാവങ്ങൾ. ഈവക കാര്യങ്ങളെ ആശ്രയിച്ചാണ് നമ്മുടെ ജീവിതം നിലനിൽക്കു ന്നതെന്ന കാര്യം പോലും നാം മറന്നു. നമുക്ക് അതൊന്നുമല്ല കാര്യം. വയറിനെ ചുറ്റിപ്പറ്റിയാണല്ലോ നമ്മുടെ ശ്രമവും ചിന്തയുമൊക്കെ.

ചില കാര്യങ്ങൾ ഓർക്കാനെങ്കിലും നാം ശ്രമിക്കുക. അതിന് മുടക്കുകളൊന്നുമില്ലല്ലോ. അനന്തമായ ഈ പ്രപഞ്ചം. അത് പ്രത്യേക വ്യവസ്ഥയിലും ഭദ്രമായ ഘടനയിലും ഏറ്റപ്പറ്റില്ലാതെ സംവിധാനിക്കപ്പെട്ടത് യാദൃച്ഛികമായിരിക്കുമോ? എങ്കിൽ പിന്നെ ഇതൊക്കെ എങ്ങനെ സംഭവിച്ചു? എന്താണ് ഇതുകൊണ്ടുദ്ദേ ശിക്കുന്നത്? ഏത് ശക്തിയാണ് ഇതിനു പിന്നിലുള്ളത്?

ഈവക കുറേ ചോദ്യങ്ങൾ എന്നെ വലയം ചെയ്തു. അവക്കു മീതെ അജ്ഞതയുടെ മൂടുപടമിട്ടു മൗനം പാലിക്കാൻ എനിക്കാവില്ല.

ഞാൻ റൂമിലേക്കു തന്നെ തിരിച്ചു. വല്ലാത്ത വിവശത എന്നെ ബാധിച്ചിരുന്നു. സംശയങ്ങൾ എന്റെ മന സ്സിൽ ഭാരം വെച്ചു....

ഞാൻ ഡയറിയെടുത്തു ഇങ്ങനെ എഴുതി: ഉത്തരം കിട്ടാത്ത സമസ്യയായി അത്ഭുതപ്രപഞ്ചം എന്റെ തലക്കകത്ത് നിറഞ്ഞുനിൽക്കുന്നു. ഇതൊക്കെ എങ്ങനെ സംഭവിച്ചു? ഇതിനെ ആർക്കു വേണ്ടിയാണ് സൃഷ്ടിച്ചത്? എന്തിനു വേണ്ടിയാണ് ഈവിധം സംവിധാനിച്ചത്?

എന്താണ് മറുപടി? ആർ തരും ശരിയുത്തരം? ഞാൻ സത്യം ചെയ്തു പറയുന്നു, ഇക്കാര്യത്തിൽ യുക്തിഭദ്രമായ ഒരുത്തരം എനിക്ക് കിട്ടിയേ തീരൂ.

ഞാൻ അന്വേഷണം ആരംഭിച്ചു. പഠനത്തിലും മനനത്തിലും മുഴുകി. യുക്തരെന്നു ബോധ്യപ്പെട്ടവരിൽ നിന്ന് വസ്തുതകൾ ചോദിച്ചറിഞ്ഞു. എന്റെ ആകാംക്ഷക്കും സമസ്യക്കും പരിഹാരം കാണാനുള്ള ശ്രമത്തിലായി ഞാൻ.
നിരന്തര പഠനം.....
അന്വേഷണം.....

## 2.
## പ്രപഞ്ചത്തിന്റെ കാരണം

എന്റെ ഗ്രാമം. ഇരുട്ട് പരന്നു തുടങ്ങി..... പച്ചക്കറി കടകളിൽനിന്നുള്ള സുഖകരമായ സുഗന്ധം നഗരാന്തരീക്ഷത്തെ മൂടി. അത് പതിവില്ലാത്തതാണവിടെ.

ഒരിടത്ത് കുറേ ആളുകൾ കൂട്ടംകൂടി നിൽക്കുന്നു. ഞാൻ അടുത്തു ചെന്നു. അവിടെ ഒരിടത്ത് സ്ഥാപിച്ച ടി.വിയിലേക്ക് കണ്ണും നട്ടിരിക്കുകയാണവർ. അതിൽനിന്നൊഴുകുന്ന വാർത്തയിലേക്ക് കാത് തുറന്നുപിടിച്ചാണവരുടെ നിൽപ്.

പതിവില്ലാത്ത രംഗമാണത്. എത്ര പ്രാധാന്യമുള്ള വാർത്തയാണെങ്കിലും അതു കേൾക്കാൻ ആളുകൾ ഇങ്ങനെ താൽപര്യമെടുത്തതായി ഞാനിന്നു വരെ കണ്ടിട്ടില്ല. പിന്നെ എന്താണിപ്പോൾ ഇവരിങ്ങനെ....

''എന്താ സംഭവം? പ്രത്യേകിച്ച് എന്തെങ്കിലും?'' ഞാൻ ഒരാളോട് ചോദിച്ചു.
ചോദ്യം കേട്ട് അയാൾ എന്നെ ഒന്ന് നോക്കി. ഏതാണിവൻ, ഒന്നും തിരിയാത്തവൻ എന്ന ചുവയുണ്ടായിരുന്നു ആ നോട്ടത്തിന്.

''മാസം കണ്ടോന്ന് അറ്യാൻ നിക്ക്ാണ്. ന്തേയ്?'' ഉത്തരം പറഞ്ഞ് അയാൾ ചോദ്യഭാവത്തിൽ എന്നെ നോക്കി. ഞാൻ അവിടെനിന്ന് മെല്ലെ പുറത്തേക്ക് നടന്നു.

അൽപം കഴിഞ്ഞ് കൂട്ടംകൂടി നിന്നവരിൽനിന്ന് ആഹ്ലാദാരവം ഉയർന്നു. പിന്നെ അവർ ഘോഷയാത്രയായി ദൈവകീർത്തനവും ഉരുവിട്ട് ഗ്രാമത്തിലാകെ ചുറ്റിനടക്കാൻ തുടങ്ങി.

പെരുന്നാൾ മാസപ്പിറവി കണ്ടാൽ അവരുടെ പതിവാണത്. ആ സുദിനം ആഗതമായ വിവരം എല്ലാവരും അറിഞ്ഞ് സന്തോഷിക്കട്ടെ എന്ന ആവേശമാണ് അതിനു പ്രചോദനം.

തുറന്നുപറയാമല്ലോ, ഞാനും അത്തരം ഒരവസ്ഥയിലാണ് ഇപ്പോഴുള്ളത്. എനിക്കത് ഇവിടെയിരുന്ന് തനിയെ അനുഭവിച്ചാൽ പോരാ. ലോകത്തോട് മുഴുവൻ ആ സന്തോഷം വിളിച്ചുപറയണം.

പറഞ്ഞല്ലോ, പ്രപഞ്ചസൃഷ്ടിപ്പിനെക്കുറിച്ച് എനിക്കുണ്ടായ സംശയങ്ങളെപ്പറ്റി. ഒടുവിൽ ഞാനവക്ക് ഉത്തരം കണ്ടെത്തി. അതുതന്നെ. അതിവിടെ പകർത്തട്ടെ.

പ്രപഞ്ചം ഒരു യാദൃച്ഛിക സംഭവമല്ല. അതാണ് പ്രഥമം. അതിനു തെളിവായി എനിക്ക് കിട്ടിയ ചില സൂചനകൾ പറയാം:

പ്രപഞ്ചത്തിന്റെ സൂക്ഷ്മവും അന്യൂനവുമായ സൃഷ്ടിപ്പ്....
ആസൂത്രിതമായ അതിന്റെ ഘടന....
സംതുലിത സംവിധാനം....
വിദഗ്ധ നിയന്ത്രണം.....
മികച്ച പരിപാലനം.....
നിർണിതവും അലംഘനീയവുമായ പ്രാപഞ്ചികവ്യവസ്ഥ......
സൃഷ്ടികൾ തമ്മിലുള്ള അറ്റുപോകാത്ത ജൈവിക ബന്ധം.......

ഈവക കാര്യങ്ങളൊന്നും യാദൃച്ഛികമാവാൻ സാധ്യതയില്ലല്ലോ. അതിവിദഗ്ധമായി സംവിധാനിച്ചു നിയന്ത്രിക്കുന്ന ഒരു ശക്തി തീർച്ചയായും അതിനു പിന്നിലുണ്ടാകണം. നിർമാതാവില്ലാതെ ലോകത്ത് എന്താണ് ഉണ്ടായിട്ടുള്ളത്? പ്രപഞ്ചത്തിനും ഒരു നിർമാതാവുണ്ടെന്ന വിലയിരുത്തലിൽ ഞാനെത്തി. അതേ ശക്തി തന്നെയാണ് എല്ലാറ്റിന്റെയും സ്രഷ്ടാവ്.

അവൻ സ്രഷ്ടാവായതിനാൽ അവന്റെ ഇംഗിതങ്ങൾക്കൊത്താണ് പ്രപഞ്ചത്തിൽ എല്ലാ കാര്യങ്ങളും സംഭവിക്കുന്നത്. അതാണ് രണ്ടാമത്തെ കാര്യം. അവന്റെ പരമാധികാരമാണ് അതിനു മേലുള്ളത്. സൃഷ്ടികളുടെ താൽപര്യങ്ങൾക്കോ ആഗ്രഹങ്ങൾക്കോ അതിൽ ഒട്ടും സ്ഥാനമില്ല എന്നെനിക്കുറപ്പായി.

പ്രപഞ്ചം തനിയെ ഉണ്ടായതാണെന്ന് എന്റെ അന്വേഷണത്തിനിടയിൽ ചിലർ പറഞ്ഞു. അവർ പറഞ്ഞതിങ്ങനെ: 'പ്രപഞ്ചം അനാദിയാണ്. അത് ആരും ഉണ്ടാക്കിയതല്ല. അതീവസാന്ദ്രതയുള്ള പദാർഥമായിരുന്നു അത്. ആ പദാർഥത്തിൽ സംഭവിച്ച ശക്തമായ സ്ഫോടനത്തെ തുടർന്നാണ് ഈ പ്രപഞ്ചം ഉണ്ടായത്.'

പ്രപഞ്ചത്തെ സംബന്ധിച്ച് അവർ പറഞ്ഞ ശാസ്ത്രീയ വിലയിരുത്തൽ നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ ഏകദൈവം നമുക്ക് പറഞ്ഞുതന്ന വിജ്ഞാനമാണ്. അതിങ്ങനെ: ''ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും എന്നിട്ട് നാം അവയെ വേർപ്പെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? ജലത്തിൽനിന്ന് എല്ലാ ജീവവസ്തുക്കളെയും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ? (ഖുർആൻ, 21: 30) പക്ഷേ, സത്യത്തെ അവർ സ്ഥാപിച്ചത് അവരുടേതായ നിഗമനമനുസരിച്ചാണെന്നു മാത്രം.

അവരുടെ നിഗമനം പ്രപഞ്ചസൃഷ്ടിപ്പിന്റെ ആദികാരണത്തെ അംഗീകരിക്കുന്നതായിരുന്നില്ല. അതിനെ സംബന്ധിച്ച് ഞാൻ ചിലത് ചോദിച്ചു. അവയ്ക്കൊന്നും ഉത്തരം തരാൻ അവർക്ക് സാധിച്ചില്ല. അവരുടെ നിഗമനത്തിന്റെ ദൗർബല്യം ഇതായിരുന്നു: പദാർഥത്തിലെ താപം അതിന്റെ മൂർധന്യതയിലെത്തിയപ്പോഴാണത്രെ പൊട്ടിത്തെറിയുണ്ടായത്.

ഞാൻ ചോദിച്ചു:
പൊട്ടിത്തെറിച്ച വസ്തു എങ്ങനെ ഉണ്ടായി?

അത് സ്ഥിതി ചെയ്തിരുന്ന സ്ഥലം എങ്ങനെ ഉണ്ടായി?
ആ വസ്തുവിന്റെ സാന്ദ്രത പാരമ്യതയിലെത്താൻ കാരണമെന്ത്?
അതിനെടുത്ത കാലഗണന ആർ നിർണയിച്ചു?
പദാർഥം എങ്ങോട്ട് പൊട്ടിത്തെറിച്ചു?
പൊട്ടിത്തെറിച്ചവ എന്തുകൊണ്ട് തികച്ചും വ്യത്യസ്ത പ്രകൃതിയുള്ളവയായി?
അവയെങ്ങനെ അത്തരമൊരു ഘടനയിൽ സംവിധാനിക്കപ്പെട്ടു?
അവ ഇന്ന് കണ്ടുവരുന്ന പ്രത്യേക സ്ഥാനങ്ങളിൽ എങ്ങനെ സ്ഥാപിക്കപ്പെട്ടു? അതിന് കാരണമെന്ത്?
അതിനൊക്കെ പിന്നിലെ ശക്തി ഏത്?

പോകട്ടെ. ഉത്തരമില്ലാത്തവരോട് ചോദിച്ചിട്ടെന്ത്? ഞാൻ കണ്ടെത്തിയ സംഗതിയിതാണ്: അനാദിയായിട്ട് ഒന്നുണ്ട്. അത് പദാർഥമല്ല, സർവശക്തനായ സ്രഷ്ടാവാണത്. പദാർഥം തനിയെ ഉണ്ടാവുകയല്ല. ഉണ്ടാക്കപ്പെടുകയാണ് ചെയ്യുന്നത്. അതിന് ഒരു സ്രഷ്ടാവ് ആവശ്യമാണ്.

ഒരു കാര്യം: ദൈവം എങ്ങനെ സൃഷ്ടിച്ചു എന്നു ചോദിക്കരുത്. അത് സൃഷ്ടികൾക്ക് വെളിപ്പെടുത്താത്ത ദൈവികരഹസ്യം. പക്ഷേ, ഒന്നുണ്ട്. അവൻ ഒരു കാര്യം ഇഛിക്കുകയേ വേണ്ടതുള്ളൂ. അത് സംഭവിക്കുകയായി. ഇതാണ് അവന്റെ സൃഷ്ടിപ്പിന്റെ രഹസ്യത്തെ പറ്റി അവൻ നമുക്ക് പറഞ്ഞു തന്നത്.

ദൈവത്തിന്റെ സൃഷ്ടിരഹസ്യം മനുഷ്യന്റെ ബുദ്ധിക്ക് കണ്ടെത്താനാകില്ല. അവന്റെ അറിവിന് പരിമിതിയുണ്ട്. ബുദ്ധിശക്തിക്കും അതെ. അനേകായിരം വർഷങ്ങൾക്കുമുമ്പ് പ്രപഞ്ചത്തിന്റെ അവസ്ഥ എന്തായിരുന്നു, ഇനി അനേകം വർഷങ്ങൾക്കു ശേഷം എന്തായിരിക്കും സ്ഥിതി എന്നൊന്നും നമുക്കറിയില്ല. നാളെ നമുക്കെന്ത് സംഭവിക്കുമെന്നും നമുക്കജ്ഞാതം. ഭാവിക്കും നമ്മുടെ ചിന്തകൾക്കുമിടയിൽ അജ്ഞാതമായ മറയുണ്ട്. അത് ഭേദിക്കാൻ നമുക്കാവില്ല.

നമുക്കറിയാത്ത പല കാര്യങ്ങളുമുണ്ട് പ്രപഞ്ചത്തിൽ. നമുക്ക് ചുറ്റുമുള്ള കാര്യങ്ങളെ സംബന്ധിച്ച അറിവ് മാത്രമേ നമുക്കുള്ളൂ, കൺമുമ്പിൽ തെളിയുന്നവ മാത്രം. ഇന്ന് ഒരു നക്ഷത്രത്തിൽനിന്നും പുറപ്പെട്ട പ്രകാശം എത്രയോ വർഷങ്ങൾക്കു ശേഷമാണല്ലോ നമുക്ക് ദൃശ്യമാകുന്നത്. അതിനെ തൽക്ഷണം കാണാൻ നമുക്കാവില്ല. അതിനുള്ള കഴിവൊന്നും നമ്മുടെ നഗ്നനേത്രങ്ങൾക്കില്ല. എങ്കിൽ പിന്നെ അദൃശ്യലോകത്ത് സംഭവിക്കുന്ന ദൈവത്തിന്റെ സൃഷ്ടിരഹസ്യം നാം എങ്ങനെ അറിയും?

നമുക്ക് അറിവ് ലഭിക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ? പ്രധാനമായും രണ്ട് വഴികളാണതിനുള്ളത്. ദൈവദൂതന്മാരുടെ അരുളപ്പാടുകൾ, ശാസ്ത്രം എന്നിവയാണവ. അവയുടെ അടിസ്ഥാനത്തിലാണ് നാം ചിന്തിക്കുന്നത്. ദൈവദൂതന്മാരുടെ അരുളപ്പാടുകൾ ദൈവികജ്ഞാനമാകുന്നു. അതിന്റെ ചുവടുറപ്പിച്ചാണ് ശാസ്ത്രവിജ്ഞാനീയങ്ങൾ വികസിക്കുന്നത്. അറിവിന്റെ അടിസ്ഥാനസ്രോതസ്സായ ദൈവികജ്ഞാനത്തെ ആശ്രയിക്കുകയാണ് നമുക്ക് അറിവ് നേടാനുള്ള വഴി.

പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവേ ഇല്ലെന്നു തന്നെ ചിലർ തറപ്പിച്ചുപറഞ്ഞു. ഏറെ രസകരമായിരുന്നു അവരുടെ വാദം. സംസാരത്തിനൊടുവിൽ എങ്കിൽ പിന്നെ ദൈവം എന്തുകൊണ്ട് അങ്ങനെ ചെയ്തില്ല, ഇങ്ങനെ ചെയ്തില്ല? എന്ന് ദൈവത്തിന് കുറേ തകരാറുകൾ ആരോപിക്കുകയാണ് അവർ ചെയ്തത്. ഫലത്തിൽ ദൈവത്തെ നിഷേധിക്കാൻ അവർക്ക് സാധിച്ചില്ല.

ചിലർ ചോദിച്ചു: 'എങ്കിൽ പിന്നെ ദൈവത്തെ കാണാത്തതെന്ത്?' നിഷേധത്തിന്റെ ഗന്ധമുണ്ടായിരുന്നു ആ ചോദ്യത്തിന്. തികഞ്ഞ ഗുണകാംക്ഷയോടെ ഞാൻ അവരോട് പറഞ്ഞു: സൃഷ്ടികൾക്ക് അഗോചരമായിരിക്കുകയെന്നതാണ് ദൈവികത. അതവന്റെ ഔന്നിത്യത്തിന്റെ അടയാളവും യുക്തിയുമാണ്.

സാന്ദർഭികമായി ഒരു കാര്യം ചോദിക്കട്ടെ. ആരെയും ചൊടിപ്പിക്കാനല്ല. ദൈവത്തെ കാണാത്തതെന്ത് എന്നു ചോദിക്കുന്നത് ഒരുതരം ബുദ്ധിരഹിത സമീപനമല്ലേ? ചിത്രകാരനെ കണ്ടിട്ടല്ലല്ലോ നാം ചിത്രത്തെ ആസ്വദിക്കുന്നത്. താൻ പുതിയ ഒരു ഗ്രഹത്തെ കണ്ടെത്തിയതായി ഒരു ശാസ്ത്രജ്ഞൻ അവകാശപ്പെട്ടാൽ നാം ഉടനെ അത് വിശ്വസിക്കാറുണ്ടല്ലോ. ഗ്രഹത്തെയും ശാസ്ത്രജ്ഞനെയും കാണേണ്ട ആവശ്യമേ നമുക്കില്ല. എന്നാൽ അതിനു പിന്നിലെ പരാശക്തിയെ അംഗീകരിക്കണമെങ്കിലോ, അവനെ കാണണമെന്ന്!

ദൈവം നൽകിയതിനാൽ മനുഷ്യൻ ഒരുപാട് കഴിവുകളുള്ള സൃഷ്ടി തന്നെ, സമ്മതിച്ചു. പക്ഷേ, ഒരു കാര്യമുണ്ട്. ഗ്യാലക്സിയിലെ കോടാനു കോടി വൻ ഗ്രഹങ്ങളിലെ ചെറിയ ഗ്രഹമായ ഭൂമിക്കു മുകളിൽ അള്ളിപ്പിടിച്ചു ജീവിക്കുന്ന കോടിക്കണക്കിന് ജീവിവർഗങ്ങളിൽ ഏറ്റവും നിസ്സഹായനായ ജീവിയല്ലേ മനുഷ്യൻ? കൈയിലുള്ള ഭക്ഷണം തട്ടിയെടുക്കുന്ന ഈച്ചയിൽനിന്നത് തിരിച്ചുപിടിക്കാൻ പോലും സ്വന്തം നിലക്ക് സാധിക്കാത്ത ദുർബലൻ? എന്നിട്ടും നമുക്കഹന്ത. ജീവശ്വാസം തന്നനുഗ്രഹിച്ച സ്രഷ്ടാവിന് കീഴ്‌വണങ്ങണമെങ്കിൽ അവനെ കാണണമെന്ന്!

അവനെ കാണാൻ പലരും ശ്രമിച്ചിട്ടുണ്ട്. അവരുടെ ഭാവനയിൽ ദൈവ മാഹാത്മ്യം ഏതു രൂപത്തിലും ഭാവങ്ങളിലുമാണോ തെളിഞ്ഞത് ആ രൂപങ്ങളിലൊക്കെ അവർ അവനെ സംവിധാനിച്ചെടുത്തുകൊണ്ടായിരുന്നു അതെന്നു മാത്രം. അറിയുക, മനുഷ്യഭാവനകൾക്കും ഇന്ദ്രിയങ്ങൾക്കും ഒട്ടും വിധേയമല്ല അവന്റെ അസ്തിത്വം.

ഈവക കരണംമറിച്ചലിന്റെയൊന്നും ആവശ്യമില്ല. അല്ലാതെ തന്നെ നമുക്ക് അവനെ കണ്ടെത്താം, അവന്റെ മാഹാത്മ്യം മനസ്സിലാക്കാം. ഒന്നുണ്ട്. അവനെ സംബന്ധിച്ച എല്ലാ മുൻവിധികളും മനസ്സിൽനിന്ന് നീക്കം ചെയ്യുക. എന്നിട്ട് കണ്ണും മനസ്സും പ്രപഞ്ചവിസ്മയങ്ങൾക്കു നേരെ തിരിക്കുക. എന്തെല്ലാം അത്ഭുതദൃഷ്ടാന്തങ്ങൾ നമുക്കവിടെ കാണാൻ സാധിക്കുന്നുണ്ട്! മനുഷ്യൻ തന്നെ ഒരു അത്ഭുത പ്രപഞ്ചമാണ്. ''തന്റെ സൃഷ്ടികളെ ഏറ്റവും സുന്ദരരൂപത്തിൽ സൃഷ്ടിക്കുകയും അവക്ക് പ്രകൃതിയുക്തമായ കാര്യങ്ങൾ ബോധിപ്പിച്ചുകൊടുക്കുകയും ചെയ്ത അനുഗൃഹീതനല്ലോ അവൻ.'' ഈ പ്രപഞ്ചവിസ്മയങ്ങളിലൂടെ അവനെ മനസ്സിലാക്കണം. അതാണ് ബുദ്ധിയുടെ തേട്ടം.

എല്ലാ പ്രാപഞ്ചികദൃഷ്ടാന്തങ്ങളും സ്രഷ്ടാവായ ഏകദൈവത്തെ കണ്ടെത്താനുള്ള സംവിധാനങ്ങളാണ്.

## 3.
## മനുഷ്യൻ നിയോഗിക്കപ്പെട്ടത്

വൈകുന്നേരത്തെ പോക്കുവെയിലിന്റെ ഇളംചൂടേറ്റ് പുഴവക്കിൽ ഇരിക്കുകയായിരുന്നു. സഹപ്രവർത്തകരും കൂട്ടിനുണ്ട്.

കരയിൽ തലയിട്ടു തല്ലി പിൻവാങ്ങുന്ന കൊച്ചോളങ്ങളിൽ എന്റെ കണ്ണുകളുടുക്കിനിന്നു.

ഏതോ സിനിമയിലെ രാഗധ്വനി കാറ്റിൽ ഒഴുകിയെത്തി.
മണലിൽ കുട്ടികളുടെ ആരവം......

ഞങ്ങളുടെ വൈകുന്നേരങ്ങൾ പല വിഷയങ്ങളിലൂടെയും കയറിയിറങ്ങുമായിരുന്നു. സന്ധ്യയാകുന്നതോടെ പുതിയ വിവരങ്ങൾ നിറച്ച മനസ്സുമായി ഞങ്ങൾ തിരിച്ചുപോകും.

പുഴക്കക്കരെനിന്നുള്ള സംഗീതം കാറ്റിൽ ഒഴുകിയെത്തി. അതുകേട്ട് കൂട്ടുകാരിലൊരാൾ പറഞ്ഞു:
''ഒ, ഞാനിന്ന് ഒരു ബിക്കിൽ വായിച്ച വരികളാണ് ആ പാടുന്നത്.''

''എന്താണത്?''
ഞാൻ തിരക്കി.

''മനുഷ്യനാണ് ഏറെ സുന്ദരമായ നാമം എന്ന് ഞാനിന്ന് ഒരു ബുക്കിൽ വായിച്ചു. ശരിയാണോ?''
മറ്റുള്ളവരുടെ അഭിപ്രായത്തിനായി അവൻ ഓരോരുത്തരെയും മാറിമാറി നോക്കി.

ഞാൻ ചോദിച്ചു:
''അതുകൊണ്ടെന്ത് പ്രയോജനം? ജീവിതം നന്നാക്കാതെ നാമം നന്നായിട്ട് വല്ല കാര്യവുമുണ്ടോ?''
അൽപം ശക്തിയിൽ വന്ന കാറ്റിന്റെ ഒരലയിൽ ഞങ്ങളുടെ സംസാരം മുറിഞ്ഞു.

''എന്നുവെച്ചാൽ?''

''അവന്റെ സൃഷ്ടിപ്പിനു പിന്നിൽ ചില സംഗതികളൊക്കെയുണ്ട്. അത് പാലിക്കാതെ പേര് നന്നായിട്ടൊന്നും കാര്യമില്ല.''

''നീ എന്താണ് ഉദ്ദേശിക്കുന്നത്? അവൻ കുറച്ചു കാലം ജീവിച്ചു മരിച്ചു പോകും. മരിച്ചാൽ മണ്ണാകും. മറ്റെന്താണ് അവന്റെ ജീവിതത്തിനു പിന്നിൽ?''

''ദൈവം മനുഷ്യനെ വെറുതെ സൃഷ്ടിച്ചതല്ല. മനുഷ്യനെയെന്നല്ല ഈ പ്രപഞ്ചത്തിലെ ഒന്നിനെയും അവൻ വെറുതെ ഉണ്ടാക്കിയതല്ല.''

''എന്നുവെച്ചാൽ?''
''അൽപം സാവകാശം തരിക. അതിനു മുമ്പ് ഒരു ചോദ്യം: പ്രപഞ്ചത്തിന്റെ ജീവിതക്രമത്തെയും കർത്തവ്യത്തെയും പറ്റി ചിന്തിച്ചിട്ടുണ്ടോ?''

''ഓ, അവനവന്റെ കാര്യം തന്നെ ചിന്തിച്ച് തീരുന്നില്ല. എന്നിട്ടാ ഇനി......''
''അതാണ് നമ്മുടെ തകരാറ്. ശാന്തമായ മനസ്സോടെ അതെപറ്റി ചിന്തിക്കണം. അപ്പോഴാണ് നമ്മെ സംബന്ധിച്ച ചില പരമാർഥങ്ങൾ നമുക്ക് വ്യക്തമാവുകയുള്ളു.''
''എന്ത് പരമാർഥം?''

''ഏകദൈവം ഈ പ്രപഞ്ചത്തിലെ ഓരോ വസ്തുവിനും ചില ഉത്തരവാദിത്തങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സൂര്യൻ നമുക്ക് ചൂടും വെളിച്ചവുമേകണം; ചന്ദ്രൻ പ്രകാശവുമേകണം. അവയുടെ ഉദയാസ്തമയങ്ങൾക്കൊത്ത് ഭൂമിയിൽ കാലചംക്രമണം ഉണ്ടാകണം. സൂര്യനെ ഗ്രഹങ്ങൾ പ്രദക്ഷിണം ചെയ്യണം. ഭൂമിയിലെ ജീവികൾക്കു വേണ്ടി മേഘത്തിൽ നിന്ന് ജലം വർഷിക്കണം. കണ്ണു കൊണ്ട് കാണണം, കാത് കൊണ്ട് കേൾക്കണം. ഇവ പ്രകൃതിനിയമങ്ങളാണ്. പ്രപഞ്ചത്തിന്റെ നിലനിൽപിനുള്ള സംവിധാനം. ഈ ജീവിതനിയമങ്ങൾ ദൈവകാരുണ്യമാണ്. ഇതൊന്നും വേണ്ടെന്നു വെക്കുവാനോ ധിക്കരിക്കുവാനോ മനുഷ്യനടക്കം സൃഷ്ടികൾക്കൊന്നിനും സാധ്യമല്ല. അവക്ക് അതിനുള്ള സ്വാതന്ത്ര്യവും ഇല്ല. ഇനി മുതൽ ശ്വസിക്കേണ്ടെന്ന് മനുഷ്യർ കരുതിയാലോ?''

''അതാണോ നീ പറഞ്ഞ കർത്തവ്യം? അതൊക്കെ പ്രകൃതിയുടെ ഭാഗമല്ലേ? ദൈവവുമായി അതിനെന്ത് ബന്ധം?''
''പ്രകൃതിയുടെ നിലനിൽപിനും മനുഷ്യനടക്കമുള്ള ജീവജാലങ്ങളുടെ സുഖമമായ ജീവിതത്തിനും ദൈവം നിശ്ചയിച്ചതാണ് ആ പ്രകൃതി. പ്രപഞ്ചത്തിലെ എല്ലാറ്റിനും അത് ബാധകമാണ്. നമുക്കതിനെ പ്രകൃതിനിയമം എന്നു പറയാം. അതുപോലെ ഒന്നുകൂടിയുണ്ട്. അത് പക്ഷേ, മനുഷ്യനു മാത്രമുള്ളതാകുന്നു. അതിലവന് സ്വാതന്ത്ര്യമുണ്ട്. വേണമെങ്കിൽ കൊള്ളാം, വേണ്ടെങ്കിൽ തള്ളാം. സംഗതിയിതാണ്: ജീവിതം ഏകദൈവത്തിന്റെ ദാനമാണ്. അതിനാൽ അവനെ സ്രഷ്ടാവായി അംഗീകരിക്കുക. അവന്റെ കൽപനക്കൊത്ത് ജീവിക്കുക. അത് മനുഷ്യന്റെ ബാധ്യതയാണ്. ജീവൻ തന്നനുഗ്രഹിച്ച ദൈവത്തോടുള്ള കടപ്പാട്. അതിനു വേണ്ടി ദൈവം മനുഷ്യന് ധാരാളം സൗകര്യങ്ങളും സംവിധാനങ്ങളും മനുഷ്യന് നൽകിയിട്ടുണ്ട്. ഈ പ്രപഞ്ചസൃഷ്ടിപ്പു മുതൽ അവന്റെ അജയ്യ കഴിവുകൾ വരെ അതിനു വേണ്ടിയുള്ളതാകുന്നു.''

''പ്രകൃതിനിയമവുമായി അതിനെന്ത് ബന്ധം?''
''ബാക്കി കേൾക്കുമ്പോൾ ചിത്രം പൂർണമാകും. മനുഷ്യന് മാത്രം നൽകിയ ഈ നിയമങ്ങളെ അംഗീകരിക്കാനും നിഷേധിക്കുവാനും മനുഷ്യന് സ്വാതന്ത്ര്യമുണ്ടെന്ന് പറഞ്ഞല്ലോ. എന്നാൽ നേരത്തെ പറഞ്ഞ സ്വാതന്ത്ര്യമില്ലാത്ത പ്രകൃതിനിയമങ്ങളിൽ നാം ദൈവത്തെ അനുസരിക്കുന്നതുപോലെ സ്വാതന്ത്ര്യമുള്ള ഈ മേഖലകളിലും അവനെ അനുസരിക്കുക എന്നതാണ് മനുഷ്യന്റെ കർത്തവ്യം. ഈ കൃത്യ

ത്തിൽ നമ്മെ സഹായിക്കാനാണ് ഏകദൈവം നമുക്ക് ബുദ്ധിയും മറ്റു പലവിധ കഴിവുകളും നൽകി യിട്ടുള്ളത്.''

''ഒരു കാര്യത്തിനുവേണ്ടി മനുഷ്യനെ സൃഷ്ടിക്കുക. എന്നിട്ട് അക്കാര്യത്തിൽ അവന് സ്വാതന്ത്ര്യവും നൽകുക. അത് വിരോധാഭാസമല്ലേ?''

''ഒരു കാര്യം മനസ്സിലാക്കുക: മനുഷ്യന്റെ ഭൂമിയിലേക്കുള്ള നിയോഗം ദൈവത്തിന്റെ യുക്തിപൂർണമായ പദ്ധതിയുടെ ഭാഗമാണ്. അവൻ പറഞ്ഞതിങ്ങനെ: 'ഭൂമിയിൽ ഞാൻ പ്രതിനിധികളെ നിശ്ചയിക്കാൻ പോവുകയാണ്.' പ്രതിനിധി എന്തിനു വേണ്ടി നിയോഗിക്കപ്പെട്ടുവോ അത് നിർവഹിക്കലാണവന്റെ ധർമം. അതിന്റെ നിർവഹണത്തിൽ സ്വാതന്ത്ര്യം നല്കപ്പെട്ടത് അവനെ നിയോഗിച്ചവന്റെ ഔദാര്യമാണ്. പരീക്ഷക്കെഴുതുന്ന കുട്ടികളോട് ശരിയുത്തരം മാത്രമേ എഴുതാവൂ എന്ന് ഒരിക്കലും നിർബന്ധിക്കാ നാകാത്തതുപോലെയാണത്. പക്ഷേ, ശരിയുത്തരം എഴുതിയവർ മാത്രം പരീക്ഷയിൽ ജയിക്കുന്നതു പോലെ ദൈവം ഏൽപിച്ച ഉത്തരവാദിത്തങ്ങൾ പൂർണമായി നിർവഹിക്കുന്നവർ മാത്രമേ വിജയിക്കു കയുള്ളു. അക്കാര്യം ദൈവം നമ്മെ പല വിധത്തിലും ബോധ്യപ്പെടുത്തിയിട്ടുണ്ട്.''

''ദൈവത്തിന്റെ ഇംഗിതങ്ങൾക്കൊത്ത് ജീവിക്കൽ മനുഷ്യന്റെ സ്വാതന്ത്ര്യനിഷേധമല്ലേ? അതെല്ലാറ്റിനെ യും അവഗണിച്ചു, നമുക്ക് നൽകിയ സ്വാതന്ത്ര്യം പരമാവധി ഉപയോഗപ്പെടുത്തി ജീവിച്ചാലെന്താ?''

''തീർച്ചയായും നമുക്കതിന് സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഒരു കാര്യം മനസ്സിലാക്കുക: അവനെ അനുസ രിക്കുന്നത് നമ്മുടെ സ്വാതന്ത്ര്യത്തിന്റെ നിഷേധമല്ല. അവനെ അനുസരിക്കുവാനാണ് പലവിധ സ്വാത ന്ത്ര്യവും അധികാരവും ദൈവം നമുക്ക് തന്നിട്ടുള്ളത്. സ്വാതന്ത്ര്യമില്ലാത്ത അവസ്ഥയിൽ നാം എങ്ങ നെയാണ് ദൈവത്തിന് വിധേയമായി ജീവിക്കുക? എന്നാൽ അവനെ ധിക്കരിക്കുന്നതാകട്ടെ, നമ്മുടെ പരാജയത്തിന് കാരണമാകും; ലോകത്തിന്റെ നാശത്തിനും.''

''അത്തരം സ്വാതന്ത്ര്യം ഒരു ഭാരമായി തോന്നില്ലേ?''
''ഇല്ല. എന്താണ് സ്വാതന്ത്ര്യം, അത് എന്തിന് തന്നു തുടങ്ങിയ ചിന്തകളിൽ നമുക്ക് സംഭവിച്ച അബ ദ്ധത്തിന്റെ ഫലമാണ് ഈ സംശയം. നീ നേരത്തെ ചോദിച്ചല്ലോ, പരമാവധി സ്വാതന്ത്ര്യം ഉപയോഗിച്ചു ജീവിച്ചാലെന്താ എന്ന്. അതിന്റെ അർഥം നാം തിരഞ്ഞെടുത്ത വഴി തിന്മയായാലും അബദ്ധമായാലും ശരി അതനുസരിച്ചു ജീവിക്കുകയെന്നല്ലേ? അവിടെ ഒരു തരത്തിലുമുള്ള നിയന്ത്രണവും ഉണ്ടാവുകയില്ല. അങ്ങനെ ജീവിക്കുന്നതിനർഥം ബുദ്ധിയേയും മനസ്സിനേയും സാഹചര്യങ്ങളേയുമൊക്കെ പലവിധ സമ്മർദ്ദങ്ങൾക്കും വിധേയമാക്കുകയെന്നാണ്. അതിനാണ് പാരതന്ത്ര്യം എന്നു പറയുന്നത്. എന്നാൽ ദൈവം നമുക്ക് സ്വാതന്ത്ര്യം തന്നത് തെറ്റ് ചെയ്തു ജീവിക്കുവാനല്ല. നന്മയുടെ നിർഭയമായ ആസൂത്ര ണത്തിനും ആവിഷ്കാരത്തിനും ആചരണത്തിനുമാണ്. അതിന് നമുക്ക് സ്വാതന്ത്ര്യം ആവശ്യമാണ്. അതൊരിക്കലും ഭാരമായല്ല ആനന്ദമായാണ് അനുഭവപ്പെടുക. പക്ഷേ, അങ്ങനെ ജീവിക്കുമ്പോഴാണത് അനുഭവിക്കാനാകുക.

ഒരു കാര്യം കൂടി പറഞ്ഞോട്ടെ: ദൈവം മനുഷ്യനു ജീവിക്കാൻ രണ്ട് മാർഗങ്ങൾ നൽകിയിട്ടുണ്ട്. നന്മയുടെയും തിന്മയുടെയും വഴികളാണത്. നേരത്തെ പറഞ്ഞ പോലെ പരമാവധി സുഖിച്ചു, അനിയ ന്ത്രിതമായി ജീവിക്കുകയത്രെ ദുർമാർഗം കൊണ്ടുദ്ദേശിക്കുന്നത്. അത് ബുദ്ധിയും സ്വാതന്ത്ര്യവും പിശാചിന് പണയം വെച്ചുകൊണ്ടുള്ള ജീവിതമാണ്. അത് ദൈവവിരോധം. അതിനവൻ ശിക്ഷിക്കും. അതേയവസരം സ്വാതന്ത്ര്യം നന്മക്കു വേണ്ടി ഉപയോഗപ്പെടുത്തി ജീവിക്കുന്നതിന് സന്മാർഗ ജീവിതം എന്നു പറയുന്നു. അതിന് ദൈവം പ്രതിഫലവും നിശ്ചയിച്ചിട്ടുണ്ട്.''

''മനുഷ്യനെ തന്നെ ഈ ചുമതല ഏൽപിക്കാൻ കാരണം?''
''അതിനു വേണ്ടിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. പലവിധത്തിലുള്ള കഴിവുകളും ജീവിതസം വിധാനങ്ങളും അവന് നൽകിയതും അക്കാര്യം നിർവഹിക്കുന്നതിനു വേണ്ടിയാണ്. അതുകൊണ്ടാണ് നാം ഭൂമിയിൽ ദൈവപ്രതിനിധികളാണെന്ന് പറയാൻ കാരണം.''

''അപ്പോൾ ദൈവത്തിന് കീഴ്വണങ്ങി ജീവിക്കുന്നതിനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെന്ന് ചുരുക്കം.''
''അതെ. അതാണ് മനുഷ്യനിയോഗത്തിന്റെ രഹസ്യം. അതിലാണ് അവന്റെ വിജയം. അല്ലാതെ കേവലം നാമവും നിറവും ഭാഷയും നന്നായതുകൊണ്ട് അത് മനുഷ്യന് ഒരു പ്രയോജനവും ചെയ്യുകയില്ല.''

## 4.
## ഒരുവൻ

ഇടത്തരം ഒരു കുടുംബം. കുടുംബനാഥന് പ്രായം അറുപതോളം വരും. അയൾക്ക് വേലയൊന്നുമുണ്ടായിരുന്നില്ല. ഉണ്ടെങ്കിൽ തന്നെ ചെയ്യുകയുമില്ല. മൂത്തമകനാണ് കുടുംബത്തെ പോറ്റുന്നത്. തനിക്ക് ദിനേന കിട്ടുന്നതെന്തോ അതവൻ തന്റെ അമ്മയെ ഏൽപിക്കും. വീട് പുലർത്തുന്നത് മകനായതിനാൽ മടിയനായ ഭർത്താവിനോട് അവർക്ക് അത്ര പോരാ. ആ സ്ത്രീയുടെ മട്ടും ഭാവവും കണ്ടാൽ അവരാണ് വീട് ഭരിക്കുന്നത് എന്നാണ് തോന്നുക. വിട്ടുകൊടുക്കാൻ പിതാവും തയാറല്ല. ബാക്കിയുള്ളവരെ പോറ്റുന്നതിനാൽ മകനിലുമുണ്ട് കുറച്ച് അധികാരഭാവം. ഒരു കാര്യത്തിന് മൂന്ന് ആജ്ഞകളാണവിടെ.

ആ കുടുംബത്തിന്റെ സ്വസ്ഥത തീർന്നു. കാരണം, മൂന്ന് അധികാരികൾ. മൂന്ന് ആജ്ഞകൾ. ആരുടെ തീരുമാനമാണ് നടപ്പിലാക്കുക?

ധിറുതി വെക്കരുത്. ഞാൻ പറയുന്നതെന്താണെന്ന് നിങ്ങൾക്ക് പിന്നീട് ബോധ്യമാകും.

ഓരോ സംഗതിയെയും നാം സമീപിക്കുന്നത് അതിനോടുള്ള നമ്മുടെ കാഴ്ചപ്പാടനുസരിച്ചായിരിക്കുമല്ലോ. ഏകദൈവചിന്തയും അതിൽനിന്ന് വ്യത്യസ്തമൊന്നുമല്ല.

ഏകദൈവത്തെ പറ്റി വ്യത്യസ്ത കാഴ്ച്ചപ്പാടുള്ളവരാണ് മനുഷ്യർ. എല്ലാ കാഴ്ചപ്പാടുകളെയും നമുക്ക് തൽക്കാലം മാറ്റിവെക്കുക.

ചില പരമാർഥങ്ങൾ നിങ്ങളുടെ മുമ്പാകെ വെക്കുന്നുണ്ട്. അതൊന്ന് ശ്രമിക്കുക. സ്വീകരിക്കാൻ പറ്റുന്നത് സ്വീകരിക്കുക. പറയുന്നതിൽ വല്ല അബദ്ധവുമുണ്ടെങ്കിൽ അത് എന്റേതാണ്, കാര്യത്തിന്റേതല്ല.

പ്രപഞ്ചഭരണമാണ് ഏകദൈവത്തിന്റെ ജോലി. തന്റെ ജോലിയിൽ അവൻ അശ്രദ്ധനല്ല. അതൊരിക്കലും നിർത്തിവെക്കാറുമില്ല. അത് അനുസ്യൂതം നടന്നുകൊണ്ടിരിക്കുന്നതാണ്. ''അവൻ എന്നും പുതിയ സൃഷ്ടിക്രിയയിലാകുന്നു.'' ഈ മഹാപ്രപഞ്ചത്തെ തനിച്ച ഭരിക്കുന്ന അവന് കാര്യമായ കുറേ ഗുണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അവയിൽ പ്രധാനം ഇവയാണ്:

ഒന്ന്, ദൈവം എന്നെന്നും ഉണ്ടായിരിക്കണം.

രണ്ട്, തന്റെ ജോലി നിർത്തിവെക്കപ്പെടുകയോ അതിൽ അശ്രദ്ധ സംഭവിക്കുകയോ ചെയ്യും വിധം അവനെ മരണമോ ഉറക്കമോ മയക്കമോ അശ്രദ്ധയോ ബാധിക്കരുത്.

മൂന്ന്, ഈ ജോലിയിൽ അവൻ തികച്ചും സ്വതന്ത്രനായിരിക്കണം. മറ്റാരുടെയും പങ്കാളിത്തമോ ആജ്ഞയോ അതിൽ പാടില്ല.

നാല്, ഇത്രയും ജോലി തനിച്ച് ചെയ്യാൻ മാത്രം അവൻ ശക്തനും ജ്ഞാനിയും യുക്തിമാനും നിയന്ത്രണകഴിവുമുള്ളവനായിരിക്കണം.

അഞ്ച്, സ്വയം തീരുമാനമെടുത്ത് പ്രവർത്തിക്കാൻ മാത്രം പ്രപഞ്ചത്തിന്റെ പരമാധികാരം അവന്റേത് മാത്രമായിരിക്കണം.

ആറ്, സർവ പ്രപഞ്ചവും അവന്റെ ആജ്ഞയായിരിക്കണം അംഗീകരിക്കുന്നത്.

ഏഴ്, അവൻ മാത്രമായിരിക്കണം എല്ലാറ്റിന്റെയും ഉടമസ്ഥൻ.

ഈ ഗുണങ്ങളൊക്കെ ഏകദൈവത്തിന് ഉണ്ടെന്നു മാത്രമല്ല, അതിലൊക്കെ അവൻ നിസ്തുലനുമാകുന്നു. കാരണം, അവൻ മാത്രമാണ് ഏകദൈവം. അവനെക്കൂടാതെ മറ്റൊരു ദൈവമോ സ്രഷ്ടാവോ ഇല്ല.

അല്ലാഹു എന്നാണ് അവന്റെ സാക്ഷാൽ പേര്. അത് കേവലം ഒരു നാമമല്ല. സകല കഴിവുകൾക്കും ഗുണങ്ങൾക്കും ഉടമയായ ശക്തിയുടെ പേരാണത്. അവന്റെ ഗുണങ്ങൾ മറ്റൊന്നിനും ഇല്ല. സ്രഷ്ടാവ്, ഉടമസ്ഥൻ, പരിപാലകൻ, നിയന്താവ്, ആരാധ്യൻ, കാരുണ്യവാൻ, യുക്തിജ്ഞൻ, സകലജ്ഞൻ... ഇങ്ങനെ പോകുന്നു അവന്റെ ഗുണങ്ങൾ. ഇതൊന്നും അവകാശപ്പെടാവുന്ന മറ്റാരും ഈ പ്രപഞ്ചത്തിലില്ല; ഉണ്ടാകാവതുമല്ല. കാരണം, ദൈവമല്ലാത്ത ആരും ജീവിപ്പിക്കുകയോ മരിപ്പിക്കുകയോ ചെയ്യുന്നില്ല. മഴ വർഷിപ്പിക്കുന്നതും ജലം തരുന്നതും കാറ്റടിപ്പിക്കുന്നതും സസ്യലദാതികളെ മുളപ്പിക്കുന്നതുമെല്ലാം അവനാണ്. എല്ലാം അവന്റെ നിയന്ത്രണത്തിനു വിധേയം. അവനല്ലാത്തതൊക്കെ അവന്റെ സൃഷ്ടികളാണ്. അവന്റെ ആജ്ഞാനുസാരമല്ലാതെ സൃഷ്ടിലോകത്ത് ഒന്നും സംഭവിക്കുന്നില്ല.

ദൈവം എന്നെന്നും ഉണ്ടായിരിക്കണം എന്നു പറഞ്ഞല്ലോ. അത് ഏകദൈവത്തിന്റെ മാത്രം ഗുണമാകുന്നു. ഒരു നിശ്ചിത ഘട്ടം കഴിഞ്ഞാൽ എല്ലാ സൃഷ്ടികളും നശിക്കും. നശിക്കുന്നതൊന്നും ഏകദൈവമല്ല. ഏകദൈവം മാത്രമാണ് നാശരഹിതനായി അവശേഷിക്കുന്നവൻ. ഉറക്കമോ മയക്കമോ അശ്രദ്ധയോ ബാധിക്കാത്ത അവനെ സംബന്ധിച്ച് പ്രപഞ്ചങ്ങൾ സാക്ഷ്യം വഹിക്കുന്നു, 'അവൻ മാത്രമാണ് ആരാധ്യനായ ഏകദൈവം.'

അവൻ ഏകൻ, അജയ്യൻ. സൃഷ്ടികളിൽ ആരെയും ആശ്രയിക്കാത്തവൻ, അവനെ ആരും സൃഷ്ടിച്ചിട്ടില്ല, അവന് സന്താനങ്ങളുമില്ല, പ്രപഞ്ചത്തിലാരും അവന് സമന്മാരായോ തുണകളായോ ഇല്ല.

മറ്റൊരു ദൈവമെന്ന സങ്കൽപം യുക്തി ക്കിണങ്ങാത്ത കാര്യം. ഒരേ സമയം രണ്ട് ഡ്രൈവർമാർ ഒരു ബസ്സിനെ നിയന്ത്രിക്കുമെന്ന് നാം അംഗീകരിക്കാത്തതുപോലെയാണത്. ഈ പ്രപഞ്ചത്തിന് ഒന്നിലധികം ദൈവങ്ങൾ ഉണ്ടായിരുന്നുവെങ്കിൽ ഇത് മുമ്പെങ്ങാനോ നശിച്ചിട്ടുണ്ടാകുമായിരുന്നു. കാരണം, ഒന്നിലധികം താൽപര്യങ്ങൾ തമ്മിൽ യോജിച്ചുപോവുകയില്ലല്ലോ.

മറ്റു പലതിനും ദിവ്യത്വമുണ്ടല്ലോ എന്ന് ചിലർ എന്നോട് ചോദിച്ചു. അവർ അങ്ങനെ കേട്ടിട്ടുണ്ടത്രെ.

സാരമില്ല, ദൈവം ആരാണെന്നും ദിവ്യത്വം എന്താണെന്നും അറിയാത്ത കുഴപ്പമാണത്. എനിക്ക് തരാനുള്ള ഉത്തരമിതാണ്: സൃഷ്ടിക്കുന്നവനാണ് ദിവ്യത്വത്തിനുടമ. പോകട്ടെ, ജനം ദിവ്യത്വം ഉണ്ടെന്ന് പറയപ്പെടുന്നവർ ആരും ഒരിക്കലും സൃഷ്ടിക്രിയ ചെയ്തിട്ടില്ല. ബോധം, ഇഛ, മനഃസാക്ഷി എന്നൊക്കെ പറയുന്ന ഗുണങ്ങൾ നൽകുവാനും അവർക്ക് സാധിക്കുകയില്ല.

പണ്ട് പ്രവാചകൻ ഇബ്റാഹീം ഇറാഖിലെ നംറൂദ് രാജാവിന്റെ കൊട്ടാരത്തിലേക്ക് ചെന്നു. രാജാവിനെ ഏകദൈവത്തിലേക്ക് ക്ഷണിക്കാനാണ് അദ്ദേഹം ചെന്നത്. അതാണല്ലോ പ്രവാചകന്മാരുടെ ജോലി. ക്ഷണം കേട്ട് രാജാവ് ചോദിച്ചു:

'എന്താണ് നിന്റെ ദൈവം?'
'എന്റെ ദൈവം ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാണ്.'
'അതാണോ വലിയ കാര്യം? ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുമല്ലോ?' അയാൾ പറഞ്ഞു. എന്നിട്ട് രണ്ട് തടവുകാരെ വിളിച്ചുവരുത്തി. അതിൽ ഒരാളെ കൊന്നു. മറ്റേ ആളെ വെറുതെ വിട്ടു. എന്നിട്ട് ഇബ്റാഹീമിനോട് ചോദിച്ചു: 'ഇപ്പോൾ എങ്ങനെയുണ്ട്. നിന്റെ ദൈവം ചെയ്യുന്ന ജോലി ഞാനും ചെയ്യുമെന്ന് നിനക്ക് മനസ്സിലായോ?'

ഇബ്റാഹീം വിട്ടുകൊടുത്തില്ല. അദ്ദേഹം പറഞ്ഞു: എന്റെ ദൈവം സൂര്യനെ കിഴക്കുനിന്ന് ഉദിപ്പിക്കുന്നവനാണ്. നീ അതൊന്ന് പടിഞ്ഞാറുനിന്ന് ഉദിപ്പിക്ക്.'

അതോടെ അയാളുടെ ശബ്ദം അടഞ്ഞു. തല താഴ്ന്നു.
ദൈവം അല്ലാത്തതൊക്കെ സ്വന്തം നിലക്ക് ആർക്കെങ്കിലും ഉപദ്രവമോ ഉപകാരമോ ചെയ്യാനാകാത്ത കേവലം ദുർബല സൃഷ്ടികളാണ്. അവർ ഒരിക്കലും സ്രഷ്ടാവിന് തുല്യരാവുകയില്ല. മനുഷ്യർ ദിവ്യത്വം ചമയുന്നതും ആർക്കെങ്കിലുമത് വകവെച്ചുകൊടുക്കുന്നതുമൊക്കെ ദൈവം പൊറുക്കാത്ത കൊടിയ പാപമാകുന്നു. ദിവ്യത്വം ചാർത്തപ്പെടുന്ന ഇതര ജീവികളാകട്ടെ മനുഷ്യന്റെ ജീവിതാവശ്യങ്ങൾക്കായി ദൈവം സൃഷ്ടിച്ചവയാണ്. ദിവ്യത്വപരമായ വികാരങ്ങൾ അവക്കു നേരെ വെച്ചുപുലർത്തുന്നത് ദൈവധിക്കാരമാണ്.

നമ്മുടെ കണ്ണുകൾ കൊണ്ട് കാണാനാകാത്ത, സൂക്ഷ്മജ്ഞനായ ഏകദൈവത്തിന്റെ ദിവ്യത്വപദവിയിലേക്ക്, സചേതന സൃഷ്ടികളെ ഉയർത്താതിരിക്കുക. അവയൊന്നും ദിവ്യഗുണങ്ങളുള്ളവരല്ല. സ്വന്തത്തെ സഹായിക്കാനും സാധിക്കുന്നവരല്ല. അവയോടുള്ള ആരാധനയും ബഹുമാനവും ദൈവത്തിലേക്കെത്തുകയുമില്ല. പകരവുമാവില്ല. അത്തരം അർഹതയും യോഗ്യതയും ദൈവം സൃഷ്ടികളിൽ ഒന്നിനും നൽകിയിട്ടുമില്ല. എല്ലാം ഏതെങ്കിലും വിധത്തിൽ ദൗർബല്യമുള്ള സൃഷ്ടികൾ. നശിക്കുന്നവർ.

ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുക. അവന്റെ പരമാധികാരത്തിന് വിധേയമായി ജീവിക്കുക. അതത്രെ ഏകദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനം. അത് അവന്റെ അവകാശവും മനുഷ്യന്റെ ബാധ്യതയുമാകുന്നു. അതിന്റെ പൂർത്തീകരണത്തിനാണ് മനുഷ്യനെ ഭൂമിയിൽ തന്റെ പ്രതിനിധികളായി അവൻ നിശ്ച യിച്ചത്.

## 5.
## ദൈവസ്നേഹത്തിന്റെ ഭാവം

പറമ്പിലൂടെ കളിച്ചുനടക്കുകയായിരുന്നു രണ്ട് കുട്ടികൾ. തൊട്ടടുത്ത മരത്തിലെ പൊത്തിൽനിന്നും ഒരു പക്ഷി പറന്നുപോകുന്നത് പെട്ടെന്നാണ് അവർ കണ്ടത്. ഉടനെ അവരിലൊരാൾ മരത്തിൽ കയറി പൊത്ത് പരിശോധിച്ചു.

''കിളിക്കുഞ്ഞുങ്ങളുണ്ടെടേയ്.''
അവൻ താഴേക്ക് നോക്കി വിളിച്ചുപറഞ്ഞു.
''താഴേക്ക് കൊണ്ടുവാ.''
കൂട്ടുകാരൻ ആജ്ഞാപിച്ചു. അഞ്ച് പക്ഷിക്കുഞ്ഞുങ്ങൾ അതാ താഴെയെത്തി.

അൽപം കഴിഞ്ഞ് കുഞ്ഞുങ്ങൾക്കുള്ള തീറ്റയുമായി തള്ളപ്പക്ഷിയെത്തി. കൂട്ടിൽ കുഞ്ഞുങ്ങളെ കാണാതായപ്പോൾ അത് പരിഭ്രമിച്ചു. തന്റെ കുഞ്ഞുങ്ങളെയും തേടി ചിലച്ചുകൊണ്ട് അത് മരത്തിനു ചുറ്റും പാറിനടന്നു. മാതൃസ്നേഹത്തിന്റെ വൈകാരിക രംഗം.

ഈവക ഒരുപാട് പ്രകൃതിദത്തമായ കാഴ്ചകൾ നമുക്കു ചുറ്റും കാണാൻ സാധിക്കും. ഇതിനാണ് സ്നേഹം, കാരുണ്യം എന്നൊക്കെ പറയുന്നത്. എത്ര ക്രൂരമായ ജീവിയുടെ മനസ്സിലുമുണ്ട് ഈ വികാരങ്ങൾ.

ആരാണ് ഈ ഗുണം ജീവികളുടെ മനസ്സിൽ നിക്ഷേപിച്ചതെന്ന് ചിന്തിച്ചിട്ടുണ്ടോ?

ഒരു സംഭവം പറയാം. ഒരിക്കൽ പ്രവാചകൻ മുഹമ്മദ് തന്റെ അനുചരരോടൊത്ത് നടന്നുപോകവേ ഒരിടത്ത് വിശ്രമിക്കാനിരുന്നു. കുറച്ച് കഴിഞ്ഞ് തന്റെ അനുയായികളിലാരോ കുറച്ചകലെ തീക്കൂട്ടിയത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെട്ടു. ഉടനെ അത് കെടുത്തിക്കളയാനും അവിടെ വെള്ളമൊഴിച്ചു തണുപ്പിക്കാനും അദ്ദേഹം ആജ്ഞാപിച്ചു. നോക്കുമ്പോഴുണ്ട് ഉറുമ്പുകൾ ചാലിട്ട് അതുവഴി വരുന്നു.

ഒരു ഉറുമ്പിനെപ്പോലും വലുതായി കാണുന്ന ഈ കാരുണ്യബോധം ആരാണ് നൽകിയത്?

സ്നേഹനിധിയായ ഏകദൈവം തന്നെ. അല്ലാതാര്?
ഏകദൈവം തീരാത്ത സ്നേഹത്തിന്റെ ഉറവിടം. സ്നേഹമാണ് അവന്റെ ഭാവവും ഭാഷയും. അവനുമായുള്ള നമ്മുടെ ബന്ധവും സ്നേഹത്തിന്റേതാണ്.

മനുഷ്യജീവിതം പലതുമായുള്ള സ്നേഹബന്ധത്താൽ അധിഷ്ഠിതമാണ്.
ഏകദൈവത്തോടുള്ള സ്നേഹം....
മനുഷ്യരോടുള്ള സ്നേഹം....
മറ്റു സൃഷ്ടികളോടുള്ള സ്നേഹം.....
പ്രകൃതിയോടുള്ള സ്നേഹം.....

പക്ഷേ, ഏകദൈവത്തെയാണ് ഒരാൾ ഏറെ സ്നേഹിക്കേണ്ടത്. അവനെ സ്നേഹിക്കാതെ അവനുമായുള്ള നമ്മുടെ ബന്ധം യാഥാർഥ്യമാവുകയില്ല.

നാം എന്തിന് ദൈവത്തെ സ്നേഹിക്കണം എന്ന് ഒരാൾക്ക് ചോദിക്കാം. നമ്മുടെ ജീവിതത്തിൽ അതിന് ഒരുപാട് നിമിത്തങ്ങളുണ്ട്. അതായത്, ഏകദൈവം നമുക്ക് ഒരുപാട് അനുഗ്രഹങ്ങൾ ചെയ്തുതന്നിട്ടുണ്ട്. പലവിധത്തിലും നാം അത് അനുഭവിക്കുന്നുമുണ്ട്. അവ എണ്ണിക്കണക്കാക്കാൻ നമുക്കാവില്ല. എന്നാലും പ്രത്യേകമായി ഓർക്കേണ്ട ചിലത് സൂചിപ്പിക്കാം.

അവൻ നമ്മെ സൃഷ്ടിച്ചു. വാസയോഗ്യമായ ഒരു സ്ഥലവും ആവശ്യമായ വിഭവങ്ങളും തന്നു. എന്നിട്ട് നാൽക്കാലികളെപ്പോലെ അലഞ്ഞു ജീവിക്കാൻ വിട്ടില്ല. ജീവിതത്തിന് ഉന്നതമായ ഒരു വ്യവസ്ഥ നമുക്ക് നിശ്ചയിച്ചു തന്നു. ജീവിതത്തിനുള്ള നിയമാവലിയായി വിശുദ്ധ ഗ്രന്ഥം നൽകി. അവന്റെ കൽപനകളെ സംബന്ധിച്ച് പറഞ്ഞുതരാൻ പ്രവാചകന്മാരെ നിയോഗിച്ചു. വിപത്തുകളിൽനിന്നും അനുനിമിഷം അവൻ നമ്മെ കാത്തുരക്ഷിക്കുന്നു. ഇതൊക്കെ നമ്മോടുള്ള അവന്റെ പ്രത്യേക കാരുണ്യമാണ്.

ഇതിനെക്കാൾ എടുത്തുപറയേണ്ട വലിയ സ്നേഹം വേറെയുണ്ട്. നാമത് പ്രത്യേകം ഓർക്കണം. തന്നെ ധിക്കരിച്ചവരും കൊടിയ പാപം ചെയ്തവരും പശ്ചാത്തപിച്ചാൽ അവരുടെ തെറ്റുകളത്രയും അവൻ പൊറുത്തുകൊടുക്കും എന്നതാണത്. അതെപ്പറ്റി അവൻ പറഞ്ഞതിങ്ങനെ: 'നിങ്ങളെന്നോട് പാപമോചനം തേടുക. ഞാൻ നിങ്ങൾക്ക് പൊറുത്തുതരും.' ഇക്കാര്യത്തിൽ പാപിക്കും ദൈവത്തിനുമിടക്ക് ഒരു മധ്യവർത്തിയുടെ ആവശ്യം ഇല്ലാത്ത വിധം വിശാലമാണ് ഏകദൈവത്തിന്റെ സ്നേഹം.

മനഃപൂർവം ചെയ്ത പാപത്തിൽനിന്ന് പശ്ചാത്തപിക്കാത്തവരെ മാത്രമേ അവൻ ശിക്ഷിക്കുകയുള്ളൂ. ഒരാളെ മറ്റൊരാളുടെ കുറ്റത്തിന് ശിക്ഷിക്കുന്ന അനീതി അവൻ ചെയ്യുകയില്ല. മുഴുവൻ ആളുകളുടെ തെറ്റുകൾക്കും ഒരാളെ മാത്രം ശിക്ഷിച്ച് പ്രായശ്ചിത്തം ചെയ്യേണ്ട ഗതികേടും അവനില്ല. അങ്ങനെ വിശ്വസിക്കുന്നതു തന്നെ ദൈവത്തെ ഇകഴ്ത്തലാകുന്നു. ചെയ്യുന്ന തെറ്റുകൾ ബോധപൂർവമാണെങ്കിൽ പരിമിത തോതിൽ മാത്രം അവൻ ശിക്ഷിക്കും. എന്നാൽ നന്മകൾക്ക് പരിധിയില്ലാതെയാണവൻ പ്രതിഫലം നൽകുക.

അവന്റെ ഈ സ്നേഹത്തെ എങ്ങനെ വർണിക്കാനാകും? സൃഷ്ടിയുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു നിർവഹിച്ചുകൊടുക്കുന്നതു തന്നെ അവന്റെ കാരുണ്യവും സ്നേവുമല്ലാതെ മറ്റെന്താണ്?

ഓരോ ജീവിയോടും അതിരറ്റ ദയാവായ്പോടെയാണ് ഏകദൈവം പെരുമാറുന്നത്. സൃഷ്ടികൾ പരസ്പരം കാണിക്കുന്ന ദയാവായ്പും സ്നേഹവുമൊക്കെ അവന്റെ സ്നേഹത്തിൽനിന്നുള്ള ഒരംശമാണ്. ഖുർആൻ വായിച്ചു തുടങ്ങിയപ്പോൾ എന്നെ വിസ്മയിപ്പിച്ച സംഗതി, അതിന്റെ വചനങ്ങൾ ആരംഭിക്കുന്നതു തന്നെ ഏകദൈവത്തിന്റെ കാരുണ്യപ്രഘോഷത്തോടെയാണ് എന്നതാണ്. ''പരമദയാലുവും കരുണാമയനുമായ ദൈവത്തിന്റെ നാമത്തിൽ....

അവന്റെ സ്നേഹം പ്രപഞ്ചങ്ങളെ മുഴുവൻ പുണരത്തക്ക വിധം വിശാലമാണ്. അതിനെ അളക്കാൻ നമുക്കാവില്ല. നേരത്തെ പറഞ്ഞ ജീവികളുടെ സ്നേഹത്തെപ്പോലും അളക്കാൻ നമുക്ക് സാധ്യമല്ലല്ലോ. അതിനെക്കാൾ അനേകം ഇരട്ടിയാണ് ഏകദൈവത്തിന്റെ സ്നേഹം.

വിടർന്നുനിൽക്കുന്ന പൂവിലും കറുത്തിരുണ്ട കാർമേഘങ്ങളിലും ദൈവത്തിന്റെ വിശാല കാരുണ്യവും സ്നേഹവും നമുക്ക് ദർശിക്കാനാകും. പക്ഷേ, ഏകദൈവത്തെ മനസ്സിലാക്കാൻ കഴിയാത്ത മനസ്സുകൾക്ക് അതുൾക്കൊള്ളാനാവില്ല, തീർച്ച.

ഈ സ്നേഹത്തിനും അനുഗ്രഹങ്ങൾക്കും നാം അവനോട് നന്ദി പ്രകടിപ്പിക്കുക തന്നെ വേണം. എങ്കിലേ അവൻ നമ്മിൽ കൂടുതൽ സംപ്രീതനാവുകയുള്ളൂ. പക്ഷേ, നാം എങ്ങനെയാണത് ചെയ്യുക? അതിന് ലഘുവായ ചില രീതികളുണ്ട്. പറയാം.

## 6.
## ദൈവാർച്ചന ഉണ്ടാകൽ

ഇരുൾ വീണു.
മരുഭൂമിയിൽ ഹിംസ്രജീവിതം ഇഴഞ്ഞെത്തി.
മഞ്ഞ് പെയ്തിറങ്ങുന്ന മരുമണലിലൂടെ ഓടുകയായിരുന്നു കുറേ യുവാക്കൾ. അവർ എത്ര പേരുണ്ടെന്ന നിശ്ചയത്തിനു മീതെ രാത്രിയുടെ ഇരുട്ട് മറയിട്ടു.

ഓട്ടത്തിനിടയിൽ എന്തോ ശബ്ദം കേട്ട് അവർ കുറ്റിക്കാടുകൾക്കിടയിൽ മറഞ്ഞു. പകൽ മുഴുവൻ അവർ ഒളിച്ചിരിക്കുകയായിരുന്നല്ലോ.

അവരുടെ ഗന്ധം പിടിച്ചോടുന്ന രാജഭടന്മാരെ അവർ മരുഭൂമണലിൽ വട്ടംകറക്കുകയായിരുന്നു പകൽ മുഴുവൻ.

സ്വസ്ഥമായ ആ ഒളിച്ചിരിക്കലിൽ അവർ അത്താഴത്തിന് ഭാണ്ഡം തുറന്നു. പൊരിച്ച ഇറച്ചിയും റൊട്ടിയും. കാറ്റ് ഇറച്ചിയുടെ ഗന്ധം കോരിയെടുത്ത് അകലേക്ക് കൊണ്ടുപോയി. കാട്ടിലലഞ്ഞു നടന്നിരുന്ന നായ അതിന്റെ അഗ്രം പിടിച്ച് മുൻപോട്ടു കുതിച്ചു. വാസനയുടെ മറുതലക്കൽ വന്ന് അത് ആർത്തി പൂണ്ട് കിതച്ചുനിന്നു.

അവർ നായക്ക് ഒരു കഷണം ഇറച്ചി ഇട്ടുകൊടുത്തു. മരുമണലിൽ വീണ് അതിന്റെ രുചി നീങ്ങും മുമ്പ് നായ അത് വായിലാക്കി. വാലിൽ നന്ദി പ്രകടിപ്പിച്ചു വീണ്ടും കിതച്ചുനിന്നു.

അവർ വീണ്ടും യാത്ര തുടങ്ങി. മുമ്പെങ്ങാനോ ആടിനെ മേയ്ക്കുന്നതിനിടയിൽ കണ്ടിരുന്ന ഗുഹയിലേക്ക് നീങ്ങുകയായിരുന്നു അവർ. അവർക്ക് കാവലായി ആ നായയും കൂടെ നടന്നു.

ആ ഒരു കഷണം ഇറച്ചിയുടെ പേരിൽ ആ നായ കുറേ കാലം അവർക്ക് കാവൽ നിന്നു. ഒടുവിൽ അവരോടൊന്നിച്ച് ജീവൻ വെടിയുകയും ചെയ്തു.

അവിശ്വസനീയം അല്ലേ? സംഗതി ശരിയാണ്. ഗുഹാവാസികൾ എന്ന പേരിൽ ചരിത്രത്തിൽ അറിയപ്പെട്ട ഒരുപറ്റം യുവാക്കളോടൊപ്പം ഒരു നായ ചരിത്രത്തിലേക്ക് കടന്നുവന്നത് അവരതിന് നൽകിയ ഒരു കഷണം ഇറച്ചിയിലൂടെയാണ്.

അത് ദൈവനിശ്ചയം.
ആ കഥ പറയാൻ ഇപ്പോൾ സന്ദർഭമില്ല. പട്ടികൾ അങ്ങനെയാണ്. ആയുഷ്ക്കാലം മുഴുവൻ നന്ദി കാണിക്കാൻ അവയ്ക്ക് ചെറുത് എന്തെങ്കിലും മതി.

നമ്മുടെ കാര്യമോ? ഏകദൈവം എത്ര തന്നെ അനുഗ്രഹിച്ചാലും അതിന് നന്ദി കാണിക്കുന്നതിൽ നാം അശ്രദ്ധരാണ്.

'നന്ദികെട്ടവൻ' എന്ന് ആരെങ്കിലും നമ്മെ ആക്ഷേപിച്ചാൽ നമുക്ക് സഹിക്കില്ല. പ്രത്യേകിച്ച് നാം ആദരിക്കുന്നവരാണ് അത് പറഞ്ഞതെങ്കിൽ തീർന്നു നമ്മുടെ കാര്യം. അതിനാൽ അത്തരക്കാർ നമ്മോട് നീരസപ്പെടാതിരിക്കാനാണ് നാം ശ്രദ്ധിക്കുക.

എന്നാൽ സാക്ഷാൽ യജമാനനായ ഏകദൈവം നമ്മോട് നീരസപ്പെടാതിരിക്കാൻ നാം എന്താണ് ചെയ്യാറുള്ളത്? അവനെ പ്രീതിപ്പെടുത്താനും?

എങ്ങനെയാണ് ദൈവത്തെ പ്രീതിപ്പെടുത്തുക? എന്തിനാണത്?

അൽപം സാവകാശം എനിക്ക് തരിക. ഉത്തരത്തിലേക്ക് എടുത്തുചാടി പെട്ടെന്ന് തീർക്കാൻ ഉദ്ദേശിക്കുന്നില്ല.

നിങ്ങളെ എങ്ങനെ പ്രീതിപ്പെടുത്താമെന്ന് നിങ്ങൾക്കല്ലേ കൂടുതൽ അറിയുക? അതെ. നിങ്ങളുടെ സ്ഥാനവും സ്വഭാവവും മറ്റു കഴിവുകളുമൊക്കെ അതിൽ പരിഗണിക്കണമല്ലോ. അല്ലാത്ത രീതി നിങ്ങളെ നീരസപ്പെടുത്തുകയാണല്ലോ ചെയ്യുക.

ഏകദൈവത്തിന്റെ കാര്യമോ?
തന്റെ അടിമകൾ തന്നെ എങ്ങനെ പ്രീതിപ്പെടുത്തണമെന്ന് തീരുമാനിക്കേണ്ടത് ദൈവം തന്നെയാണ്, അടിമകളായ നാമല്ല. കാരണം, അവനെ സംബന്ധിച്ച കൂടുതൽ ജ്ഞാനം അവനു മാത്രമേയുള്ളൂ. തന്നെ സംബന്ധിച്ച് അവൻ നമുക്ക് പറഞ്ഞു തന്ന ജ്ഞാനം പിന്തുടരുകയാണ് നമ്മുടെ ചുമതല. തന്നെ എങ്ങനെ പ്രീതിപ്പെടുത്തണമെന്ന് അവൻ നിർദ്ദേശിച്ച രീതി അംഗീകരിക്കുകയാണ് വിവേകം.

ഏകദൈവത്തെ പ്രീതിപ്പെടുത്തുന്നതിന് പണ്ടേ കണ്ടു ശീലിച്ച രീതികൾ പിന്തുടരുന്നവരാണ് ലോകത്തെ എല്ലാ ജനവർഗങ്ങളും. ആ രീതിക്ക് അതിന്റേതായ സാമൂഹിക പശ്ചാത്തലങ്ങളുമുണ്ടാകാം. സങ്കൽപങ്ങളും ഐതിഹ്യങ്ങളും മിക്കപ്പോഴും അതിന് മാർഗരേഖയാകാറുമുണ്ട്. അവയെ അവയുടെ വഴിക്ക് വിട്ട് വേറെ ചില കാര്യങ്ങളിലേക്ക് നമുക്ക് പോകാം.

പറഞ്ഞല്ലോ, ദൈവമാണ് തന്നെ സംബന്ധിച്ച് കൂടുതൽ അറിയുന്നവനെന്ന്. അവനെപ്പറ്റി നമുക്ക് കിട്ടിയ അറിവ് വളരെ തുഛമാണ്, സമുദ്രജലത്തിൽ സൂചി മുക്കിയാൽ അതിൽ പറ്റിപ്പിടിക്കുന്ന ജലത്തിന്റെയത്ര മാത്രം. ഈ അറിവിന്റെ അടിസ്ഥാനത്തിൽ ദൈവത്തിന്റെ പദവി നിശ്ചയിക്കുന്നതും അവന്റെ ഇഷ്ടാനിഷ്ടങ്ങൾ നിർണയിക്കുന്നതും അവനെ ആരാധിക്കാനുള്ള മാർഗം കണ്ടെത്തുന്നതും അപകടമാണ്.

തന്റെ മഹത്വവും ഉന്നതിയും, മനുഷ്യരുടെ കഴിവും, തന്നെ പ്രീതിപ്പെടുത്തുന്നതിലൂടെ അവർക്ക് ലഭിക്കേണ്ട പ്രയോജനവും എല്ലാം പരിഗണിച്ച് ഏകദൈവം തന്നെ അതിനൊരു രീതി നിശ്ചയിച്ചിട്ടുണ്ട്. അവൻ ഏകനും സ്രഷ്ടാവും ഉടമയുമാകയാൽ ആ രീതിയിലൂടെ മാത്രമേ ജനം തന്നെ ആരാധിക്കാവൂ എന്നും അവൻ നിഷ്കർഷിച്ചു. മറ്റാരും പങ്കാളികളാവാൻ പാടില്ലാത്ത വിധം പവിത്രമായിരിക്കണം ആ

കർമങ്ങൾ എന്നും അവൻ നിബന്ധന വെച്ചു. ഈ നിബന്ധനക്കപ്പുറത്തെ രീതികൾ സ്വീകാര്യമല്ല എന്നും അവൻ പ്രഖ്യാപിച്ചു.

ജനം തന്നെ വണങ്ങുന്നതിന് ഏകദൈവം നിശ്ചയിച്ച രീതിശാസ്ത്രം അവൻ സുരക്ഷിത രീതിയിൽ മനുഷ്യരെ അറിയിച്ചിട്ടുണ്ട്. അത് പിൻപറ്റലാണ് മനുഷ്യന്റെ ചുമതല.

''അവനെ തന്നെ എന്തിന് ആരാധിക്കണം? അവനോടടുത്ത ഏതിനെയെങ്കിലും ആരാധിച്ചാലും മതിയാവില്ലേ?'' ഒരാൾ എന്നോട് തിരക്കി.

അതിന് നൽകാനുള്ള ഉത്തരം ഇതാണ്: എന്നെ മാത്രമേ നിങ്ങൾ ആരാധിക്കാവൂ, മറ്റാരെയും ആരാധിക്കരുത് എന്ന് മനുഷ്യനോട് കൽപിച്ചത് ഏകദൈവമാണ്. അതിനുവേണ്ടിയാണ് മനുഷ്യനെ സൃഷ്ടിച്ചത്. സ്രഷ്ടാവ് അവനായതിനാൽ അവനെ മാത്രമേ നാം ആരാധിക്കാവൂ.

ഏകദൈവമാണ് എല്ലാറ്റിന്റെയും സ്രഷ്ടാവും ഉടമസ്ഥനും സംരക്ഷകനും. എല്ലാ അനുഗ്രഹങ്ങൾക്കും ഉടയവൻ അവനാണ്. നമ്മുടെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിച്ചുതരുന്നതും അവനാണ്. നമുക്ക് സംരക്ഷണവും അഭയവുമേകുന്നതും അവൻ മാത്രമാണ്. കാരണം, പ്രാപഞ്ചിക പരമാധികാരം അവന്റേത് മാത്രമാണ്. രക്ഷിക്കാനും ശിക്ഷിക്കാനുമുള്ള കഴിവ് അവനു മാത്രമേയുള്ളൂ. കൽപിക്കാനും ശാസിക്കാനുമുള്ള അധികാരവും അവന്റേതാണ്. അവൻ ഉദ്ദേശിച്ചാൽ സംഭവിക്കാത്തതൊന്നും ഈ പ്രപഞ്ചത്തിലില്ല. ചെറുതും വലുതുമായ കാര്യങ്ങൾ മുഴുവൻ അവൻ വീക്ഷിക്കുന്നുണ്ട്. അവനിൽ നിന്ന് ഒന്നും മറച്ചുവെക്കാൻ നമുക്കാവില്ല. അവനെക്കൂടാതുള്ള സകലതും അവന്റെ സൃഷ്ടികളാണ്. സൃഷ്ടികൾ സ്രഷ്ടാവിനോടൊപ്പം ആരാധിക്കപ്പെടുകയില്ലല്ലോ. ഉപരി അവനെ മാത്രം ആരാധിക്കാൻ വേണ്ടിയാണ് അവൻ നമ്മെയും ഇതര ജീവജാലങ്ങളെയും പടച്ചത്. അതിന്റെ തേട്ടമാണ് അവനെ തന്നെ ആരാധിക്കണമെന്നത്.

ഈ വിഷയകമായി ഒരിക്കൽ ഒരു യുവാവിനോട് സംസാരിക്കാനിടയായി. അയാൾ പറഞ്ഞു: 'ദൈവം വേണം. അവനെ ആരാധിക്കുകയും വേണം. പക്ഷേ, അത് അവശ്യഘട്ടങ്ങളിൽ മാത്രം. അത്തരം അവസ്ഥ ഇപ്പോൾ എനിക്കില്ല. നല്ല അവസ്ഥയിലാണ് ഞാൻ. നല്ല ആരോഗ്യം. സർക്കാർ ജോലി. ഉയർന്ന ശമ്പളം. കല്യാണം കഴിഞ്ഞിട്ടില്ല. അതിനാൽ ഉത്തരവാദിത്തവുമില്ല. വീട്ടിലും നല്ല അവസ്ഥയാണ്. മാതാപിതാക്കളും ഉദ്യോഗസ്ഥർ. പിന്നെ ഞാനെന്തിന് ദൈവത്തെ ഓർക്കണം. അതൊക്കെ പ്രയാസമുണ്ടാകുമ്പോഴും പ്രായമാകുമ്പോഴും ചെയ്യാനുള്ളതാണ്. ഏതു നേരവും അവനെ പൂജിക്കാനൊന്നും എനിക്കാവില്ല.'

സഹതാപമായിരുന്നു എനിക്ക്. ഞാൻ ആ യുവാവിനെ ഒന്ന് നോക്കി. ജീവിതം എന്തെന്നറിയാത്ത, തന്നിഷ്ടക്കാരൻ എന്ന് വിളിച്ചു പറയുന്ന പ്രകൃതം. ഞാൻ ചോദിച്ചു:

'നിന്റെ സംസ്ഥാനത്ത് ഒരിടത്ത് കുറച്ചു കലാപകാരികൾ കലാപം അഴിച്ചു വിട്ടു. നിനക്ക് പ്രയാസം തോന്നുകയില്ലേ?' ചോദ്യം കേട്ട് അവൻ തോൾ വെട്ടിച്ചു. പ്രശ്നമില്ല എന്നർഥം.
'നിന്റെ ജില്ലയിൽ അവർ കലാപം അഴിച്ചുവിട്ടു. എങ്കിലോ?'
ഹൊ, അതിലെന്ത് കാര്യം എന്നവൻ അപ്പോഴും ചിരിച്ചു.

'നിന്റെ ഗ്രാമത്തിൽ അവർ കയറി പ്രയാസങ്ങൾ ഉണ്ടാക്കി. എങ്കിൽ?'
'അപ്പോൾ ശ്രദ്ധിക്കണം. അവർ ചിലപ്പോൾ എന്റെ വീട്ടിലും കയറും.'
'അവർ നിന്റെ വീട്ടിൽ കയറുക തന്നെ ചെയ്തു. എങ്കിൽ?'

ഞാൻ അത് പറഞ്ഞു തീരും മുമ്പായി അവന്റെ ഉത്തരം വന്നു, 'അപ്പോൾ പ്രതിരോധിക്കുക തന്നെ വേണം. അവരെ അങ്ങനെ വിടാൻ പറ്റില്ല.'

'അങ്ങനെയാണെങ്കിൽ അവർ നിന്റെ വീട്ടിൽ കയറുന്നതിനു മുമ്പ്, നിന്റെ ഗ്രാമത്തിലേക്ക് കടക്കുന്നതിനു മുമ്പ്, നന്നെ ചുരുങ്ങിയത് നിന്റെ ജില്ലയിൽ കടന്ന ഉടനെയെങ്കിലും അവരെ പ്രതിരോധിക്കുകയായിരുന്നില്ലേ ബുദ്ധി?'
'അതെ.' അവൻ തലയാട്ടി.
ചിന്ത അവന്റെ മുഖത്ത് നിഴലിട്ടു.

ആരോഗ്യമുള്ളപ്പോഴും സമ്പന്നതയുള്ളപ്പോഴും സന്തോഷമുള്ളപ്പോഴും അവനോട് പ്രാർഥിച്ചെങ്കിൽ മാത്രമേ അതൊന്നുമില്ലാത്ത നമ്മുടെ അവശ്യഘട്ടങ്ങളിൽ അവനോട് പ്രാർഥിച്ചാൽ അവൻ സ്വീകരിക്കുകയുള്ളൂ.

ദൈവം സ്നേഹമുള്ളവനായതുപോലെ ശക്തമായ കോപവും ഉള്ളവനാണ്. പക്ഷേ, അവൻ വെറുതെ കോപിക്കുകയില്ല. നാം തന്നെ ഉണ്ടാക്കുന്ന കാരണങ്ങൾ കൊണ്ടാണ് അവൻ കോപിക്കുന്നത്. അത് എപ്പോഴും സംഭവിക്കാം. അവൻ കോപിച്ച ശേഷം അത് നീക്കിക്കളയാൻ പ്രാർഥിക്കുന്നതിനെക്കാൾ നല്ലത് അവൻ കോപിക്കാതിരിക്കാനാണ് നോക്കേണ്ടത്. ചികിത്സയെക്കാൾ നല്ലത് പ്രതിരോധമാണ് എന്ന് കേട്ടിട്ടില്ലേ? അതുതന്നെയാണ് കാര്യം.

അർച്ചനയും പ്രാർഥനയുമൊക്കെ അവനു മാത്രമായിരിക്കണമെന്ന് പറയുന്നത് സ്രഷ്ടാവും ഉടമയും അധികാരിയും അവനായതുകൊണ്ടാണ്. പറഞ്ഞല്ലോ, അതവന് സൃഷ്ടികളിൽനിന്ന് ലഭിക്കേണ്ട അവകാശമാണെന്ന്. അതിൽ മറ്റുള്ളവരെ പങ്കാളികളാക്കുന്നത് സൃഷ്ടിതാൽപര്യത്തിന് വിരുദ്ധമാണ്. അവൻ കോപിക്കുന്ന പാതകവുമാണ്.

നമ്മുടെ അർച്ചനയിൽ മറ്റാർക്കും പങ്ക ങ്കുണ്ടാകരുത്. നമ്മെക്കാൾ താഴ്ന്നതിനെയോ സമമായതിനെയോ ആരാധിക്കാൻ മാത്രം തരംതാഴ്ന്നവരല്ലല്ലോ നാം. ഏകദൈവം ആദരിച്ച സൃഷ്ടികളാണ്.

ദൈവത്തിന്റെ പരമാധികാരവും ഏകത്വവും നാം പൂർണമനസ്സോടെ അംഗീകരിക്കുക. എന്നിട്ട് അവന്റെ നിയമങ്ങൾക്കനുസൃതമായി ജീവിക്കുക. നാം അനുഭവിക്കുന്ന ദൈവാനുഗ്രഹങ്ങൾക്കുള്ള നമ്മുടെ കൂറ് അങ്ങനെയാണ് നാം പ്രകടിപ്പിക്കേണ്ടത്. അപ്പോൾ മാത്രമേ അവൻ പ്രീതിപ്പെടുകയുള്ളൂ. എന്നാൽ അതിന് ചില വ്യവസ്ഥയും രീതികളുമൊക്കെയുണ്ട്.

എന്താണ് ആ രീതികൾ?
ആവക കാര്യങ്ങൾ മനുഷ്യന് അറിയുമായിരുന്നില്ല. സ്വയം കണ്ടെത്തുവാനും സാധിക്കുമായിരുന്നില്ല. അക്കാര്യങ്ങൾ മനുഷ്യരെ പഠിപ്പിക്കാനാണ് ഏകദൈവം പ്രവാചകന്മാരെ നിയോഗിച്ചത്.

മനുഷ്യനായതുകൊണ്ട് നമുക്ക് എന്തിനും തിരഞ്ഞെടുപ്പവകാശമുണ്ടല്ലോ. ആ സ്വാതന്ത്ര്യം ഉപയോഗപ്പെടുത്തി നമുക്ക് ചോദിക്കാം, ഇല്ലെങ്കിലോ? വേണ്ടാ. നമുക്ക് തോന്നിയതുപോലെ ജീവിക്കാം. പക്ഷേ, അതുകൊണ്ട് ഏകദൈവത്തിന് ഒന്നും സംഭവിക്കുകയില്ല. സംഭവിക്കുന്നത് നമുക്കു തന്നെയാണ്. നന്ദികേടിനു പകരമായി ജീവിതപരാജയം ഏറ്റുവാങ്ങുക. മറുലോകത്തോ കടുത്ത നരകയാതനയും. അതംഗീകരിച്ചാലോ? അത് നമ്മുടെ തന്നെ ഗുണത്തിനായിരിക്കും.

# പ്രവാചകന്മാർ ആഗതരായത്

നിറഞ്ഞ കാട്. പുഷ്പങ്ങളുടെ നറുമണം കാറ്റിൽ പരന്നു.......
കാട് നിറയെ പലതരം ജീവികൾ. അവ കാട്ടിൽ നിർഭയം ജീവിച്ചു......

ആ കാട്ടിൽ ആറു മനുഷ്യർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഭൂമിയിലെ ആദ്യത്തെ സമൂഹം. ആദമും ഹവ്വയും അവരുടെ നാല് മക്കളും.

ഖാബീലാണ് മക്കളിൽ മൂത്തവൻ. അനുജൻ ഹാബീൽ. അവൻ നല്ല കുട്ടിയായിരുന്നു. അത്ര ചെറിയ കുട്ടിയൊന്നുമല്ല, രണ്ടു പേരും യുവാക്കൾ. രണ്ടുപേർക്കും രണ്ടു സഹോദരികൾ. ലോകത്ത് വേറെ മനുഷ്യരുണ്ടായിരുന്നില്ല. അതിനാൽ വംശം നിലനിർത്താൻ അവർ അവരുടെ സഹോദരിമാരെ വേളി കഴിക്കേണ്ടിയിരുന്നു.

ഖാബീൽ വേളികഴിക്കേണ്ട പെൺകുട്ടി കാണാൻ അത്ര പോരാ. മറ്റേ കുട്ടിയാണ് മൊഞ്ചത്തി. ഖാബീലിന് അവളെ കിട്ടണം. അത് നിയമലംഘനമാണ്. സഹോദരന്മാർ രണ്ടു പേരും തമ്മിൽ തർക്കമായി.

എന്താ ഒരു പരിഹാരം? ഖാബീൽ തലപുകഞ്ഞാലോചിച്ചു. അത്തരം കുതന്ത്രങ്ങളൊന്നും ചെയ്തുള്ള പരിചയമോ കേട്ടുകേൾവിയോ ഇല്ലാത്ത കാലം. ഒടുവിൽ പിശാച് രംഗത്തെത്തി. ഹാബീലിനെ കൊല്ലുക. പിശാച് പറഞ്ഞു.

വാശിയായിരുന്നു ഖാബീലിന്. അയാൾ സഹോദരനെ കൊല്ലാൻ തന്നെ തീരുമാനിച്ചു. അതിനുള്ള സന്ദർഭവും കാത്ത് അവൻ കാടു ചുറ്റിനടന്നു.

കാറ്റേറ്റ് ഒരിടത്ത് കിടന്നുറങ്ങുകയായിരുന്നു ഹാബീൽ. ദൂരെ വെച്ചു തന്നെ ഖാബീൽ അത് കണ്ടു. ഇതു തന്നെ തക്കം. പക്ഷേ, എങ്ങനെയാണത് ചെയ്യുക? എന്താണൊരു ആയുധം? അവൻ ചുറ്റും നോക്കി. അതാ, ഒരു കഴുതയുടെ താടിയെല്ല്. അവൻ ഉടനെ അതെടുത്ത് അനുജന്റെ നേരെ മെല്ലെ നടന്നടുത്തു. പെട്ടെന്ന് ഒരു കല്ലിൽ തട്ടി അവൻ വീണു. ശബ്ദം കേട്ട് ഹാബീൽ ഉണർന്നു. രംഗം അത്ര സുഖകരമല്ല. സഹായത്തിന് അടുത്ത് ആരുമില്ല. അവൻ ഒന്ന് പരിഭ്രമിച്ചു.

സംഗതി അവന് മനസ്സിലായി. ചേട്ടൻ തന്നെ കൊല്ലാനാണ് ഭാവം എന്നു തിരിച്ചറിഞ്ഞ ഹാബീൽ പറഞ്ഞു: 'ചേട്ടാ, നീ എന്നെ കൊല്ലുന്നെങ്കിൽ കൊന്നോളൂ. പക്ഷേ, പ്രതികാരത്തിനായി ഞാൻ എന്റെ കൈ നിന്റെ നേരെ പൊക്കില്ല, തീർച്ച. ഞാൻ മരിച്ചാൽ ആ പാപം കൂടി നീ ഏറ്റെടുക്കണം.'

സംഗതി നടന്നു.
ചേട്ടൻ അനുജനെ കൊന്നു. ഭൂമിയിലെ ആദ്യത്തെ മനുഷ്യകൊലപാതകം. അതും ഒരു പെണ്ണിനു വേണ്ടി.

മിദ്യാന്യരെ പറ്റി കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ചെറിയ വിവരണം തരാം.
ചെങ്കടൽതീരത്ത് കൂത്താടി ജീവിച്ചിരുന്ന ശക്തരായ വർത്തകപ്രമുഖരായിരുന്നു അവർ. ചരിത്രത്തിൽ അറിയപ്പെട്ട അപൂർവം സൗഭാഗ്യവാന്മാർ. നല്ല കായികബലം, സമ്പത്ത്, ജനബാഹുല്യം എന്നിവയാൽ ഏകനായ ദൈവം അവരെ ഏറെ അനുഗ്രഹിച്ചിരുന്നു. പക്ഷേ, അവർ ജീവിതത്തിൽ അൽപം പോലും വിശുദ്ധി പുലർത്തിയിരുന്നില്ല. കയ്യൂക്കുള്ളവൻ കാര്യക്കാരൻ. അതായിരുന്നു അവരുടെ സ്ഥിതി. പിടിച്ചുപറിയായിരുന്നു നിത്യതൊഴിൽ. പൂഴ്ത്തിവെപ്പും കരിഞ്ചന്തയും അവരുടെ വ്യവസായത്തിന്റെ ജീവനായിരുന്നു. കൃത്രിമ അളവ്-തൂക്കങ്ങളായിരുന്നു കച്ചവടത്തിന്റെ മാനദണ്ഡം. അതോടൊപ്പം എല്ലാ അനുഗ്രഹങ്ങളും നൽകിയ ദൈവത്തെ അവർ ധിക്കരിച്ചു. അവനെ അവർ വെല്ലുവിളിച്ചു. കെട്ട സാമൂഹിക ജീവിതം നയിക്കുകയായിരുന്നു അവർ.

ഒടുവിൽ, അവരെ സംസ്കരിക്കുന്നതിന് ഏകദൈവം ഒരു പ്രവാചകനെ അയച്ചു. ശുഐബ്. അവരുടെ തന്നെ നാട്ടുകാരനും അവർക്കൊക്കെ പ്രിയപ്പെട്ടവനുമായിരുന്നു അദ്ദേഹം.

അദ്ദേഹം അവരെ വർഷങ്ങളോളം ഉപദേശിച്ചു. എന്നിട്ടെന്തു ഫലം? അവർ അദ്ദേഹത്തെ ധിക്കരിച്ചു. ദൈവത്തെ വെല്ലുവിളിച്ചു. നന്മയുടെ കണികയറ്റ അവർക്ക് ഏകദൈവം വീണ്ടും വിഭവങ്ങളും കാലാവധിയും നൽകി. പക്ഷേ, അവർ നന്മ കൈക്കൊള്ളാൻ തയാറായിരുന്നില്ല.

ഏകദൈവം നൽകിയ എല്ലാ സൗഭാഗ്യവും ആസ്വദിച്ച് അവനോട് ധിക്കാരം പ്രവർത്തിച്ച ആ ജനത്തെ ഒടുവിൽ ദൈവം ചരിത്രത്തിന് പാഠമേകും വിധം നശിപ്പിച്ചുകളഞ്ഞു. ഒറ്റ പ്രകമ്പനമേ അതിന് വേണ്ടി വന്നുള്ളൂ. അതോടെ ശക്തിയുടെയും പ്രതാപത്തിന്റെയും ഹുങ്കിൽ ജീവിതം നയിച്ച അതികായന്മാരായ ആ ജനം തങ്ങളുടെ നഗരത്തോടൊപ്പം മണ്ണിലമർന്നു.

ഏകദൈവത്തിന്റെ ശക്തിക്കു മുമ്പിൽ മനുഷ്യൻ എത്ര നിസ്സാരൻ. എല്ലാ കഴിവും ശക്തിയും പ്രതാപവും അവന്റേതു മാത്രം.

ചെയ്യാൻ പറ്റാത്തതെന്ത് എന്ന തിരിച്ചറിവ് നഷ്ടപ്പെട്ട കാലമാണിതെന്ന് തോന്നുന്നു. സ്വന്തം സഹോദരിയോടും മക്കളോടും എന്ത് അവിഹിതവുമാകാമെന്ന ധാർഷ്ട്യം നിറഞ്ഞ കാലഘട്ടം. നന്മയോടും തിന്മയോടുമുള്ള മനുഷ്യന്റെ കാഴ്ചപ്പാട് മാറിയോ? അതോ, ഒരു ഫാഷനു വേണ്ടി സ്വയം മറന്ന് നാൽക്കാലി ജീവിതവും ആകാമെന്നു വെച്ചതോ?
അറിയില്ല.

എന്റെ അന്വേഷണത്തിനിടയിൽ ബോധ്യപ്പെട്ട ഒരു സംഗതി നിങ്ങളുടെ മുമ്പിൽ സൂചിപ്പിക്കുകയാണ്. മനുഷ്യജീവിതത്തിൽ അനിവാര്യമായും ഉണ്ടാകേണ്ട ഗുണമാണ് ധാർമികബോധം. അത് സങ്കൽപമല്ല, മൃഗങ്ങളിൽനിന്നും നാൽക്കാലികളിൽനിന്നുമൊക്കെ ഏറെക്കുറെ വേർപ്പെട്ട, ഉയർന്ന മാനസികാവസ്ഥ തനിക്കുണ്ടെന്ന് തോന്നിക്കാനെങ്കിലും അത് വേണം.

മനുഷ്യനും ശാന്തിയും സമാധാനവുമേകുന്നതിനുള്ള ദൈവിദാനമാണ് ധാർമികബോധം. ദൈവികനിർദ്ദേശങ്ങളാണ് അതിന്റെ അടിസ്ഥാനം. പക്ഷേ, ഒരു സാംഗത്യമുണ്ട്. എങ്ങനെയാണ് മനുഷ്യർ ദൈവ നിർദ്ദേശങ്ങളെപ്പറ്റി ആദിയിൽ അറിഞ്ഞിട്ടുണ്ടാവുക? അവരുടെ പക്കൽ അതറിയാനുള്ള സംവിധാനങ്ങളൊന്നും അന്ന് ഉണ്ടായിരുന്നില്ലല്ലോ.

ദൈവം കാരുണ്യവാനാണ്. അത്തരം ഒരു നിസ്സഹായതയിൽ അവൻ മനുഷ്യനെ വിട്ടില്ല. അവൻ തന്നെ അതിന് ഒരു പോംവഴി നിശ്ചയിച്ചു. അവൻ മനുഷ്യരിൽനിന്ന് പ്രവാചകന്മാരെ തിരഞ്ഞെടുത്ത് അവരിലേക്കയച്ചു.

ചിലർ അവരെ അവതാരങ്ങൾ എന്നു പറയാറുണ്ട്. അത് ശരിയല്ല. പ്രവാചകന്മാർ അവതാരങ്ങളല്ല. ദൈവത്തിന്റെ രൂപഭേദവുമല്ല. നമ്മെപ്പോലുള്ള മനുഷ്യരായിരുന്നു അവരും. ദൈവത്തിന് ഏറെ പ്രിയപ്പെട്ട ദൈവദാസന്മാരാണ് പ്രവാചകന്മാർ. തികഞ്ഞ പാപമുക്തികളും വിശ്വസ്തരും ജനത്തോട് ഗുണകാംക്ഷയുള്ളവരും.

ദൈവം അവരോട് സംസാരിച്ചു. ലോകത്ത് നടപ്പാക്കേണ്ട നീതിസാരങ്ങളും മൗലികതത്വങ്ങളും സദാചാരനിയമങ്ങളും ഒക്കെ അവരെ പഠിപ്പിച്ചു. അതിനൊത്ത് ജീവിച്ചാൽ ലഭിക്കുന്ന അനന്തരഫലങ്ങളെന്തെന്ന് അവരെ അറിയിച്ചു. എന്തിനെന്നോ? ജനം അതനുസരിച്ച് ജീവിക്കാൻ. അതുവഴി ലോകത്ത് ശാന്തിയുണ്ടാക്കാൻ. മറുലോകത്ത് മുക്തി ലഭിക്കാൻ. ദൈവത്തിന്റെ അഭിലാഷമാണത്.

ഇതിനെയൊക്കെ നിഷേധിച്ചു നമുക്ക് ഇങ്ങനെ ചോദിക്കാം, ഇതുതന്നെയല്ലേ അവതാരങ്ങളും ചെയ്തത്?

വിവിധ മുഖങ്ങളുള്ള ഒരു ചോദ്യമാണിതെന്ന് ഞാൻ ആദ്യമേ സമ്മതിക്കുന്നു. എനിക്ക് തരാനാകുന്ന ലളിതമായ ഉത്തരം ഇതാണ്: ഒരു കാര്യം നടപ്പിൽ വരുത്തുന്നതിനു വേണ്ടി ദൈവം ഒരു രൂപം ധരിച്ചു ഭൂമിയിൽ അവതരിച്ചു എന്നു പറയുന്നതും വിശ്വസിക്കുന്നതും ഏകദൈവവിശ്വാസത്തിന്റെ വിശുദ്ധിക്ക് ചേർന്നതല്ല. അവന്റെ ശക്തി–പ്രതാപങ്ങൾക്ക് ചേർന്നതുമല്ല. അതിനെല്ലാമുപരി ശക്തി–പ്രതാപങ്ങൾക്ക് ഉടയവനാണവൻ. ഒരു കാര്യം സംഭവിക്കാൻ അവന് അക്കാര്യം ഉദ്ദേശിക്കുകയേ വേണ്ടതുള്ളൂ. അത് സംഭവിക്കുകയായി.

അവതാരങ്ങൾ എന്ന വിശ്വാസം ദൈവത്തെ മനുഷ്യന്റെ പദവിയിലേക്ക് ഇറക്കിവെക്കുന്നതിനു തുല്യമാണ്. കാരണം, അവതാരങ്ങൾ ഭൂമിയിൽ മനുഷ്യരായി ജന്മംകൊണ്ടു എന്നാണല്ലോ പുരാണം. പല കാര്യങ്ങൾക്കും മനുഷ്യസഹജമായ നിസ്സഹായതയുള്ളവരായിരുന്നു. ഒടുവിൽ ഈ ഭൂമിയിൽ വെച്ചു തന്നെ അവർ മരിക്കുകയും ചെയ്തു.

മരിക്കുന്നവനാണോ ദൈവം? നിസ്സഹായനാണോ ദൈവം? അത്തരം ന്യൂനതകളിൽനിന്ന് മുക്തനാണവൻ. എന്നാൽ, ദൈവിക നിർദ്ദേശങ്ങൾ യഥാവിധം മനുഷ്യർക്ക് മനസ്സിലാകുവാനും അവർ അതിന്റെ അനുഷ്ഠാനത്തിൽ ഏർപ്പെടുവാനും മനുഷ്യൻ തന്നെയാണല്ലോ മാതൃകയായി മുമ്പിൽ വേണ്ടത്. മനുഷ്യർക്കല്ലേ മനുഷ്യന്റെ വികാരം മനസ്സിലാവുകയുള്ളൂ. അതിനാലാണ് ദൈവം മനുഷ്യരെ തന്നെ പ്രവാചകന്മാരായി നിയോഗിച്ചത്.

പ്രവാചകന്മാരെ അംഗീകരിക്കുന്നത് ഏകദൈവവിശ്വാസത്തിന്റെ ഭാഗമാണ്. മനുഷ്യർക്കും ദൈവത്തിനും ഇടയിലുള്ള വിശ്വസ്തരായ മീഡിയകളാണ് അവർ. അവരില്ലാതെ ദൈവിക ലോകകാര്യങ്ങൾ മനുഷ്യർ അറിയുകയില്ല. അതിനു മാത്രം മനുഷ്യന്റെ ചിന്തയും ബുദ്ധിയും വളർന്നിട്ടില്ല.

പ്രവാചകന്മാരെ ഒഴിവാക്കിക്കൊണ്ട് ദൈവിക കാര്യങ്ങളെപ്പറ്റി ചിന്തിച്ച എനിക്ക് കുറേ മറുചോദ്യങ്ങളാണ് തോന്നിയത്. അവ നിങ്ങളുമായി പങ്കുവെക്കട്ടെ.

നന്മ ചെയ്ത് ജീവിക്കണമെന്നാണല്ലോ മനുഷ്യജന്മം ആവശ്യപ്പെടുന്നത്. എന്നാൽ മനുഷ്യൻ സ്വന്തം നന്മയെ പറ്റിയല്ലേ ചിന്തിക്കുകയുള്ളൂ? അതാകട്ടെ ചിലപ്പോൾ മറ്റുള്ളവർക്ക് ദോഷമായെന്നും വരാം. അത് ശരിയല്ല. ഒരാളുടെ നന്മ മറ്റുള്ളവർക്കും നന്മയാകണം. പക്ഷേ, ശരാശരി മനുഷ്യമനസ്സ് ഉൾക്കൊള്ളുന്നതല്ല അത്. അവനവന്റെ കാര്യം അവനവന് വലുത്. ഈ സ്വാർഥം എങ്ങനെ സംസ്കരിക്കപ്പെടും?

നന്മയുടെയും തിന്മയുടെയും ആത്യന്തിക ഫലങ്ങളെക്കുറിച്ച് മനുഷ്യന് അറിവുണ്ടാകണം. എങ്കിലേ അവൻ നിസ്വാർഥമായി നന്മ ചെയ്യുകയുള്ളൂ. പക്ഷേ, അവനെ അക്കാര്യം ആർ തെര്യപ്പെടുത്തും?

താൻ ആരെന്നും താനും ദൈവവും തമ്മിലുള്ള ബന്ധം എന്തെന്നും മനുഷ്യന് ബോധ്യമാകണം. എങ്കിൽ മാത്രമേ അവൻ ദൈവത്തെ അനുസരിക്കുകയുള്ളൂ. പക്ഷേ, അവനെ അക്കാര്യം ആർ ബോധ്യപ്പെടുത്തും?

പരലോക കാര്യങ്ങളെക്കുറിച്ചും അവന് അറിവുണ്ടാകണം. എങ്കിലേ മനുഷ്യന് ദൈവഭയവും നന്മയോട് പ്രതിപത്തിയും ഉണ്ടാവുകയുള്ളൂ. പക്ഷേ, അക്കാര്യം അവനെ ആർ പഠിപ്പിക്കും?

ഈവക കാര്യങ്ങൾ മനുഷ്യരെ പഠിപ്പിക്കുന്നതിനു വേണ്ടിയാണ് പ്രവാചകന്മാർ വന്നത്. പ്രവാചകരെ ക്കൂടാതെ നമുക്കതൊന്നും മനസ്സിലാക്കാനാവില്ല. കാരണം, ഇതൊക്കെ ഏകദൈവത്തിന്റെ ജ്ഞാനമാകുന്നു. അവനോ, തന്റെ പ്രവാചകന്മാരിലൂടെ മാത്രമേ അത് മനുഷ്യരെ അറിയിച്ചിട്ടുള്ളൂ.

ലോകത്ത് പ്രവാചകന്മാർ വന്നത് സത്യം. ദുഷ്ടരെന്നു കരുതി ആരെയും അവർ നിഗ്രഹിച്ചില്ല. ഏകദൈവം അതിനനുവദിച്ചതുമില്ല. പകരം ദുഷ്ടരെ സംസ്കരിക്കരിച്ചെടുത്തു. ദൈവിക കൽപനകളനുസരിച്ച് എങ്ങനെ ജീവിക്കണമെന്ന് അവരെ പഠിപ്പിച്ചു. അവരോ, ലോകത്തെ ഉന്നതസംസ്കാരത്തിന്റെ വാഹകരും ഏകദൈവത്തിന് പ്രിയപ്പെട്ടവരുമായി മാറി. മനുഷ്യവിമോചകരാണ് ദൈവദൂതന്മാർ.

ദൈവദൂതന്മാർ ആഗതരാകാത്ത കാലവും ജനതയും ചരിത്രത്തിനജ്ഞാതം. ഏകദൈവത്തിന്റെ പ്രത്യേക കാരുണ്യമാണത്. തന്റെ ദാസന്മാർ വഴികേടിലകപ്പെട്ട് ശിക്ഷിക്കപ്പെടരുതെന്ന അവന്റെ ദയാവായ്പ്.

നോഹ, അബ്രഹാം, മോശെ, യേശു, മുഹമ്മദ് മുതലായ പ്രവാചകന്മാർ വിവിധ കാലഘട്ടങ്ങളിൽ ജന സംസ്കരണത്തിനാഗതരായ ദൈവദൂതന്മാരായിരുന്നു. അവരൊക്കെ ജനത്തെ പഠിപ്പിച്ചത് ഒരേ കാര്യമായിരുന്നു: ''നിങ്ങൾ ഏകനായ ദൈവത്തിന് മാത്രം കീഴ്‌വണങ്ങി ജീവിക്കുക. അവനല്ലാതെ നിങ്ങൾക്ക് ദൈവമില്ല.''

ദൈവദൂതന്മാരെ ആരാധിക്കുവാനോ അവരോട് പ്രാർഥിക്കുവാനോ പാടില്ല. ദൈവം അതിന് കൽപിച്ചിട്ടില്ല. അങ്ങനെ ചെയ്യുന്നത് അവൻ പൊറുക്കാത്ത പാതകമാണ്. അങ്ങനെ ചെയ്തവരോട് ദൈവം കോപിക്കുകയും വഴികേടിലായവർ എന്ന് അവരെപ്പറ്റി വിധിക്കുകയും ചെയ്തു. കാരണം, അവരാരും ദിവ്യത്വത്തിൽ പങ്കുള്ളവരായിരുന്നില്ല. അവർ നമ്മുടെ ആത്മീയഗുരുനാഥന്മാർ മാത്രമാണ്. അവർ പഠിപ്പിച്ചുതന്നത് പിൻപറ്റി ഏകദൈവത്തിന് കീഴ്‌വണങ്ങുകയാണ് നേർവഴി. അവരെ ധിക്കരിക്കുന്നതോ, ദൈവത്തെ ധിക്കരിക്കലാകുന്നു.

അവരിൽ അവസാനത്തെയാളാണ് മുഹമ്മദ്. അവസാനത്തെ പ്രവാചകൻ. ലോകത്തിനുള്ള കാരുണ്യം. അങ്ങനെയാണ് ദൈവം അദ്ദേഹത്തെ വിശേഷിപ്പിച്ചത്. മനുഷ്യലോകത്തിന് അവൻ അവസാനമായി നിയോഗിച്ച സാന്മാർഗിക ഗുരുനാഥനാണ് അദ്ദേഹം.

ഇവിടെ ഒരു വിരോധാഭാസമുണ്ട്. മുഹമ്മദ് അവസാനത്തെ പ്രവാചകനും ലോകത്തിനാകെയുള്ള അന്ത്യഗുരുവുമാണെന്ന് എല്ലാവർക്കും അറിയാം. സംസാരിക്കുമ്പോൾ എല്ലാവരും അത് സമ്മതിക്കാറുണ്ട്. എല്ലാ മതഗ്രന്ഥങ്ങളും അദ്ദേഹത്തെ ആ അർഥത്തിൽ പരാമർശിച്ചിട്ടുണ്ട്. എന്നിട്ടും, അദ്ദേഹത്തിന്റെ അധ്യാപനങ്ങളെ പിൻപറ്റാൻ എന്തോ മടി. ചിലരാകട്ടെ, കൽക്കി എന്ന അവതാരം വരുമെന്ന അവകാശവാദത്തിലുമാണ്.

കൽക്കിയെക്കുറിച്ച് ദീർഘദർശനം ചെയ്തവർ ഇന്നില്ല. ഉണ്ടായിരുന്നെങ്കിൽ കൽക്കിയെ കാത്തുനിൽക്കുന്നവരോട് അവർ ഇങ്ങനെ പറയുമായിരുന്നു: ''ജനങ്ങളേ, അറേബ്യൻ മണലാരണ്യത്തിൽ അങ്ങനെ ഒരു മഹാൻ വന്നിരുന്നു, ആയിരത്തിനാനൂറിലധികം കൊല്ലങ്ങൾക്ക് മുമ്പ്. കൽക്കിയെ കുറിച്ച് ദീർഘദർശനം ചെയ്ത കാര്യങ്ങളും മുഹമ്മദിന്റെ സവിശേഷതകളും തമ്മിൽ ഒന്ന് താരതമ്യം ചെയ്തു നോക്കൂ. അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും, മുഹമ്മദാ(മഹാമദ)ണ് നിങ്ങൾ കാത്തിരിക്കുന്ന കൽക്കിയെന്ന്.''

സംഗതിയിലെ മനസ്സിലാകാത്ത വശം അവിടെയുമല്ല. വിപുലമായ തോതിൽ ആധുനിക മീഡിയകളും സംവിധാനങ്ങളും വസ്തുത അറിയുന്നവരും ഒക്കെ ഉണ്ടായിട്ടും ആളുകൾ പ്രവാചകൻ മുഹമ്മദിനെ കൂടുതൽ മനസ്സിലാക്കാനും അംഗീകരിക്കാനും മുതിരുന്നില്ല എന്നതാണ് വൈപരീത്യം.

പ്രവാചകാദ്ധ്യാപനങ്ങളിൽനിന്നന്നു മാത്രമേ നമുക്ക് ധർമ്മത്തെയും അധർമ്മത്തെയും കുറിച്ച് അറിയാൻ സാധി ക്കുകയുള്ളൂ. ജീവിതത്തിൽ അതിന്റെ സ്വാധീനവും എന്തെന്ന് മനസ്സിലാവുകയുള്ളൂ. ഇല്ലെങ്കിൽ വിലക്കുകളും അരുതായ്മകളും ഇല്ലാത്ത അനിയന്ത്രിത ജീവിതമായിരിക്കും നയിക്കേണ്ടിവരിക. അത് ലോകത്തിന് എത്രമാത്രം പ്രയാസമുണ്ടാക്കുമെന്ന് പറയേണ്ടതില്ലല്ലോ.

## 8.
## മറുലോകത്തിന്റെ പ്രസക്തി

മൂവന്തിയുടെ നരച്ച തമസ്സ് മെല്ലെ അരിച്ചിറങ്ങി....
പകൽ കെട്ടടങ്ങി....
തപ്തചിന്തകളെ നിദ്രയിൽ മറക്കാനുള്ള തിടുക്കം ....
അമ്മ ചിന്തയുടെ ഏതോ ഗഹ്വരത്തിൽ വേപഥു പൂണ്ടിരിക്കുകയായിരുന്നു.

നെടുവീർപ്പിൽ പൊതിഞ്ഞ പരിഭവത്തോടെ അവർ തിരക്കി: ''ഇന്റെ മോന്റെ സ്ഥിതി എന്താന്ന് ആർക്കറിയാ?''

ഏകമകൻ നഷ്ടപ്പെട്ട ഒരമ്മയുടെ വിങ്ങുന്ന മനസ്സിന് സമാധാനമേകാൻ പെട്ടെന്ന് ആർക്കും സാധിക്കില്ല. കുഴിമാടത്തിലെയോ പരലോകത്തിലെയോ സ്ഥിതിഗതികൾ അറിഞ്ഞു തിരിച്ചുവന്നവർ ലോകത്ത് ആരുമില്ല. പിന്നെ ആ അമ്മയുടെ വിലാപത്തിന് ആർ, എന്ത് മറുപടി നൽകും?

എന്തായിരിക്കും മരണാനന്തര സ്ഥിതിഗതികൾ? പലരും പലതും പറഞ്ഞു. എന്താണ് സത്യാവസ്ഥ?
തീരാത്ത സംശയവുമായി ഞാൻ അലഞ്ഞു. അതിനിടയിലാണ് എന്റെ കോളേജ് അദ്ധ്യാപകനെ കാണാനിടയായത്. സർവീസിൽനിന്ന് വിരമിച്ച് പഠനവും ഗവേഷണവുമൊക്കെയായി കഴിയുകയായിരുന്നു അദ്ദേഹം.

മറുലോകത്തെ സംബന്ധിച്ച് എനിക്കുണ്ടായിരുന്ന സംശയങ്ങൾ ഞാൻ അദ്ദേഹത്തിന്റെ മുമ്പിലേക്കിട്ടു. ഞങ്ങൾ തമ്മിലുണ്ടായ സംഭാഷണത്തിന്റെ ഏകദേശ രൂപം ഇവിടെ പകർത്താം.

''മനുഷ്യനിത് രണ്ടാം ജന്മം. ഇനി ഒന്നു കൂടിയുണ്ട്.'' അദ്ദേഹം പറഞ്ഞു നിർത്തി.
എനിക്കത് വിശ്വസിക്കാനായില്ല. പക്ഷേ, അത് പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ വല്ലാത്ത തിളക്കം.

''എങ്ങനെയാണത്? വിശ്വസിക്കാനാകുന്നില്ലല്ലോ?'' ഞാൻ അവിശ്വാസ്യത പ്രകടിപ്പിച്ചു.

''പക്ഷേ, സംഗതി അതാണ്. നിഷേധിച്ചിട്ട് കാര്യമില്ല.'' അദ്ദേഹം ഗൗരവത്തോടെ പറഞ്ഞു.

പ്രൊഫസർ എന്താണ് അതുകൊണ്ടുദ്ദേശിച്ചതെന്ന് വ്യക്തമായില്ല.
കുന്നിറങ്ങി വീശിയ കാറ്റിൽ മുറ്റത്തെ മാവുലഞ്ഞു. കുറേ കരിയില മുറ്റത്തേക്ക് വീണു.
''ഇത് രണ്ടാം ജന്മമാണെന്നോ? അപ്പോൾ ഒന്നാം ജന്മം?'' എന്റെ സംശയം ഞാൻ അദ്ദേഹത്തിന്റെ മുമ്പിലേക്കിട്ടു.

''ദൈവത്തിന്റെ ഏകത്വം മനുഷ്യനെ ബോധ്യപ്പെടുത്താനായിരുന്നു അത്; അവനു മാത്രമേ ആരാധനകളർപ്പിക്കൂ എന്ന് അവരിൽനിന്ന് കരാർ വാങ്ങുന്നതിനും. അങ്ങനെയൊന്ന് കഴിഞ്ഞിട്ടുണ്ട്. നമുക്കതറിയില്ല എന്നു മാത്രം. ആ കരാർ പൂർത്തീകരണമാണ് ഈ രണ്ടാം ജന്മത്തിൽ ചെയ്യാനുള്ളത്. എന്നാൽ അടുത്ത ജന്മമാണ് പ്രധാനം.''

''കാര്യം എന്താണെന്ന് വ്യക്തമാക്കിയാൽ നന്നായിരുന്നു.''

''എന്ത് മറുലോകത്തെ സംബന്ധിച്ച് ഒന്നും അറിയില്ലെന്നുണ്ടോ?'' അദ്ദേഹം എന്റെ കണ്ണുകളിലേക്ക് നോക്കി.
ഞാൻ നിഷേധാർഥത്തിൽ തലയാട്ടി.

''നോക്കൂ, ഒരുതരം സന്നാഹത്തിലാണ് നാം ഇവിടെ. മനുഷ്യൻ ഈ ലോകത്ത് ശാശ്വതവാസികളല്ല. മരിക്കേണ്ടവരാണ്. പിന്നെ മറുലോകത്ത് വീണ്ടും പുനർജനിക്കും. അവിടെയാണ് ശാശ്വതജീവിതമുള്ളത്. ആ ജീവിതം മുക്തിദായകമാക്കാനുള്ള ശ്രമമാണിവിടെ നടക്കുന്നത്. അതായത്, നിനക്കു മാത്രം ആരാധനകളർപ്പിച്ചു ജീവിക്കും എന്ന് മനുഷ്യർ ഏകദൈവത്തിന് നൽകിയ കരാർപൂർത്തീകരണമാണ് ഈ ലോകജീവിതത്തിൽ നമുക്ക് ചെയ്യാനുള്ളത്. അതെസംബന്ധിച്ച വിചാരണയും പ്രതിഫലദാനവുമാണ് പരലോകത്ത് നടക്കുന്നത്.''

''സത്യത്തിൽ അങ്ങനെയൊന്നുണ്ടോ?''
എന്റെ ചോദ്യം കേട്ട് അദ്ദേഹം മന്ദഹസിച്ചു. എന്നിട്ട് എന്തോ ഓർത്തുകൊണ്ട് പറഞ്ഞു:
''കുട്ടീ, അങ്ങനെയൊന്നുണ്ട്.''പിന്നെ ഗൗരവത്തിൽ എന്റെ മുഖത്തേക്ക് നോക്കി പറഞ്ഞു: അതെ. അതാണ് നീതിയുടെ ലോകം. ദൈവകൽപന മാനിച്ച് നാം ചെയ്ത ചെറുതും വലുതുമായ എല്ലാ നന്മയുടെയും പ്രതിഫലം അവിടെ വെച്ചാണ് ലഭിക്കുക. പാപങ്ങൾക്കുള്ള യഥാർഥ ശിക്ഷയും അവിടെ വെച്ചേ ലഭിക്കുകയുള്ളൂ. ഈ ലോകം അതിനുള്ള രംഗമല്ല. ഇത് പരീക്ഷാഹാൾ മാത്രമാണ്.''

''മരിച്ചാൽ മണ്ണായിപ്പോവുകയല്ലേ ചെയ്യുന്നത്?''

''ദൈവം അവനെ പുനരുജ്ജീവിപ്പിക്കും. ഇല്ലായ്മയിൽനിന്ന് ഒരിക്കൽ നമ്മെ പടച്ചവന് രണ്ടാമതും ജീവിപ്പിക്കാൻ പ്രയാസമൊന്നുമില്ല.''

''എന്തിനാണങ്ങനെ ഒരു ജന്മം?''

''പറഞ്ഞല്ലോ, ദൈവം മനുഷ്യനെ ചില ഉത്തരവാദിത്തങ്ങളുമായിട്ടാണ് ഈ ലോകത്തേക്ക് അയച്ചതെന്ന്. അവൻ അതെപ്പറ്റി വിചാരണ ചെയ്യും. ഉത്തരവാദിത്തം നിർവഹിച്ചവർക്ക് അതിനുള്ള പ്രതിഫലവും അല്ലാത്തവർക്ക് ശിക്ഷയും ലഭിക്കണം. അതത്രെ നീതിയുടെ താൽപര്യം. നീതി നടപ്പാക്കണമെങ്കിൽ അങ്ങനെ ഒരു ലോകം അനിവാര്യമാണ്.

''നീതി ആഗ്രഹിക്കാത്തവരായി നമ്മിൽ ആരാണുള്ളത്? നാം കാണുന്ന സമരം മുഴുവനും നീതിക്കു വേണ്ടി എന്നല്ലേ വെപ്പ്? കോടതിയും പോലിസുമൊക്കെ അതിനു വേണ്ടിയല്ലേ സ്ഥാപിച്ചത്? എന്നാലും പലപ്പോഴും കുറ്റവാളി രക്ഷപ്പെടാറാണ് പതിവ്.

‘‘ഇവിടെ പത്തു പേരെ കൊന്നവനെയും പതിനഞ്ച് പേരെ കൊന്നവനെയും ഒരിക്കലല്ലേ തൂക്കിക്കൊല്ലാ നൊക്കുകയുള്ളൂ. അതവരെ ശിക്ഷിക്കലാകുമോ? വധിക്കപ്പെട്ടവന്റെ ബന്ധുക്കൾക്കുള്ള നീതിയാകുമോ അത്? ഇനി അവർ വല്ല സ്വാധീനവും ഉപയോഗിച്ച് രക്ഷപ്പെട്ടെങ്കിലോ?

‘‘പൂർണമായ നീതി എല്ലാവർക്കും ലഭിക്കണം. ആരും അനീതിക്കിരയാകരുത്. എന്നാൽ, പൂർണമായ നീതി പുലരുകയെന്നത് ഭൗതികസാഹചര്യത്തിൽ സാധ്യമല്ല. അങ്ങനെ വന്നാൽ നീതിബോധമുള്ള ആളുകൾ എങ്ങനെ ജീവിക്കും? പാവപ്പെട്ടവർ എന്നും എവിടെയും അനീതി അനുഭവിച്ചു ജീവിക്കേണ്ടി വരില്ലേ?

‘‘നീതി പുലരുന്ന ഒരു ലോകത്തെ ആവശ്യപ്പെടുന്ന കാര്യങ്ങളാണ് ഇതൊക്കെ. മറുലോകത്താണ് പൂർണമായും നീതി പുലരുന്നത്. അതിനു വേണ്ടിയാണ് ഇഹലോകത്ത് നാം ചെയ്യുന്ന ജീവിത കർമങ്ങളഖിലം ഏകദൈവം രേഖപ്പെടുത്തിവെക്കുന്നത്.

‘‘അവിടെ ആരും അനീതിക്കിരയാകില്ല. ഭൗതികലോകത്തെപ്പോലെ സ്വാധീനമോ ശിപാർശയോ അവിടെ ഫലം ചെയ്യുകയില്ല. ഒന്നുമാത്രം: നിഷ്കളങ്കമായ ഏകദൈവവിശ്വാസവും സൽക്കർമവും. അവന്റെ വാഗ്ദാനമത്രെ അത്. ഈ ലോകത്തെ സൃഷ്ടിച്ചു പരിപാലിക്കുന്ന ഏകദൈവത്തിന് അതൊന്നും പ്രയാസമുള്ള കാര്യമല്ല.

‘‘നീതി നടപ്പാക്കപ്പെടുന്ന ലോകത്തെ സംബന്ധിച്ച വിശ്വാസവും ദൈവഭയവുമാണ് മനുഷ്യന്റെ കർമങ്ങളെ സംസ്കരിക്കുന്നത്. ഈ സംസ്കരണമാണ് ലോകത്തെ സമാധാനപൂർണമാക്കുന്നത്.’’

പ്രൊഫസറുടെ വാക്കുകൾ സാകൂതം കേട്ടിരിക്കുകയായിരുന്നു ഞാൻ. ഒരുകണക്കിന് അത് ശരിയാണല്ലോ എന്ന് എന്റെ മനസ്സ് മന്ത്രിച്ചു. അല്ലാതെ ഇവിടെ ചെയ്യുന്ന നന്മക്കും സഹിക്കുന്ന കഷ്ടപ്പാടുകൾക്കുമൊക്കെ പിന്നെ എന്ത് ഫലം? നന്മ ചെയ്തവർക്ക് അതിന്റെ ഫലം കിട്ടാതെയാവുകയും തെറ്റു ചെയ്തു ജീവിച്ചവർക്ക് അതിനുള്ള ശിക്ഷ ലഭിക്കാതെ സുഖമായി ജീവിക്കാനുള്ള അവസരം ഉണ്ടാക്കുകയും ചെയ്യുക എന്നല്ലേ സംഭവിക്കുക.

ആ ലോകത്തെ കാംക്ഷിക്കുകയാണ് വിവേകം. അവിടെ മുക്തി ലഭിക്കാൻ ഈ ജന്മത്തിൽ വിശ്വാസവും സുകൃതവും കൈക്കൊള്ളലാണ് ബുദ്ധിയുടെ തേട്ടം– എന്റെ മനസ്സ് മന്ത്രിച്ചു.

## ഗ്രന്ഥം അവതരിച്ചത്

മുറ്റത്ത് കുട്ടികളുടെ ബഹളം.

എല്ലാറ്റിൽനിന്നും മുഖം തിരിച്ച് അമ്മ മയങ്ങാനെന്ന ഭാവേന കട്ടിലിൽ കയറി കിടന്നു. അവർ ഉറങ്ങുകയായിരുന്നില്ല.

കളിച്ചുല്ലസിക്കുകയായിരുന്നു കുട്ടികൾ. പ്രശ്നങ്ങളിൽനിന്ന് അവരുടെ മനസ്സുകൾ എത്ര വേഗത്തിലാണ് മോചനം നേടുന്നത്.

എനിക്ക് ഒരെത്തു പിടിയും കിട്ടുന്നില്ല. ആ രംഗം ഇപ്പോഴും എന്റെ മനസ്സിൽ ചോരയുണങ്ങാതെ കിടക്കുകയാണ്. മനസ്സിന് അതിൽനിന്ന് ഒരു മോചനം ലഭിക്കുന്നില്ല. എത്ര ശ്രമിച്ചിട്ടും ആ ദുരന്തം മറക്കാനാകുന്നില്ല. മറക്കാനാകാത്ത ദുരന്ത സ്മരണകൾ.

വലിയ ഒരനുഗ്രഹമാണ് മറവി. എന്നാൽ ചിലപ്പോൾ അത് ദുഖഹേതുവുമാകാറുണ്ട്. വേദനിക്കുന്ന ഓർമകൾ മനസ്സിൽ തങ്ങി നിൽക്കാതെ പെട്ടെന്ന് മാഞ്ഞുപോകുന്നത് ദൈവം നമുക്ക് ചെയ്തുതന്ന വലിയ അനുഗ്രഹമാണ്. അല്ലെങ്കിൽ എന്നും വേദന തിന്നു ജീവിക്കേണ്ട ഗതികേടല്ലേ നമുക്കു ണ്ടാവുക? ആ ദുരവസ്ഥ ഒന്നോർത്തുനോക്കൂ.

ഓർമിക്കേണ്ട കാര്യങ്ങൾ വിസ്മരിക്കുന്നത് ദുഖകരമാണ്. ചിലപ്പോൾ അത് വലിയ നഷ്ടവും വരുത്തിവച്ചേക്കാം.

വിസ്മൃതി രണ്ട് തരത്തിലാണ് നമ്മെ ബാധിക്കുന്നത്. മനസ്സും ചിന്തയും മറ്റൊരു പ്രധാന വിഷയത്തിൽ വ്യാപൃതമാവുകയാണൊന്ന്. അപ്പോൾ ചിന്തയുടെ മുൻഗണനാക്രമം തെറ്റും.

പിശാച് നമ്മെ വിസ്മൃതിയിലകപ്പെടുത്തുകയാണ് മറ്റൊന്ന്. അതവന്റെ സ്വാർഥം. അതാണ് നമുക്ക് കൂടുതൽ നാശം ഉണ്ടാക്കിയത്.

പിശാച് മനുഷ്യന്റെ ജന്മശത്രു.

അതെന്തെന്ന് നിങ്ങൾക്ക് വ്യക്തമായിട്ടില്ലെന്നു തോന്നുന്നു. പറയാം. അസൂയാലുക്കളെ കാണാത്തവർ ആരുമുണ്ടാവില്ല. നമുക്ക് വല്ല പുരോഗതിയും ഉണ്ടായാൽ അത്തരക്കാർക്ക് സഹിക്കില്ല. നമ്മെപ്പറ്റി ആളുകളോട് ഇല്ലാത്തത് പറയും. പറ്റുമെങ്കിൽ പലതരത്തിലും ഉപദ്രവിച്ചെന്നും വരാം.

അത്തരം ഒരു അസൂയ നിമിത്തമാണ് പിശാച് മനുഷ്യന്റെ ജന്മശത്രുവായത്. സ്വർഗത്തിലാണ് സംഭവം നടന്നത്. അതായത്, ആദിയിൽ, മനുഷ്യന്റെ മുമ്പിൽ സാഷ്ഠാംഗം ചെയ്യാൻ ദൈവം സ്വർഗത്തിലുള്ള എല്ലാവരോടും കൽപിച്ചു. അതംഗീകരിച്ചു എല്ലാവരും ആദമിനു മുമ്പിൽ സാഷ്ഠാംഗം ചെയ്തു. സാത്താൻ മാത്രം ദൈവകൽപന ധിക്കരിച്ചു. അവന് അസൂയയായിരുന്നു. തന്റെ കൽപന ലംഘിച്ചതിനാൽ ദൈവം അവനെ ശപിച്ചു. പിശാചോ, അതിനു പകരം വീട്ടാൻ തീർച്ചയാക്കി. അവൻ ദൈവത്തോട് പറഞ്ഞു: ''നിന്നെ അനുസരിച്ചു ജീവിക്കുന്നതിൽനിന്നും ഞാൻ മനുഷ്യരെ വഴി തെറ്റിക്കും.''

അതവന്റെ ശപഥമായിരുന്നു.

സ്വർഗത്തോപ്പിലെ വിലക്കപ്പെട്ട കനി ആദമിനെ തീറ്റിച്ച് പിശാച് തന്റെ പകവീട്ടലിന് തുടക്കമിട്ടു. താമസിയാതെ ഏകദൈവം മനുഷ്യനെയും പിശാചിനെയും സ്വർഗത്തിൽനിന്നും ഭൂമിയിലേക്കയച്ചു. പിശാച് തന്റെ പ്രതികാരകൃത്യം സജീവമാക്കി. പലവിധ തന്ത്രങ്ങളും അവൻ ആവിഷ്കരിച്ചു.

മനുഷ്യരെ ദൈവികമാർഗത്തിൽനിന്ന് പിഴപ്പിക്കാൻ അവന് മനുഷ്യരെയും കൂട്ടിനു കിട്ടി. അവരുടെ പ്രവർത്തനങ്ങൾക്ക് പല ഭാവങ്ങളും കൈവന്നു. ഒരു കാര്യമേ പിശാചിന് ചെയ്യേണ്ടിവന്നുള്ളൂ. അതായത്, ഏകദൈവം മനുഷ്യനെ ഭൂമിയിലേക്കയക്കുമ്പോൾ കുറേ നിർദ്ദേശങ്ങൾ നൽകിയിരുന്നല്ലോ. മനുഷ്യന്റെ ജീവിതവിജയത്തിനുള്ള മാർഗരേഖയായിരുന്നു അത്. അവന്റെ സൗഭാഗ്യത്തിനും മോക്ഷത്തിനുമുള്ള വഴി. പിശാച് മനുഷ്യന്റെ മുമ്പിൽ ആകർഷണീയമായ ലൗകികവിഷയങ്ങളിട്ടു ആ വിഷയത്തെ സംബന്ധിച്ച് മനുഷ്യനെ വിസ്മൃതിയിലാക്കി.

തന്റെ ദാസന്മാർ വഴികേടിലാകുന്നത് ഇഷ്ടപ്പെടാത്തവനാണ് ഏകദൈവം. പിശാച് വഴിതെറ്റിച്ച തന്റെ അടിയാറുകളെ നേർവഴിക്കു കൊണ്ടുവരുന്നതിന് അവൻ പ്രവാചകന്മാരെ അയച്ചു. ആ പ്രവാചകന്മാരുടെ കാലശേഷം പിശാച് മനുഷ്യരെ വീണ്ടും വഴികേടിലാക്കി. ഏകദൈവം വീണ്ടും പ്രവാചകരെ നിയോഗിച്ചു. ഒരുലക്ഷത്തിഇരുപത്തി നാലായിരത്തോളം പ്രവാചകന്മാർ ജനസംസ്കരണാർഥം വിവിധ കാലങ്ങളിലായി ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും വന്നിട്ടുണ്ട്. ഈ രീതി കാലാകാലവും അവലംബിക്കണമെന്നില്ലല്ലോ. അത് ദൈവയുക്തി.

എന്നാൽ തികച്ചും യുക്തമായ മറ്റൊരു കാര്യം കൂടി ദൈവം ചെയ്തു. അവൻ ദൈവദൂതന്മാർ മുഖേന തന്റെ ശാസന കളടങ്ങിയ ഗ്രന്ഥങ്ങൾ മനുഷ്യരാശിക്ക് അവതരിപ്പിച്ചു. പ്രവാചകന്മാർക്കു ശേഷം ജനം തന്റെ കൽപനകൾ വിസ്മരിക്കാതിരിക്കാൻ വേണ്ടി യായിരുന്നു അത്.

വേദഗ്രന്ഥങ്ങളിൽ പലതും ഇന്ന് നിലവിലുണ്ട്. എല്ലാ പ്രധാന മതങ്ങൾക്കുമുണ്ട് ഗ്രന്ഥങ്ങൾ. അതത് മതസ്ഥർ തങ്ങളുടേതാണ് ശരിയും വിശുദ്ധവുമെന്ന് വിശ്വസിക്കുന്നു. ദൈവത്തിന്റെ കൽപനകളാണ് അവയുടെയൊക്കെ അടിസ്ഥാനം. പക്ഷേ, ഒരു കാര്യമുണ്ട്. ഇന്ന് അവയിൽ പലതിലും തിരുത്തും കൂട്ടിച്ചേർക്കലും സംഭവിച്ചിട്ടുണ്ട്. മനുഷ്യന് പാടില്ലാത്ത കാര്യമാണത്.

വേദഗ്രന്ഥങ്ങളിൽ ഖുർആനാണ് യോഗ്യമായിട്ടുള്ളത് എന്നാണ് എനിക്ക് തോന്നിയത്. അതിന് ഞാൻ കണ്ടെത്തിയ വസ്തുതകൾ പറയാം.
മുഴുവൻ ലോകത്തിനും അവരുടെ നാഥങ്കൽനിന്ന് അവതരിപ്പിച്ചതാണത് എന്ന് ഏകദൈവം അരുളിയത് വിശുദ്ധ ഖുർആനെ സംബന്ധിച്ച് മാത്രമാണ്. അതിൽ അവന്റെ വചനങ്ങൾ മാത്രമാണുള്ളത്.

എല്ലാ കാലത്തേക്കുമായി ഏകദൈവം അവസാനമായി അരുളിച്ചെയ്തതാണത്. അത് ഏതെങ്കിലും ഒരു സമുദായത്തിന് മാത്രം അവകാശപ്പെട്ടതല്ല. ഭൂമിശാസ്ത്രപരമായ അതിർവരമ്പുകളും കാലപരിധികളും അതിന് ബാധകമല്ല.

മനുഷ്യവിമോചനമാണ് അതിന്റെ പ്രമേയം. അല്ലയോ ജനങ്ങളേ എന്ന ഖുർആന്റെ വിളി ഏറെ ഗുണ കാംക്ഷാനിർഭരമാണ്. ജനം ഏകദൈവത്തിന്റെ മോക്ഷത്തിലേക്ക് ചെന്നെത്തണമെന്ന ഉദാത്തമായ ഗുണകാംക്ഷയാണതിനുള്ളത്.

അത്ഭുതങ്ങളുടെ അത്ഭുതം കൂടിയാണത്. നൂറ്റാണ്ടുകളായിട്ടും ഒരു പുള്ളിപോലും തിരുത്തുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യാത്ത ഗ്രന്ഥത്തെ പിന്നെ എന്തു വിശേഷിപ്പിക്കാൻ. ജനം ഭാഷയുടെ പേരിൽ അഹങ്കരിച്ചിരുന്ന ഒരു കാലത്ത് അതേ ഭാഷയിൽ എന്നാൽ ഉന്നത ശൈലിയിലും ചാതുരിയിലും ഘടന യിലും ഒക്കെ മികവ് പുലർത്തിക്കൊണ്ടായിരുന്നു അത് അവതരിച്ചത്. അക്കാലത്തെ ഭാഷാവിശാരദന്മാർ പോലും അതിന് മുമ്പിൽ ഹൃദയം ചായ്ച്ചു. അതുപോലൊന്ന് പിന്നെ ഉണ്ടായിട്ടില്ല, കാലത്തിന് മറ്റൊ ന്നിന്റെ ആവശ്യവുമില്ല. അത്ര സമഗ്രമാണത്.

മനുഷ്യജീവിതത്തിന് സമ്പൂർണ ജീവിതവ്യവസ്ഥ സമർപ്പിക്കുന്ന ഒരേയൊരു ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. തികച്ചും പ്രായോഗികമാണ് അതിന്റെ ജീവിതവീക്ഷണവും വ്യവസ്ഥയും. അത് ലോകത്ത് പ്രാവർത്തികമാക്കുന്നതിനുവേണ്ടിയാണ് ഇരുപത്തിമൂന്നു കൊല്ലക്കാലം നീണ്ടുനിന്ന ഘട്ടംഘട്ടമായി അവതരിച്ചത്.

മനുഷ്യമനസ്സുകൾക്കത് സമാധാനമാണ്. വ്യക്തിയെ സംസ്കരിച്ചു വിശുദ്ധിയുടെ വേറിട്ട അസ്തിത്വം അതവന് നൽകുന്നു. കുടുംബത്തിന് മൂല്യങ്ങളുടെ കെട്ടുറപ്പ് നൽകി ആരോഗ്യകരമായ സമൂഹത്തെ വാർത്തെടുക്കുന്നു. ഭദ്രമായ അടിത്തറയിൽ രാഷ്ട്രത്തെ കെട്ടിപ്പടുക്കുന്നു.

ലോകത്തിന് ശാന്തി പ്രദാനം ചെയ്യുന്നതിൽ അതിന്റെ നിർദ്ദേശങ്ങൾ നിസ്തുലമാണ്. സമാധാനത്തിന്റെ ശബ്ദമാണതിന്റേത്. മനുഷ്യരുമായി ഏകോദരസാഹോദര്യത്തോടും സ്നേഹത്തോടും കൂടി വർത്തിക്ക ണമെന്നും പരസ്പരം ആദരിക്കണമെന്നും അത് ലോകത്തെ പഠിപ്പിക്കുന്നു. ഈ അധ്യാപനം മനുഷ്യരെ തീവ്രതയിൽനിന്ന് മോചിപ്പിക്കുന്നു. ഖുർആന്റെ മാനുഷിക പ്രതിപത്തിയാണത്.

മനുഷ്യന്റെ സാമൂഹികോന്നമനം ഉറപ്പ് വരുത്തുന്നതിന് ഖുർആനോളം പോന്ന മറ്റൊന്നില്ല. അവന്റെ നീതിക്കു വേണ്ടി, സ്വാതന്ത്ര്യത്തിനു വേണ്ടി, സമത്വത്തിനു വേണ്ടി, സത്യത്തിനു വേണ്ടി, ധർമത്തിനു വേണ്ടി, നന്മക്കു വേണ്ടി, ഉന്നതിക്കു വേണ്ടി, സമാധാനത്തിനു വേണ്ടി, ശാന്തിക്കു വേണ്ടി, വിമോച നത്തിനു വേണ്ടി, പുരോഗതിക്കു വേണ്ടി, മറ്റു മൗലികാവകാശങ്ങൾക്കു വേണ്ടി....... അനേകം കാര്യങ്ങൾ ക്കു വേണ്ടി അത് മനുഷ്യകുലത്തിന് തണലായി നിൽക്കുന്നു.

ചിന്തയെ ഉജ്ജ്വലമാക്കുന്നതിൽ അതിന്റെ പങ്ക് വലുതാണ്. വിശ്വാസ, വിചാരതലങ്ങളിൽ അത് വരു ത്തുന്ന പരിവർത്തനം വിസ്മയാവഹമാണ്.

മനുഷ്യനെ എല്ലാം തികഞ്ഞവനാക്കുന്നതിൽ വിജയിച്ച ഒരേയൊരു ഗ്രന്ഥമാണ് ഖുർആൻ. മനുഷ്യൻ പൊതുവെ അജ്ഞനാണ്. അജ്ഞതക്കപ്പുറത്തെ വിജ്ഞാനസാഗരത്തിലേക്ക് അവന്റെ ചിന്തയെ കൊണ്ടു പോവുകയാണ് ഖുർആൻ ചെയ്യുന്നത്.

വായിക്കപ്പെടുന്നത് എന്നാണ് ഖുർആന്റെ അർഥം. ദൈവികഗ്രന്ഥങ്ങൾക്കുള്ള പേരാണത്. ലോക ത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ലക്ഷക്കണക്കിന് ആളുകൾ ദിനേന തങ്ങളുടെ പ്രാർഥനയിലും അല്ലാ തെയും അത് പാരായണം ചെയ്യുന്നു. ലക്ഷക്കണക്കിന് ആളുകൾ അത് ഹൃദിസ്ഥമാക്കുന്നുമുണ്ട്. അത്രമാത്രം ഹൃദിസ്ഥമാക്കപ്പെടുന്ന ഗ്രന്ഥം വേറെയില്ല. എന്നാൽ കേവലം പാരായണത്തിനുള്ളതല്ല, ആചരിക്കാനത്രെ അത് തന്നയച്ചത്.

മനുഷ്യനെ വിശുദ്ധനാക്കുകയും ദൈവികപാരിതോഷികത്തിലേക്ക് കൈപിടിച്ചാനയിക്കുകയും ചെയ്യുന്ന ധാർമിക, സദാചാരമുറകളെ ഏറെ കാര്യക്ഷമമായാണ് അത് മനുഷ്യരെ അഭ്യസിപ്പിക്കുന്നത്.

ദൈവവുമായുള്ള തീവ്രബന്ധത്തെ ഇത്രമാത്രം പ്രതിപാദിക്കുകയും അതിനാവശ്യമായ കാര്യങ്ങളെ വിശദീകരിച്ച് ലോകത്തെ തെര്യപ്പെടുത്തുകയും ചെയ്യുന്ന ഉന്നത ഗ്രന്ഥം വേറെയില്ല.

മനുഷ്യബുദ്ധിയോടാണത് സംവദിക്കുന്നത്. ഹൃദയത്തോടാണതിന്റെ ഗുണകാംക്ഷ. ജീവിതമാണതിന്റെ പരിവർത്തന രംഗം.

അതൊരു ശാസ്ത്രീയ ഗ്രന്ഥമല്ല. പക്ഷേ, അതിലെ ശാസ്ത്രീയ പരാമർശങ്ങൾ ശാസ്ത്രകാരരെപ്പോലും അത്ഭുതപ്പെടുത്തി. അതൊരു സാമ്പത്തിക ഗ്രന്ഥമല്ല. എന്നിട്ടും അത് സമർപ്പിക്കുന്ന സാമ്പത്തിക വീക്ഷ ണം സാമ്പത്തിക വിദഗ്ധരെപ്പോലും അത്ഭുതപ്പെടുത്തുന്നതായിരുന്നു. അതൊരു ചരിത്രഗ്രന്ഥമല്ല. പക്ഷേ, ഇഹകൾ നയിക്കുന്ന മനുഷ്യരുടെ സംസ്കരണവഴിയിൽ അവർക്ക് പാഠമേകാൻ അത് പൂർവി കരുടെ ചരിത്രം അനാവരണം ചെയ്യുന്നു.

അതൊരു കേവലം നിയമ-മാർഗനിർദ്ദേശ ഗ്രന്ഥമല്ല, പക്ഷേ, തന്നിലേക്കുള്ള നിഷ്കളങ്ക വഴിയിൽ മനു ഷ്യന് കൈവഴിയായി ഏകദൈവം നിശ്ചയിച്ച രേഖയാണത്. ജീവിതത്തിനുള്ള വെളിച്ചമാർന്ന രേഖ. അതൊരു മതമീമാംസാ ഗ്രന്ഥമല്ല. പക്ഷേ, ഏകദൈവിക വ്യവസ്ഥയുടെ എല്ലാം അത് മനുഷ്യന്റെ മുമ്പിൽ തുറന്നുവെക്കുന്നു. വിഖ്യാതരായ ഏറെ ശാസ്ത്രകാരന്മാരെ അതിന്റെ വാഹകരാക്കാൻ മാത്രം പോന്ന കാര്യങ്ങളാണിവ.

അതിനെ ഏതെങ്കിലും ഒരു വിജ്ഞാനശാഖയിൽ പരിമിതപ്പെടുത്താനാകില്ല. ജീവിതത്തിനുള്ള എല്ലാം പറഞ്ഞുവെച്ച സമഗ്ര വഴികാട്ടിയാണത്. അത് എല്ലാറ്റിനെയും ജയിച്ചടക്കും. അതിനെ ഒന്നും ജയിച്ച ടക്കുകയില്ല. അത് ദൈവനിശ്ചയം.

അതിന്റെ അവതരണകാലത്തെ ചിലരും ഇന്നുള്ള പലരും ചോദിച്ച ഒരു ചോദ്യമുണ്ട്, എന്തിനീ ഗ്രന്ഥം? അതില്ലെങ്കിൽ പിന്നെ ലോകത്ത് ഇരുട്ടായിരിക്കും. കാരണം, ലോകത്തിനുള്ള പ്രകാശമായിട്ടാണ് അ തിന്റെ സ്രഷ്ടാവ് അതവതരിപ്പിച്ചത്. മനുഷ്യന് തന്റെ സ്രഷ്ടാവിലേക്കുള്ള വഴിയായിട്ട്. ലോകത്തിനുള്ള

ജീവിതവ്യവസ്ഥയായിട്ട്. അതെന്തെന്ന് ഇതിനു ശേഷം വിശദീകരിക്കാം. ഒന്നുണ്ട്, മുൻധാരണകൾ മാറ്റിവെച്ച് അതിന്റെ അദ്ധ്യാപനങ്ങളെ സസൂക്ഷ്മം പരിശോധിക്കുക.

നന്മയെന്നും സത്യമെന്നും ആവശ്യമെന്നും ബോധ്യമായതിനെ പക്ഷപാതിത്തമില്ലാതെ അംഗീകരിക്കുക. എങ്കിൽ പിഴക്കില്ല. പരാജയവും സംഭവിക്കില്ല. കാരണം, നമ്മുടെ വിജയത്തിന് സ്രഷ്ടാവ് ചെയ്ത അരുളപ്പാടുകളാണത്. ഇതത്രെ അതെ സംബന്ധിച്ച എന്റെ പഠനഫലം.

# 10.
# വ്യവസ്ഥ നിർണയിച്ചത്

കുറേ വലിയ കാര്യങ്ങളെ സംബന്ധിച്ച ചെറിയ സംസാരത്തിലായിരുന്ന നാം. നമുക്ക് അത്രയൊക്കെയേ സാധിക്കുകയുള്ളൂ. എത്രതന്നെ ആലോചിച്ചാലും പിടികിട്ടാത്ത കുറേ വലിയ കാര്യങ്ങളുടെ ലോകത്ത് ചെറിയ നാം എന്തുചെയ്യാൻ? അതിനിടയിൽ തീർത്താൽ തീരാത്ത നൂറുകൂട്ടം ജോലികൾ. നമ്മുടെ അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിക്കാൻ തന്നെ നമുക്ക് സമയമില്ല. പിന്നെ എങ്ങനെയാണ് പിടികിട്ടാത്ത വലിയ കാര്യങ്ങളെപ്പറ്റി ചിന്തിക്കുക?

ഇപ്പറഞ്ഞതിൽ എന്തോ പന്തികേടുണ്ടോ? ഏതാണ് പിടികിട്ടാത്ത വലിയ വലിയ കാര്യങ്ങൾ?

അങ്ങനെയൊന്നും ഇല്ല. ഇവിടെ എല്ലാ കാര്യങ്ങളും ലളിതമാണ്. ദൈവത്തിന്റെ ഒരു വചനമുണ്ട്, ''മനുഷ്യന്റെ കഴിവിൽ പെടാത്ത ഒരു കാര്യത്തിനും അവൻ നിർബന്ധിക്കപ്പെടുന്നില്ല.'' എന്നു പറഞ്ഞാൽ നാം കഴിവുള്ളവർ തന്നെ. സംശയിക്കേണ്ട.

അപ്പോൾ എവിടെയാണ് പ്രശ്നം? നമ്മുടെ ചിന്തക്ക് തന്നെ. വയറിന്റെ കാര്യങ്ങൾക്ക് തൽക്കാലം വിട നൽകുക. അതല്ലാതെ തല പുകഞ്ഞാലോചിക്കേണ്ട വിഷയങ്ങൾ ഒന്നും ഇവിടെ ഇല്ല. നാം ചെറുതായി ആലോചിക്കുക. എന്നാൽ കാര്യമായും.

നേരത്തെ പറഞ്ഞല്ലോ, എല്ലാ വസ്തുക്കളും ശരിയായ വ്യവസ്ഥക്ക് വിധേയമായിക്കൊണ്ടാണ് ഈ പ്രപഞ്ചത്തിൽ നിലനിൽക്കുന്നതെന്ന്. സ്രഷ്ടാവിന്റെ നിശ്ചയമാണ് ഈ വ്യവസ്ഥ.

മനുഷ്യന്റെ കാര്യം നോക്കുക. ദൈവിക വ്യവസ്ഥയിൽനിന്ന് അവനും പുറത്തല്ല. ചില പ്രത്യേകതകളും അവന് നൽകിയ വ്യവസ്ഥക്കുണ്ട്. അപ്പോൾ പിന്നെ ഏതാണ് ആ വ്യവസ്ഥ?

ഞാൻ മനസ്സിലാക്കിയത് ഇതാണ്: അർപ്പണമാർഗം എന്നാണ് സ്രഷ്ടാവ് അതിനെ വിശേഷിപ്പിച്ചത്. അഥവാ, മനുഷ്യൻ തന്റെ സ്രഷ്ടാവിന്, സ്വയം അർപ്പിക്കുക. ദൈവികനിർദ്ദേശങ്ങൾ അനുസരിച്ച് ജീവിക്കുകയാണതിന്റെ അടിസ്ഥാനം.

അപ്പോൾ ഒരു സംശയം. മനുഷ്യന് ജീവിക്കാനാവശ്യമായ വ്യവസ്ഥ മനുഷ്യർ തന്നെ നിർമിച്ചാൽ മതിയാവില്ലേ?

പോരാ. അങ്ങനെ നിർമിക്കുന്ന വ്യവസ്ഥയിൽ അതിന്റെ നിർമാതാക്കൾ സ്വാധീനിക്കപ്പെടും. അവരുടെ താൽപര്യങ്ങൾക്കായിരിക്കും മുൻതൂക്കം. അത് ചിലർക്ക് പ്രയോജനവും പലർക്കും പ്രയാസവുമുണ്ടാക്കും. എല്ലാവർക്കും ഒരുപോലെ നീതി ലഭിക്കില്ല. മനുഷ്യൻ നിയമം നിർമിച്ചേടത്തൊക്കെ പ്രയാസങ്ങളും പ്രകടമാണ്. എന്നാൽ കാലത്തിനതീതമായി, എല്ലാവരെയും തുല്യതോതിൽ കാണുകയും എല്ലാവർക്കും തുല്യനീതി ലഭിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകണമെങ്കിൽ സ്രഷ്ടാവായ ദൈവം തന്നെ വ്യവസ്ഥ നിശ്ചയിക്കണം. അവനാണല്ലോ നീതിമാനും സകലജ്ഞനും. അതിനാലാണ് അവൻ തന്നെ മനുഷ്യന് നീതിയുക്തമായ ജീവിതവ്യവസ്ഥ നിശ്ചയിച്ചത്. സ്വാഭാവികമായും അവൻ നിശ്ചയിക്കുന്ന വ്യവസ്ഥ മാത്രമായിരിക്കും അന്യൂനവും ശരിയും.

സ്രഷ്ടാവ് ഏകനായതിനാൽ വ്യവസ്ഥയും ഒന്നേയുള്ളൂ.

അങ്ങനെയാണെങ്കിൽ ഏതാണ് ആ വ്യവസ്ഥ, അതെങ്ങനെ കണ്ടെത്താം, അതിന്റെ ലക്ഷണമെന്താണ്, ദൈവികമാണെന്നതിന് തെളിവെന്ത്, ജീവിതവുമായി അതെങ്ങനെ താദാത്മ്യപ്പെടും തുടങ്ങിയ കുറേ ചോദ്യങ്ങൾ നമുക്കുണ്ടാകും.

നമുക്ക് കണ്ടെത്താം.
നമ്മുടെ ഗുണത്തിനായി ദൈവം നിശ്ചയിച്ചതതാണ് ആ വ്യവസ്ഥ. ദൈവത്തിന്റെ അനുഗ്രഹമാണത്. നമ്മുടെ ഭാഗധേയവുമായി ബന്ധപ്പെട്ടതാണത്. അതംഗീകരിക്കുന്നത് നമ്മുടെ നന്മക്കും തള്ളുന്നത് നമ്മുടെ നഷ്ടത്തിനും കാരണമാകും.

എനിക്ക് ബോധ്യമായ അതിന്റെ അടയാളങ്ങൾ ഇതാണ്: കറകളഞ്ഞ ഏകദൈവ വിശ്വാസമാണതിന്റെ അടിസ്ഥാനം. ഏകദൈവമല്ലാത്ത ഒന്നിനെയും സ്രഷ്ടാവായും ആരാധ്യനായും പ്രാർഥന കേൾക്കുന്നവനായും അത് അംഗീകരിക്കുന്നില്ല. അതോടൊപ്പം എല്ലാ പ്രവാചകന്മാരിലും മരണാനന്തരജീവിതത്തിലും കണിശമായി വിശ്വസിക്കാനും അത് അനുശാസിക്കുന്നു.

അത് മനുഷ്യനിർമിതമല്ല. ഏതെങ്കിലും വ്യക്തിയുമായി ബന്ധപ്പെട്ടതുമല്ല അത്. ഏതെങ്കിലും വിഭാഗത്തിനു മാത്രമുള്ളതല്ല. ഏതെങ്കിലും പ്രത്യേക രാജ്യവുമായും അതിന് ബന്ധമില്ല. സാക്ഷാൽ പ്രപഞ്ചസ്രഷ്ടാവുമായാണ് അതിന്റെ ബന്ധം. മുഴുവൻ മനുഷ്യരാശിക്കും വേണ്ടി അവൻ പ്രത്യേകം തിരഞ്ഞെടുത്ത് പ്രവാചകന്മാർ മുഖേന അവതരിപ്പിച്ച സമഗ്ര ജീവിതപദ്ധതിയാണത്. ദൈവം കൽപിച്ച രീതിലും വ്യവസ്ഥയിലുമാണ് അതിലെ അനുഷ്ഠനങ്ങൾ സംവിധാനിച്ചിട്ടുള്ളത്. അവക്കൊത്ത് ജീവിതത്തിൽ സദാചാരമൂല്യങ്ങൾ മുറുകെ പിടിക്കുവാനും ദുരാചാരങ്ങൾ വർജിക്കുവാനും അത് കൽപിക്കുന്നു.

വിശ്വാസത്തിനും കർമത്തിനും തുല്യപ്രാധാന്യമാണ് അത് നൽകുന്നത്. ഒന്ന് ഒഴിച്ചുനിർത്തിയാൽ മറ്റേത് നിഷ്ഫലമായിരിക്കും. അതിന്റെ അധ്യാപനങ്ങൾക്കൊത്തുള്ള കർമങ്ങളാണ് ഏകദൈവം സ്വീകരിച്ച് പ്രതിഫലം നൽകുക.

അതിന്റെ ആരാധനകൾ ഏകദൈവത്തെ പ്രസാദിപ്പിക്കുന്നതോടൊപ്പം സമൂഹജീവിതത്തിനു കൂടി ഉപകരിക്കുന്നതുമാണ്. അതിനു മാത്രമുള്ള പ്രത്യേകതയാണിത്.

ഇതേ ജീവിതവ്യവസ്ഥയാണ് എല്ലാ പ്രവാചകന്മാരും തങ്ങളുടെ ജനതകളെ പഠിപ്പിച്ചത്. പിന്നീട് മനുഷ്യന്റെ സ്വാർഥം വിവിധ ദർശനങ്ങൾക്ക് ജന്മമേകി എന്നു മാത്രം.

മനസ്സിലാക്കാൻ സാധിക്കുന്ന ലക്ഷണങ്ങൾ ഇനിയുമുണ്ട് ധാരാളം. കൂടുതൽ പഠിക്കാനുള്ള ശ്രമം നമ്മുടെ ഭാഗത്തുനിന്നുണ്ടാകണമെന്നു മാത്രം.

ആശ്ചര്യകരമാണതിന്റെ കാര്യം. ഏകദൈവത്തിന്റെ വ്യവസ്ഥക്ക് വിധേയരായി നമ്മെ അവന് അർപ്പിക്കുമ്പോൾ ആകാശലോകത്ത് നാം സർവസ്വീകാര്യർ. ഭൂമിയിൽ നമുക്ക് രണ്ടാം ജന്മം. അതോടെ നാം ദൈവത്തിന്റെ ഇഷ്ടദാസരായി മാറി. അതുവരെ നമ്മുടെ മേലുണ്ടായിരുന്ന അവന്റെ നീരസം സ്നേഹത്തിന് വഴിമാറി.

സാമൂഹികമായ വേർതിരിവുകളുടെ ചങ്ങലകൾ അത് അറുത്തെറിഞ്ഞു. ഇപ്പോൾ നാം കാല–ദേശ–വർണ–ഭാഷകൾക്കതീതരായി, വിശ്വാസികൾക്കിടയിൽ ഒരംഗം. എന്തുമാത്രം അത്ഭുതമാണ് അത് വരുത്തിയത്! വിചാരവികാരങ്ങളും ആചാരസമ്പ്രദായങ്ങളും അപ്പാടെ അത് സംസ്കരിച്ചു.

ഒരൊറ്റ വചനം, നാം കേട്ടു ശീലിച്ച അതേ വചനം. മനസ്സറിഞ്ഞ്, ദൈവത്തിനു വേണ്ടി അത് ഉച്ചരിച്ചതോടെ പ്രപഞ്ചത്തോളം നാം ഉയർന്നു. വിധിവൈപരീത്യങ്ങൾ നമുക്ക് മുമ്പിൽ തകർന്നുവീണു. നാം സ്വർഗാവകാശികളായ നിത്യഭാഗ്യശാലികളായി മാറി. ഏകദൈവത്തിന്റെയും അവനിഷ്ടപ്പെടുന്നവരുടെയും സ്നേഹത്തിന് വിധേയരായി! സമാധാനവും സംതൃപ്തിയും നമ്മിൽ നിറഞ്ഞു, നാം ധന്യരായി.

അതത്രെ മനുഷ്യന്റെ വിമോചനത്തിന് ഏകദൈവം സംവിധാനിച്ച വഴി. അത് കണ്ടെത്താൻ പ്രയാസമില്ല. ഏകദൈവം തന്നെ അതിനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. അതെപ്പറ്റി പറഞ്ഞു തരാനാകും, കാണിച്ചുതരാനും. പക്ഷേ, കണ്ണും കാതും മനസ്സും നിങ്ങളുടേതാണല്ലോ. അവയുടെ ഉപയോഗത്തിലാണ് വിജയം. നാമാണല്ലോ നമ്മുടെ മറുലോകഭാവി എന്താകണമെന്ന് തീരുമാനിക്കേണ്ടത്.

## ജീവിത വീക്ഷണം

രാത്രിക്ക് നല്ല തിളക്കം. ആകാശം നിറയെ മേഘങ്ങൾ. ചന്ദ്രശോഭയിൽ അവ കൂടുതൽ വെട്ടിത്തിളങ്ങി. വീടിന്റെ വരാന്തയിൽ ഇറങ്ങി നിന്ന് ഞാനാ കാഴ്ച നോക്കിനിൽക്കുകയായിരുന്നു. പെട്ടെന്ന് ആകാശത്തുനിന്നും തീഗോളം താഴെക്ക് വീണു. അതേറ്റ് ആദ്യം കത്തി തുടങ്ങിയത് വീടിനോട് ചേർന്നു നിൽക്കുന്ന ഒരു പ്ലാവാണ്.

മാനത്തുനിന്ന് തീ തുടരെ വീഴുകയായിരുന്നു. ആകാശം ചുവപ്പായിരിക്കുന്നു. ചന്ദ്രൻ പടിഞ്ഞാറ് ഭാഗത്തേക്ക് തെന്നിയൊഴുകി അപ്രത്യക്ഷമായി.

തീ വളരെ പെട്ടെന്നാണ് വ്യാപിച്ചത്. വൃക്ഷങ്ങളൊക്കെ തീയിലമർന്നു. തീയണക്കാനുള്ള എന്റെ കൊച്ചുവേല പാഴായി. ആകെ പുകപടലം. ആർപ്പുവിളികൾ.

പെട്ടെന്ന് മുകളിൽനിന്ന് ഒരാൾ ഇങ്ങനെ വിളിച്ചു പറയുന്നത് ഞാൻ കേട്ടു: ''ജനങ്ങളേ, ദൈവത്തിൽനിന്ന് നിങ്ങൾക്ക് ലഭിച്ച സന്ദേശങ്ങൾക്കൊത്ത് ജീവിക്കുക. ഇത് അവസാനത്തിന്റെ തുടക്കമാണ്.''

എനിക്കൊന്നും മനസ്സിലായില്ല. കാര്യമെന്തെന്നറിയാതെ ഞാൻ ഉമ്മയുടെ അടുത്തേക്കോടി. ഉമ്മ അകത്തുണ്ടായിരുന്നില്ല. ഞാൻ പുറത്തേക്കിറങ്ങി. പുറത്ത് ആരെയും ഞാൻ കണ്ടില്ല.

മരങ്ങളൊക്കെ കത്തിക്കരിഞ്ഞിരുന്നു. നാൽക്കാലികൾ നീന്തി പുഴ അക്കരെ കടക്കുന്നു.
ഉമ്മയെ കാണാതെ ഞാൻ ഏറെ പ്രയാസപ്പെട്ടു.

ഉണർന്ന ഉടനെ ഞാൻ അടുക്കളയിലേക്കോടി. ഉമ്മക്ക് തകരാറൊന്നും ഉണ്ടായരുന്നില്ല. വല്ലാത്ത സമാധാനമാണ് എനിക്കപ്പോൾ തോന്നിയത്. ഉമ്മ എന്നോട് പല്ലു തേച്ചുവരാൻ പറയുന്നതു വരെ ഞാൻ ഉമ്മയോടൊട്ടിനിന്നു.

വിഹ്വലത എന്നെ വിട്ടകന്നില്ല. മനസ്സ് വല്ലാതെ അസ്വസ്ഥമായി. ദിനങ്ങളോളം അതെന്നെ വിടാതെ നിന്നു. അപ്പോഴും കേട്ട ശബ്ദത്തിന്റെ അർഥം എനിക്ക് മനസ്സിലായിരുന്നില്ല.

ഉന്മേഷക്കുറവ് എന്റെ ശരീരത്തെയും മനസ്സിനെയും ബാധിച്ചുകഴിഞ്ഞിരുന്നു. എന്റെ നിരുന്മേഷത്തിലേക്ക് കൈ നീട്ടി പിതാവ് തിരക്കി: നിനക്ക് എന്ത് പറ്റി കുട്ടീ?'' ഞാൻ അദ്ദേഹത്തിന് സ്വപ്നം വിവരിച്ചുകൊടുത്തു. സന്ദേശം കൊണ്ട് എന്താണ് അർഥമാക്കുന്നത്, ആരാണ് അങ്ങനെ പറഞ്ഞത്, എന്താണ് അതുകൊണ്ടുദ്ദേശിക്കുന്നത് എന്നൊക്കെ ഞാൻ ചോദിച്ചു. അദ്ദേഹം ചിരിച്ചു കൊണ്ട് പറഞ്ഞു: ''കുട്ടികൾ പല സ്വപ്നങ്ങളും കാണും. അതൊന്നും സാരമാക്കരുത്.''

ആ മറുപടി എന്നെ തൃപ്തനാക്കിയില്ല. അസ്വസ്ഥതയും സംശയവും എന്റെ മനസ്സിൽ ബാക്കിനിന്നു. എന്തു സന്ദേശത്തെ പറ്റിയാണയാൾ പറഞ്ഞത്? അങ്ങനെ ജീവിക്കണമെന്ന് പറഞ്ഞതിനർഥമെന്ത്? എന്റെ കുഞ്ഞുമനസ്സിൽ അതൊരു സന്ദേഹമായി വളരാൻ തുടങ്ങി. എന്റെ വളർച്ചയിൽ പലതും വിസ്മരിച്ചെങ്കിലും ആ സ്വപ്നവും സന്ദേഹവും എന്റെ മനസ്സിൽനിന്ന് മാഞ്ഞുപോയില്ല.

പിന്നീട് അക്കാര്യമെന്തെന്ന് ഞാൻ കണ്ടെത്തി.

അതിലേക്കാണ് നാം പോകുന്നത്. പക്ഷേ, ധിറുതി പിടിക്കരുത്.
നമുക്ക് ധിറുതിയാണ്. ജീവിതത്തിന്റെ തിരക്കിലാണല്ലോ നാം. കേൾക്കാൻ നേരമില്ല. ചിന്തിക്കാനുമില്ലൊട്ടും. ജീവിതം എന്തിനെന്നുപോലും മറന്നുപോയി. എങ്ങനെ ജീവിക്കണമെന്നത് ഇന്ന് ഒരു പ്രശ്നമല്ല.
ഗൗരവമുള്ള കാര്യങ്ങളെയും അവഗണിച്ചുതള്ളി. ജീവിതത്തിൽ ഒരുപാട് അനർഥങ്ങൾക്ക് അത് നിമിത്തമായി. അതിനാലാണ് അതെപറ്റി വീണ്ടും ഓർമപ്പെടുത്തേണ്ടിവരുന്നത്.

രണ്ട് കാര്യങ്ങളെ നാം ഓർക്കുക.
ദൈവികഗ്രന്ഥത്തെയും അവന്റെ വ്യവസ്ഥയെയും കുറിച്ചു നാം സംസാരിച്ചു. അതിൽനിന്നാണ് നമുക്ക് തുടങ്ങാനുള്ളത്.

അവക്ക് നമ്മോട് ചിലത് പറയാനുണ്ട്. അൽപ സമയം അതിനു മുമ്പിൽ ഇരിക്കുക. പറഞ്ഞല്ലോ, മനുഷ്യനുവേണ്ടിയാണ് അത് അവതരിച്ചതെന്ന്.

അവ ഒരേ സ്രോതസ്സിൽനിന്നുള്ള തത്വവും പ്രയോഗവുമാണത്. ഒന്നിനെ മാറ്റിനിറുത്തി മറ്റൊന്നിന് നിലനിൽപില്ല.

മനുഷ്യന്റെ ആത്മാവിനു മുമ്പിലാണ് ദൈവത്തിന്റെ സന്ദേശം ആദ്യം പ്രത്യക്ഷപ്പെടുന്നത്. പിന്നെ അതവന്റെ ഭൗതികലോകത്തെക്കൂടി പ്രകാശിപ്പിച്ചു രംഗത്ത് വന്നു.

ഗ്രന്ഥവും അത് പരിചയപ്പെടുത്തുന്ന ജീവിതവ്യവസ്ഥയും ഉൾച്ചേർന്ന മഹാശയം ദൈവത്തിന്റെ ഏകത്വത്തെയും മനുഷ്യവിമോചനത്തെയും പുണർന്നു മുന്നോട്ട് നീങ്ങുന്നു. ഏറെ ഉദാത്തമായ ജീവിതവീക്ഷണമാണ് അത് മനുഷ്യന് നൽകുന്നത്. ദൈവദൂതന്മാരാണ് അതിലേക്ക് മനുഷ്യരെ ആദ്യമായി കൈപിടിച്ചാനയിച്ചത്. അതിന്റെ ആദ്യത്തെ ബാലപാഠവും അവസാനത്തെ ഗുരുവിദ്യയും ശിക്ഷണവും പരിശീലനവും ഒരേ കേന്ദ്രവിഷയത്തെ ചുറ്റിപ്പറ്റിയുള്ളതായിരുന്നു– ദൈവം ഏകനാണ്. നിങ്ങൾ അവനിൽ മാത്രം വിശ്വസിക്കുക. അവനെ മാത്രം ആരാധിക്കുക. ബഹുദൈവങ്ങളെ വെടിയുക.

ഈ പാഠങ്ങളാണ് പിൽക്കാലത്ത് പുഷ്പിച്ചുണർന്ന സംസ്കാരങ്ങൾക്കും നാഗരികതകൾക്കും അടിത്തറയായത്. അത് അവയുടെ വളർച്ചക്ക് വഴിമരുന്നിട്ടു. ലോകം അവയുടെ ഫലം അനുഭവിച്ചറിഞ്ഞത് ഏറെ ആസ്വാദനത്തോടെയാണ്. അതിന്റെ തണലിലാണ് മനുഷ്യർ സന്തുലിതവും സാഹോദര്യപൂർണവുമായ ജീവിതം നയിച്ചത്. അവിടെ മനുഷ്യൻ മനുഷ്യൻ മാത്രമായിരുന്നു. നിറവും ഭാഷയും അതിർത്തിയും അവർക്കിടയിൽ വൈകാരികമായ മതിലുകൾ കെട്ടിയുയർത്തിയിരുന്നില്ല. കാരണം, ദൈവ

ത്തിന്റെ വെളിപാടുകളിലായിരുന്നു അവർ ജീവിതസാഫല്യം തേടിയിരുന്നത്. അതവരുടെ ജീവിത ക്രമങ്ങളുടെ താളത്തിന് ആത്മീയതയുടെ വിശുദ്ധി പകർന്നു.

ഒന്നുകൂടിയുണ്ട്. ദൈവികമായ വിശ്വാസത്തിലും ആരാധനയിലും മാത്രം അത് ഒതുങ്ങിനിന്നില്ല. അവന്റെ ജീവിതത്തെ സംസ്കരിക്കുന്നതിനായി മരണാനന്തരജീവിത ചിന്തകളെക്കൂടി സംയോജിപ്പിച്ച വീക്ഷണം അവന്റെ മുമ്പിൽ സമർപ്പിച്ചു.

മരണം മനുഷ്യനെ വിഹ്വലമാക്കിയ പതിവ് യാഥാർഥ്യമാണ്. ദൈവത്തെ നിഷേധിക്കുന്നതുപോലെ മര ണത്തെ നിഷേധിക്കാനാകില്ല. എന്നാൽ മരണശേഷം എന്ത് എന്നിടത്ത് മനുഷ്യർ വ്യത്യസ്ത സ്വര മുള്ളവരാണ്. പക്ഷേ, ഖുർആൻ അവരോട് പറഞ്ഞു: മരണശേഷം ഒരു ജീവിതം കൂടിയുണ്ട്. കക്ഷമ ങ്ങളില്ലാത്ത ഒരു ജീവിതം. അവിടെ ആസ്വാദനമാണ് നടക്കുന്നത്. ഭൗതികലോകജീവിതകർമങ്ങളുടെ ഫലങ്ങളെ ആസ്വദിച്ചുള്ള ജീവിതം. സുഖവും ദുഃഖവും അവിടെയുണ്ട്. അത് തിരഞ്ഞെടുക്കേണ്ടത് മനുഷ്യൻ തന്നെയാണ്. ഈ ലോകത്തെ ജീവിതമാണ് അതിനുള്ള മേഖലയെന്നു മാത്രം. അതിനുള്ള മാർഗമത്രെ ദൈവികവെളിപാടുകളെ അടിസ്ഥാനമാക്കിയുള്ള ജീവിതം. അതനുസരിച്ചു മുന്നോട്ട് പോയാൽ പരലോകത്ത് സുഖമായി ജീവിക്കാം. ദൈവത്തെ ധിക്കരിച്ചാൽ അവിടെ വേദന അനുഭവി ക്കേണ്ടിവരും.

ഈ ചിന്തയിൽനിന്നുള്ള ആത്മീയവികാരമാണ് എന്നും മനുഷ്യകർമങ്ങളെ ശുദ്ധീകരിച്ചിട്ടുള്ളത്. പര ലോകചിന്ത നഷ്ടപ്പെട്ടപ്പോഴൊക്കെ അവൻ ജീവിതം മൃഗത്തിനും പിശാചിനും തുല്യമാവുകയും ചെ യ്തു.

ദൈവപ്രീതിയും അവന്റെ മോക്ഷവും ഒരു പ്രത്യേക വിഭാഗത്തിന്റേത് മാത്രമായി ഖുർആൻ കാണു ന്നില്ല. മനുഷ്യർക്കെല്ലാം അത് അവകാശപ്പെട്ടതാണെന്ന് സോപാധികം അത് വാഗ്ദാനം ചെയ്തു.

ഖുർആന്റെ ജീവിതവീക്ഷണം മനുഷ്യരെല്ലാം ഒന്നെന്ന ഭാവേന അവരുടെ ഏകദൈവത്തിലേക്ക് നയി ക്കുന്നതാണ്. ജനത്തെ കേവലം മതാടിസ്ഥാനത്തിൽ അത് വേർതിരിക്കുന്നില്ല. നന്മയിലുള്ള ശ്രമത്തിൽ എല്ലാവരുമായി സഹകരിക്കാൻ ഖുർആൻ കൽപിച്ചു. കക്ഷിത്വവും ജാതിയും വർഗവും ഭാഷയും അതിർത്തിയും നിലനിൽക്കുന്ന പക്ഷപാതത്തിനെതിരെ ഖുർആൻ താക്കീത് നൽകി.

സമഗ്രവും പ്രായോഗികവും മാനുഷികവും. അതാണ് ഖുർആന്റെ ജീവിതവീക്ഷണത്തിന്റെ പ്രത്യേകത. ജീവിതത്തിന്റെ എല്ലാം അതിന്റെ വരുതിയിൽ പെടുന്നു. വ്യക്തി, സമൂഹം, രാജ്യം, സമ്പത്ത്, ആത്മീയം, ഭൗതികം തുടങ്ങി എല്ലാ മേഖലകളിലും അത് മനുഷ്യന് വഴികാട്ടിയാണ്. ജീവിതത്തിന്റെ എല്ലാ തുറകളിലും അവന്റെ വിമോചനവും പുരോഗതിയുമാണത് കൊതിക്കുന്നത്.

ഭരണകൂടങ്ങളാണല്ലോ നമ്മെ പ്രത്യേക യൂണിറ്റുകളാക്കിനിർത്തുന്നത്. എന്നാൽ പ്രജകളെ നല്ല രീതി യിൽ ഭരിക്കണമെന്ന് അത് ഭരണകൂടങ്ങളോടാവശ്യപ്പെട്ടു. ജനത്തെ പീഡിപ്പിച്ചും ഏകാധിപത്യപര മായും ഭരിക്കുന്നതിനെ അത് വിലക്കി. നായകൻ ജനസേവകനാണെന്ന് അത് പഠിപ്പിച്ചു. അടുത്തവരാ യാലും സ്വന്തക്കാരായാലും നീതി ആർക്കും നിഷേധിക്കരുതെന്ന് അത് നിഷ്കർഷിച്ചു. നീതി തത്വത്തിൽ മാത്രം പോരാ. ജീവിതത്തിലും അത് പാലിക്കണമെന്നു ഖുർആൻ കൽപിച്ചു.

മനുഷ്യന്റെ നിലനിൽപിനായി ദൈവം കനിഞ്ഞരുളിയതാണ് സമ്പത്ത്. സാമ്പത്തികരംഗത്തും അതിന് പ്രത്യേക കാഴ്ചപ്പാടുണ്ട്. അത് ദൈവത്തിന്റേതാണെന്നാണ് തീർത്തു പറഞ്ഞു. അവന്റെ ഇംഗിതങ്ങൾ ക്കൊത്ത് വ്യയം ചെയ്യപ്പെടുന്നതാകണം അത്. മനുഷ്യൻ അതിന്റെ സൂക്ഷിപ്പുകാരൻ മാത്രം. സമൂഹം പ്രയാസപ്പെടുമ്പോൾ അത് കെട്ടിപ്പൂട്ടിവെക്കരുത്. ഖുർആൻ ശക്തിയുക്തം പറഞ്ഞു. മുതലാളിത്ത ത്തിനും നീതിയുക്തമല്ലാത്ത സോഷ്യലിസത്തിനും അത് എതിരാണ്. സമൂഹത്തിന്റെ സമാധാനവും ക്ഷേമവുമാണ് അതിന്റെ ഉന്നം. ചൂഷണത്തെ അത് ശക്തമായി എതിർത്തു. ദരിദ്രർക്കുള്ള അവകാശം കൊടുത്തു വീട്ടാൻ അത് ധനികരോട് ശക്തമായി ആവശ്യപ്പെട്ടു.

മനുഷ്യാവകാശത്തെ ശക്തിയുക്തം സ്ഥാപിച്ച ദർശനത്തെ വേറെ കാണാനാകില്ല. ഓരോരുത്തന്റെയും അവകാശം അവന്റെ ജീവനോളം വിലയുള്ളതാണെന്ന് അത് പ്രഖ്യാപിച്ചു. എല്ലാവരുടെയും അവകാശ ങ്ങളെ അത് അരക്കിട്ടുറപ്പിച്ചു. അവശതയനുഭവിക്കുന്നവരുടെയും ദരിദ്രന്റെയും അവകാശങ്ങൾക്കായി പോരാടാൻ അത് കൽപിച്ചു.

സ്ത്രീകളുടെ അവകാശം അത് പ്രത്യേകമായി കണ്ടു. അവളും സമൂഹത്തിന്റെ ഭാഗമാണ്. പുരുഷനെ പ്പോലെയാണ് അവളുടെ സ്ഥാനം. അത് നിരാകരിക്കാൻ പുരുഷന് അവകാശമില്ല. അവൾ പുണ്യം ചെയ്താൽ അതിന്റെ ഫലം അവൾക്ക് ലഭിക്കും. അത് പുരുഷന് ലഭിക്കുന്ന പ്രതിഫലത്തിന് തുല്യമാണ്. വൈവാഹികബന്ധത്തിലൂടെ രൂപപ്പെടുന്ന കുടുംബവ്യവസ്ഥ തികച്ചും ആരോഗ്യപരവും സംശുദ്ധി യുള്ളതുമാകണമെന്ന് അത് നിഷ്കർഷിച്ചു. ദമ്പതികളിൽ ഒരാൾക്ക് മാത്രം തീരുമാനാധികാരം നൽകി ക്കൊണ്ടുള്ള കുടുംബസംവിധാനമല്ല അതിന്റേത്. പുരുഷൻ കുടുംബത്തിന്റെ നാഥനാണെങ്കിലും സ്ത്രീ ക്കും അവിടെ ഉന്നതസ്ഥാനമുണ്ട്. സ്നേഹവും കരുണയുമാണ് കുടുംബത്തെ പരസ്പരം കോർത്തെ ടുക്കുന്ന കണ്ണി. അതത്രെ ഇസ്‌ലാമിന്റെ വീക്ഷണം.

പരസ്രമുള്ള ബന്ധങ്ങളിൽ ഗുണകാംക്ഷയും സ്നേഹവും കരുണയും സമഭാവനയും വിട്ടുവീഴ്ചയും ക്ഷമയും സത്യസന്ധതയും കണിശമായി പാലിക്കാൻ അത് കൽപിക്കുന്നു. ചതി, വഞ്ചന, കള്ളം, കളവ്, അസൂയ, കാപട്യം തുടങ്ങി നല്ലതല്ലാത്ത എല്ലാ വികാരങ്ങളെയും അത് കണിശമായി വിരോധിച്ചു.

ഖുർആന്റെ ഈ ജീവിതവീക്ഷണമാണ് ഏകലോകക്രമത്തെയും സമാധാനപൂർണമായ രാജ്യത്തെയും സംബന്ധിച്ച സ്വപ്നങ്ങൾക്ക് ബീജാവാപം നൽകുന്നത്. ഖുർആന്റെ സന്ദേശം ജീവിക്കാനുള്ളതാണ്. അതിലാണ് മനുഷ്യന്റെ മോക്ഷവും വിജയവും. അതിനെ വെടിഞ്ഞു ജീവിക്കാൻ അവന് സ്വാതന്ത്ര്യമു ണ്ടെങ്കിലും അത്തരം ജീവിതം അവനെ കൊടിയ വേദനയിലേ ക്കാണ് കൊണ്ടെത്തിച്ചത്. കാലവും ജനതകളും അതിന് സാക്ഷി. ദൈവമാകട്ടെ, അത് ഇഷ്ടപ്പെടുന്നില്ല.

## 12.
## സദാചാരം

ദാരിദ്ര്യം കടുത്ത നാളുകൾ......
മരുഭൂമിയുടെ ഉഷ്ണത്തോടൊപ്പം പട്ടിണിയും വീട്ടിനകത്തേക്ക് വീശിയടിച്ചു.

തിളച്ചുയരുന്ന പട്ടിണിക്കു മുമ്പിൽ പിടിച്ചുനിൽക്കാൻ പറ്റാതായപ്പോൾ അവൾ തന്റെ ബന്ധുവിനെ തേടിയിറങ്ങി.

ചുറുചുറുക്കും ആരോഗ്യവുമൊത്ത യുവാവായിരുന്നു അയാൾ. മരുഭൂമിയിലെ മറ്റേതൊരു യുവാവിനെയും പോലെ അവനിലും നാടോടി ചുറ്റുപാടുകൾ നിറം ചാർത്തിയിരുന്നു.

അവൻ തന്നെ പലവട്ടം കീഴ്പ്പെടുത്താൻ ശ്രമിച്ചതാണ്. അപ്പോഴൊക്കെ തിടുക്കം കത്തുന്ന അവന്റെ മനസ്സിലേക്ക് പലതുമിട്ട് തണുപ്പിക്കുകയായിരുന്നല്ലോ. അക്കാര്യം ഓർത്തപ്പോൾ അവളെ ഭയം ഗ്രസിച്ചു.

അവൾ അവന്റെ വീട്ടിലേക്ക് കയറി. അവിടെ അവൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. തന്നെ കണ്ടതും അവന്റെ മുഖത്ത് പിശാച് ആർത്ത നൃത്തം ചെയ്യുന്നത് അവൾ കണ്ടു.

ദാരിദ്ര്യത്തിന്റെ നിസ്സംഗമായ തന്റെ അവസ്ഥ അവൾ അവന്റെ മുമ്പിലേക്കിട്ടു.
മുമ്പിൽ നിൽക്കുന്ന മരുഭൂസൗരഭ്യത്തോടുള്ള തന്റെ തീരാത്ത ആവേശംകൊണ്ട് അവൻ അവളെ പൊതിഞ്ഞെടുത്തു. കൈപ്പാടകലെ വെച്ച സഹായത്തിന് അവൻ കണിശമായ നിബന്ധന വെച്ചു അവളെ നിർബന്ധിച്ചു.

മരുഭൂമിയിലെ ഉഷ്ണം പഴുത്ത വിങ്ങലിൽ അവൾ കതിർന്നു.....

കുടിലിൽ കഴിയുന്ന കുരുന്നുകളുടെ ജീവൻ പിടിച്ചുനിൽക്കാൻ അവൾ വഴങ്ങി. ആവേശം മൂത്ത അവന്റെ തയാറെടുപ്പ് തന്റെ നെഞ്ചിടിപ്പിലമരവേ, അവൾ പറഞ്ഞു: 'നീ ദൈവത്തെ സൂക്ഷിക്ക്. അവൻ എല്ലാം കാണുന്നുണ്ട്.'

വാക്കുകളിൽ നിന്ന് തുളച്ചുകയറിയ മൂർച്ച അവന്റെ മനസ്സിലേക്ക് കുത്തിയിറങ്ങി. ഒരു പിടയലിൽ അവൻ അവളിൽനിന്നകന്നു.

കഥ പറയുന്നതിനിടയിൽ പെയ്തിറങ്ങിയ നിങ്ങളുടെ മൗനം എന്നെ മൂടി. വാക്കുകൾ മുറിഞ്ഞുവീണു. ഉടനെ നിങ്ങളുടെ ചോദ്യം:
'എന്നിട്ട്?'

എന്തേതായ ഭാവത്തിൽ ഞാൻ നിങ്ങളെ നോക്കി. ബാക്കി പറയാനായിരുന്നില്ല അത്. വേറെ ആവശ്യമുണ്ടായിരുന്നു.

'എന്നിട്ടോ?'

എല്ലാവരിൽനിന്നും ഉയരുന്നതാണ് ഈ ചോദ്യം. താൽപര്യമാണല്ലോ ഏതിനും പ്രേരണ. ഒരു കക്ഷത്തിൽ ഏർപ്പെടുന്നതും അതിനോട് താൽപര്യം പ്രകടിപ്പിക്കുന്നതും ഏകദൈവം നമ്മിൽ നിക്ഷേപിച്ച ധർമ ബോധമനുസരിച്ചാണ്.

തിന്മയോടുള്ള അനുരാഗം കൂടുതലാണ് പലർക്കും.

'അങ്ങനെ നോക്കിയാലൊന്നും ശരിയാവില്ല. മനുഷ്യജീവിതം ആസ്വാദനം നിഷേധിക്കപ്പെട്ടതൊന്നുമല്ല. എന്താ, എല്ലാവർക്കും സന്ന്യാസികളെപ്പോലെ ജീവിക്കാൻ പറ്റുമോ? കാലത്തിനനുസൃതമായി ജീവിതശൈലിയിലും മാറ്റം വേണ്ടേ?'

നിങ്ങളുടെ നാവിന് നീളവും മൂർച്ചയും കൂടുന്നു. എന്നെ ഒതുക്കാനുള്ള ശ്രമത്തിലാണ് നിങ്ങൾ. പറയാൻ നിങ്ങൾക്കും അവകാശമുണ്ടല്ലോ. അത് നിഷേധിക്കാൻ ഞാനാര്?

നമുക്ക് മറ്റൊരു കഥയുടെ വാതിൽ തുറക്കാം.

മരുഭൂമിയിലെ മണൽ പറ്റിപ്പിടിച്ച ജഡയുമായി അയാൾ പ്രവാചകൻ മുഹമ്മദിനെ(സ) സമീപിച്ചു. അയാളുടെ വാക്കുകളിലേക്ക് സൗമ്യശീലനായ മുഹമ്മദ്(സ) മനസ്സ് തുറന്നു. ചുറ്റും അനുയായികളുടെ ആകാംക്ഷ.

'എനിക്ക് വ്യഭിചരിക്കാനുള്ള സമ്മതം തരണം.'

മണൽക്കാറ്റിനോടൊപ്പം ആ വാക്കുകൾ ചുറ്റുമുള്ളവരുടെ കാതുകളിൽ ഞെട്ടലായി പതിഞ്ഞു. പ്രവാചകന്റെ പ്രതികരണം എന്തായിരിക്കും? മഹാപാപമാണ് അയാളുടെ ആവശ്യം.

സൂര്യൻ മണൽക്കുന്നുകൾക്കപ്പുറത്തേക്ക് ഇറങ്ങി. അതിന്റെ ചുവന്ന നിറത്തിൽ മണൽക്കുന്നുകൾ തുടുത്തു.

ദൈവവിരോധം കേട്ടാൽ അപൂർവം ചിലപ്പോൾ പ്രവാചകന്റെ മുഖം അതുപോലെ ചെമപ്പണിയാറുണ്ടെന്ന കാര്യം അവരോർത്തു. ജനത്തോടുള്ള സ്നേഹം. സ്നേഹമുള്ളേടത്താണല്ലോ ശാസനയുണ്ടാവുക. ജനം തെറ്റ് ചെയ്ത് ദൈവകോപത്തിലേക്ക് വീഴുന്നത് അദ്ദേഹം എങ്ങനെ സഹിക്കും?

മരുഭൂമിയിൽ തണുത്ത കാറ്റുണർന്നു. പ്രവാചകന്റെ സുസ്മേരവദനം അവർക്ക് കുളിർമയായി.

'ഒരാൾ നിന്റെ മാതാവിനെ വ്യഭിചരിച്ചാൽ നീ എന്ത് ചെയ്യും?' ആഗതന്റെ ഔചിത്യമില്ലാത്ത ആവശ്യത്തിലേക്ക് അദ്ദേഹം മനസ്സ് തുറന്നു.

'ഞാനവനെ കൊന്നുകളയും. ഉറപ്പ്.' അയാൾ ശബ്ദം ഉയർത്തി പറഞ്ഞു.

'ശരി. നിന്റെ സഹോദരിയെ ഒരാൾ മാനഭംഗപ്പെടുത്തി. നീ എന്താ ചെയ്യുക?'

‘കൊല്ലും, ഞാനവനെ.’ അയാൾ ദേഷ്യം കൊണ്ട് വിറക്കാൻ തുടങ്ങി.
‘എങ്കിൽ നിന്റെ മകളെ വ്യഭിചരിക്കാൻ ഒരാൾ നിന്നോട് അനുവാദം തേടി. നീ എന്തു ചെയ്യും?’

‘അനുവാദം കൊടുക്കാനോ? ഉം, വെട്ടി കഷണമാക്കും ഞാനവനെ.’ കോപം കൊണ്ട് അയാളുടെ ഞരമ്പുകൾ മുറുകിയിരുന്നു.

നന്മയുടെ ഏതോ വികാരം അയാളുടെ മനസ്സിലുള്ളത് പ്രവാചകൻ ഒപ്പിയെടുത്തു. അദ്ദേഹത്തിന്റെ സ്നേഹമസൃണമായ കൈ അയാളുടെ ചുമലിൽ വെച്ചു. മരുഭൂമിയുടെ സ്നിഗ്ധമായ ശൈലിയിൽ അദ്ദേഹം പറഞ്ഞു: ‘നിനക്ക് ഇപ്പോഴുണ്ടായ ഈ വികാരം തന്നെയല്ലേ എല്ലാവർക്കും ഉണ്ടാവുക? നിന്റെ മാതാവിനെയും സഹോദരിയെയും മകളെയും നീ കാത്തുസൂക്ഷിക്കുന്നതുപോലെതന്നെയാണ് മറ്റുള്ളവരും അവരുടെ മാതാക്കളെയും സഹോദരിമാരെയും പെൺമക്കളെയും സൂക്ഷിക്കുന്നത്. അവരിൽ ഉൾപ്പെടാത്ത സ്ത്രീകളൊന്നും ലോകത്ത് ഇല്ലല്ലോ.’

അയാളുടെ തല താണു. മരുഭൂമിയിൽ അരിച്ചെത്തിയ മൂവന്തിയുടെ നരച്ച ഇരുട്ടിനോടൊപ്പം അയാളുടെ മനസ്സിൽ ഖേദം അരിച്ചെത്തി.

ദാരിദ്ര്യം അധികമൊന്നും അലട്ടാത്ത സാഹചര്യങ്ങളിൽ നാം അത്രയൊന്നും വഴിവിട്ട ജീവിതരീതി കളെപ്പറ്റി ചിന്തിക്കാറില്ല. സമ്പത്തിന്റെയും സൗകര്യങ്ങളുടെയും നിറവിലാണ് മനുഷ്യൻ അതെപ്പറ്റി ചിന്തിക്കുക. ജീവിതകാലം മുഴുവൻ തീർത്താൽ തീരാത്ത ഖേദവും വേദനയുമാണ് അതിന്റെ പരിണതി. പ്രശസ്തിയിലും സമ്പന്നതയിലും ആറാടിയിരുന്ന എത്രയോ പേർ ഉദാഹരണമായി നമുക്ക് മുൻപി ലുണ്ട്.

നൂൽബന്ധമില്ലാതെ ആയിരങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന ഫാഷൻ പരേഡിലെ മോഡലുകൾ. ആ രീതിയിൽ അവർ മിനുട്ടുകളോളം ഫോട്ടോക്ക് പോസ് ചെയ്യുക. ആ ഫോട്ടോ, ബെസ്റ്റ് ഫോട്ടോ ഓഫ് ദ ഇയർ ആയി തിരഞ്ഞെടുക്കുക. എന്തു പറ്റി നമ്മുടെ ചിന്തക്ക്

നാം സദാചാരത്തെക്കുറിച്ച് ഓർക്കുന്നത് ഇതൊക്കെ നിറഞ്ഞ സാഹചര്യത്തിൽ ഇരുന്നുകൊണ്ടാണ്. എല്ലാവരും നമ്മെ നല്ലനിലയിൽ ഓർക്കണമെന്നും ആ ഓർമ സദാ അവരിൽ നിലനിൽക്കണമെന്നും നാം ആഗ്രഹിക്കുന്നു. നല്ലതും മധുരോദാരവുമായ കാര്യങ്ങളെയാണ് ജനങ്ങൾ എന്നും സ്നേഹത്തോടെ ഓർക്കുകയും ലാളിക്കുകയും ചെയ്യുകയുള്ളൂ. അല്ലാത്തവ മറക്കാനാണ് കൊതിക്കുക.

മനുഷ്യന്റെ പ്രകൃതി അതാണ്. നന്മയുടെ പ്രകാശം എല്ലാവരുടെ മനസ്സിലും നിലനിൽക്കുന്നുണ്ടെന്നത് പരമാർഥമാണ്. അത് പ്രകൃതിയുടെ നിശ്ചയമാണ്. അതിനെ പരിചരിച്ചു വളർത്തിയെടുക്കുകയത്രെ മനുഷ്യന്റെ ധർമം.

നമ്മുടെ മനസ്സിൽ കടന്നുവരാത്ത ഒരു വിഷയമുണ്ട്. ജീവിതത്തിന്റെ തിരക്ക് അശ്രദ്ധമാക്കിയ ഒരുപാട് കാര്യങ്ങളിൽ ഒന്ന്. ഏകദൈവം എന്തിനാണ് മനുഷ്യനെ മണ്ണുകൊണ്ട് സൃഷ്ടിച്ചത്?

ചാനലീകരിപ്പെട്ട ജീവിതത്തിരക്ക് ഒഴിച്ചാൽ നാം ആരുമല്ലാതായിരിക്കുന്നു. ചിന്തിക്കാനുള്ള ചിന്ത പോലും നമ്മിൽ ബാക്കിയില്ല.

മനുഷ്യന്റെ സൃഷ്ടിപ്പിന് ആരംഭം കുറിച്ചത് മണ്ണിൽനിന്നായത് പ്രത്യൽപാദനം എന്ന ധർമത്തിനു വേണ്ടി യാണ്. നന്മയുടെ പ്രത്യൽപാദനം.

നന്മ ആചരിക്കുക. തിന്മ വെടിയുക. അത് തടയുക. ചുരുങ്ങിയ പക്ഷം ആവക കാര്യങ്ങളെ വെറു ക്കാനുള്ള മനസ്സെങ്കിലും ഉണ്ടാക്കിയെടുക്കുക. ഇത് സദാചാരത്തിന്റെ വഴിയാണ്. ഈ വഴിയാണ് നമുക്ക് ജീവിക്കാനുള്ളത്.

നന്മയോടും സദാചാരത്തോടും സ്നേഹമില്ലാത്ത മനസ്സിന് അതുൾക്കൊള്ളാനാകില്ല. അതിന് ആത്യന്തികമായി വേണ്ടത് ജീവിതവിജയത്തിന് നിദാനമായി നന്മയും സദാചാരവും സംവിധാനിച്ച ഏകദൈവത്തോട് വിധേയത്വവും സ്നേഹവും ഉണ്ടാകണം.

നന്മ ചെയ്യുക, പ്രോത്സാഹിപ്പിക്കുക. തിന്മ വെടിയുക, തടയുക. ഇത് ജീവിതനിയോഗത്തിന്റെ ഭാഗമാണ്. പക്ഷേ, ജീവിതത്തോടുള്ള നമ്മുടെ സമീപനം മാറിവരികയാണ്. മുമ്പ് ഒരു കുട്ടിക്ക് സിഗരറ്റ് വലിക്കാൻ പലരെയും ഭയപ്പെടേണ്ടിയിരുന്നു. അവന് ഒളിച്ചുനിന്ന് അത് വലിക്കേണ്ടിയിരുന്നു. ഇന്ന് സ്ഥിതി മാറി. ഒന്നിനും ഒരു വിലക്കുമില്ല. മുമ്പ് തെറ്റ് ചെയ്യുന്നവന് മനസ്സാക്ഷിക്കുത്ത് അനുഭവപ്പെട്ടിരുന്നു, അത് കാണുന്നവർ തിരുത്തിയിരുന്നു. ഇന്ന് തെറ്റ് ചെയ്യുന്നവർ തെറ്റ് ചെയ്യുന്നു. അത് കാണുന്നവർക്കുമില്ല പ്രശ്നം. മനസ്സാക്ഷി നഷ്ടപ്പെട്ടതാണോ? അതല്ല, തെറ്റിനോടുള്ള സമീപനം മാറിയതാണോ? ഞത് നിർവചിച്ചെടുക്കാക്കാനാകില്ല.

നന്മ ചെയ്തു ജീവിക്കുക. അത് മറ്റുള്ളവർ കാണട്ടെ. അത്ര മതി. പക്ഷേ, നമുക്ക് സൗകര്യങ്ങളും നാട്ടാചാരങ്ങളുമാണ് വലുത്. കടമകളായി മാറിയ നാട്ടാചാരങ്ങൾ. ധർമം പൊറുപ്പിക്കാത്തവ പോലും അക്കൂട്ടത്തിലുണ്ട്.

നന്മയുടെ രൂപങ്ങളൊന്നും ഇപ്പോൾ നിർവചിക്കാനാകില്ല. വഴിയിൽ കിടക്കുന്ന ഉപദ്രവം നീക്കുന്നതു പോലും നന്മയാണ്. അതിന് പ്രേരിപ്പിക്കുന്നതും നന്മ തന്നെ. നന്മ നമ്മെ ദൈവത്തിന്റെ മോക്ഷ ത്തിലേക്ക് നയിക്കുന്ന വഴികാട്ടിയാണ്. അങ്ങനെയാണ് പ്രവാചകന്മാർ പഠിപ്പിച്ചത്.

നന്മ ചെയ്യുന്നവരാണ് നാം. എന്തിനാണ് നന്മയെ പ്രോത്സാഹിപ്പിക്കുന്നത്? തിന്മ സ്വയം ചെയ്യാതി രുന്നാൽ പോരേ? മറ്റുള്ളവരെ എന്തിന് അതിൽനിന്ന് തടയണം? നമുക്ക് നമ്മുടെ കാര്യം നോക്കിയാൽ പോരേ? ചിലരുടെ ചോദ്യം.

പോരാ. അത് ആത്മീയകാര്യം മാത്രമല്ല ബുദ്ധിയുടെ തേട്ടം കൂടിയാണ്. സ്വസ്ഥമായ ജീവിതമാണ് മനുഷ്യന് ഏറെ ആവശ്യം. നന്മയെ സ്നേഹിക്കുന്ന സമൂഹത്തിനു മാത്രമേ അത് സാധിക്കുകയുള്ളൂ.

എന്നുവെച്ച് നന്മ ഉണ്ടാക്കിയെടുക്കാൻ വല്ലാതെ വിയർപ്പൊഴുക്കുകയൊന്നും വേണ്ടാ. ഇരുട്ടിനെ പറ്റെ മാറ്റിയിട്ടല്ലല്ലോ വെളിച്ചം വരുന്നത്. വെളിച്ചം വരുമ്പോൾ ഇരുട്ട് പോകുന്നു.

വെളിച്ചത്തിന് വരാനുള്ള വഴിയാണ് നാം ഉണ്ടാക്കേണ്ടത്. അതിന് നിർണിത രൂപങ്ങളൊന്നുമില്ല. ചുറ്റുപാടിനും സാഹചര്യത്തിനും അനുസരിച്ച് നന്മ ചെയ്യുകതന്നെ. അത് മനുഷ്യജന്മവുമായി ബന്ധപ്പെട്ട സംഗതി കൂടിയാണ്. കാരണം, അതിലൂടെയാണ് ജീവിതത്തിന് ശാന്തിയും ജനങ്ങൾ തമ്മിൽ സ്നേഹവും ഉണ്ടാവുകയുള്ളൂ. ഇതിന് ഒരു അനുബന്ധമുണ്ട്. അതെന്തെന്ന് പിന്നീട് പറയാം.

## 13.
## മനശ്ശാന്തി

രാത്രി പത്തു മണിയായിട്ടും എന്റെ ജോലി തീർന്നിരുന്നില്ല. പതിവിലധികം ജോലിത്തിരക്കിലായിരുന്നു ഞാൻ. കമ്പനിയുടെ പുതിയ പ്രൊജക്ടുമായി ബന്ധപ്പെട്ട പ്രധാന മീറ്റിംഗിൽ നാളെ പങ്കെടുക്കേണ്ട തുണ്ട്. ഇതുവരെ നടന്ന കാര്യങ്ങളുടെ റിപ്പോർട് തയാറാക്കി സമർപ്പിക്കേണ്ട ഉത്തരവാദിത്തം എനി ക്കാണ്.

കുട്ടികളെ ഉറക്കുന്ന തിരക്കിലാണ് ഭാര്യ. സാധാരണ അക്കാര്യം ഞാനാണ് ചെയ്തിരുന്നത്. ഇന്ന് പതിവ് തെറ്റിയിട്ടുണ്ട്.

അസാധാരണമായി മൊബെയിൽ റിംഗ് ചെയ്തു. അത്ര കാര്യമാക്കാതെ ഞാൻ ജോലിയിൽ മുഴുകി. അൽപം കഴിഞ്ഞ് റിംഗ് ആവർത്തിച്ചപ്പോൾ വൈമനസ്യത്തോടെ ഞാനത് അറ്റന്റ് ചെയ്തു.

'ഹലോ, ഞാൻ അബ്ദുവാണ്. അത്യാവശ്യമായി ഒന്ന് കാണണം.'
'ഇപ്പോൾ സമയമില്ല, നാളെയാകട്ടെ.'
'പ്ലീസ്, ഇന്ന് തന്നെ കാണണം. നാളെ കാണുമെന്ന് എന്താ ഉറപ്പ്?'
'ഉം, ശരി. പെട്ടെന്ന വരണം.'

പത്തു നിമിഷം കഴിഞ്ഞു ക്വാളിംഗ് ബെൽ മുഴങ്ങി. ഞാൻ വാതിൽ തുറന്ന സിറ്റൗട്ടിലേക്കിറങ്ങി. മുമ്പിൽ നിൽക്കുന്ന ആഗതനെ കണ്ട് ഞാൻ അത്ഭുതപ്പെട്ടു. അബ്ദു എന്ന് പറഞ്ഞപ്പോൾ ഇങ്ങനെ ഒരു അബ്ദുവിനെ ഞാൻ പ്രതീക്ഷിച്ചിരുന്നില്ല.

ആരെയും കൂസാതെ കള്ളും പൊടി യുമായി നടക്കുന്ന ഇവന് എന്തുപറ്റി എന്ന് ഞാൻ ആശ്ചര്യപ്പെട്ടു.

ഒരു കസേര വലിച്ചിട്ട് എനിക്കഭിമുഖമായി ഇരുന്ന് അവൻ സംസാരിച്ചു തുടങ്ങി. ആമുഖത്തിനൊന്നും അവന്റെ തിടുക്കത്തിന്ന സമയമുണ്ടായിരുന്നില്ല.

'എന്നെ പ്രതീക്ഷിച്ചില്ല, അല്ലെ? സാരല്ല. എന്നെ നിനക്ക് അറിയാലോ? ഇഷ്ടം പോലെ സ്വത്തും പ്രതാ പവുമുള്ള പിതാവിന്റെ മകൻ. ആ സൗകര്യം ഉപയോഗപ്പെടുത്തി പല രീതിയിലും ഞാൻ ജീവിച്ചു. അതിന്റെ പേരിൽ വീട്ടിൽനിന്ന പോലും പുറത്തായി. ഉള്ള ജോലിയും പോയി. ഒക്കെ നഷ്ടപ്പെട്ട് ഞാൻ സമാധാനത്തിനായി പോകാത്ത വഴികളില്ല. പല ദർഗകളിലും ഞാൻ ചെന്ന താമസിച്ചു. പല നാടുക ളിലും ചുറ്റിസഞ്ചരിച്ചു. പലരുമായും സഹവസിച്ചു. പക്ഷേ, എനിക്ക് സമാധാനം മാത്രം കിട്ടുന്നില്ല. പ്ലീസ്, എന്നെ സഹായിക്കണം. സമാധാനത്തോടെ, ഒരു മനുഷ്യനായി എനിക്ക് ജീവിക്കണം. നിനക്ക് മാത്രമേ എന്നെ എന്നെ സഹായിക്കാൻ സാധിക്കുകയുള്ളൂ.'

കുറ്റബോധം അവനെ തളർത്തിയിരുന്നു.
'ഇക്കാര്യം രാവിലെ വന്ന പറഞ്ഞാൽ പോരേ?'
'പോരാ, ഇപ്പോഴത്തെ അവസ്ഥയിൽ ഈ രാത്രിക്കു ശേഷം ഒരു പ്രഭാതമുണ്ടാകാത്ത വിധം ഞാൻ സ്വയം നശിച്ചെന്ന വരാം.'
'നീ വല്ലതും കഴിച്ചോ?'
'കഴിച്ചിട്ടില്ല. വല്ലതും കിട്ടിയിരുന്നത് അനുജന്റെ വീട്ടിൽനിന്നാണ്. ഇപ്പോൾ അവനുമായി ഉടക്കിലാ. തറവാട്ടിലേക്ക് കയറുന്നത് ഉപ്പ നേരത്തെ തന്നെ വിലക്കിയിട്ടുണ്ട്.'

മിച്ചമുണ്ടായിരുന്ന ഭക്ഷണം അവന വിളമ്പി. അലക്കിയ ഒരു മുണ്ടും തോർത്തുമെടുത്ത് അവനു നേരെ നീട്ടി ഞാൻ പറഞ്ഞു: ''നിന്റെ വസ്ത്രം വല്ലാതെ മുഷിഞ്ഞിട്ടുണ്ട്. ഇങ്ങ് അഴിച്ചുതാ. അലക്കിയേക്കാം. നീ അപ്പുറം പോയി കുളിച്ചിട്ട് വാ. ''
അവൻ അത്ഭുതത്തോടെ എന്നെ നോക്കി.

ഞാൻ അവന്റെ വസ്ത്രങ്ങൾ വാഷിംഗ് മെഷിനിലേക്കിട്ടു ഭാര്യയോട് അത് കഴുകാൻ പറഞ്ഞു.
അവൻ കുളി കഴിഞ്ഞു വന്നു.
''നീ ഒരു പുതിയ മനുഷ്യനായിട്ടാണ് എന്റെ വീട്ടിലേക്ക് വന്നത്. ഇനി മനസ്സമാധനമാണ് വേണ്ടത്. അതിന് ഞാൻ പറയുന്നതു പോലെ ചെയ്തേ പറ്റൂ. ഇന്ന് രാത്രി ഇതാ ഇവിടെ കിടക്ക്. പുലർച്ചെ നാലു മണിക്ക് ഞാൻ വിളിക്കും. എന്റെ കൂടെ വരണം. രണ്ടു ദിവസം ഞാൻ പറയുന്നതു പോലെ വേണം ജീവിക്കാൻ. സമ്മതിച്ചോ?''
''സമ്മതിച്ചു.''
''ശരി, കിടന്നോളു.''

അവനെ വിട്ട് ഞാൻ എന്റെ ജോലിയിലേക്ക് തിരിഞ്ഞു.

പുലർച്ചെ പ്രഭാതപ്രാർഥനക്കായി ഞാൻ പള്ളിയിലേക്ക് ചെന്ന. കൂടെ അവനും. അവനെ കണ്ട് ആളു കൾ ആശ്ചര്യപ്പെട്ടു. വിസ്മയത്തോടെ അവന്റെ പിതാവ് ഞങ്ങളെ തന്നെ നോക്കിനിന്നു.

പബ്ലിക് ലൈബ്രറിയിൽ എനിക്ക് ചില ജോലികൾ ചെയ്തുതീർക്കാനുണ്ടായിരുന്നു. ഞാനത് അവനെ ഏൽപിച്ചു. ഭക്ഷണത്തിന് ഹോട്ടൽ ഏർപ്പാട് ചെയ്തു. കൃത്യമായി പള്ളിയിൽ ചെന്ന നമസ്കരിക്കണം. ആളുകളോട് തുറന്ന മനസ്സോടെ പെരുമാറണം. അതായിരുന്നു എന്റെ നിർദ്ദേശം.

വൈകീട്ട് ഞാൻ അവനെ തിരക്കി ലൈബ്രറിയിലേക്ക് ചെന്നു. എന്നെ കണ്ട ഉടനെ അവൻ എന്റെ കൈ കടന്ന പിടിച്ചു പറഞ്ഞു: ''വല്ലാത്ത ഒരു ജീവിതാനുഭൂതിയിലാണ് ഞാനിപ്പോൾ. ആളുകൾക്ക് പ്രത്യേ കിച്ച് എന്റെ വാപ്പക്ക് എന്നോട് എന്ത് സന്തോഷമാണെന്നോ? ഈ സന്തോഷവും സമാധാനവുമാണ് ഞാൻ വർഷങ്ങളായി കൊതിച്ചുനടന്നത്.''

ഒരു കാര്യമുണ്ട്. സമാധാനമില്ലാതെയും ജീവിക്കാം എന്ന് ആരും പറയരുത്. അത് കലാപപ്രിയരായ ആളുകളുടെ മാനസികാവസ്ഥയാണ്. എന്നാലും സമാധാനം അവർക്കൊക്കെ ആവശ്യമാണ്.

ശാന്തി തേടി ചിലർ പല ആശ്രമങ്ങളിലേക്കും ചെല്ലാറുണ്ട്. ചിലർ മഠങ്ങളിലേക്ക് യാത്രയാകുന്നു. ചിലർ ദർഗകൾ സന്ദർശിക്കുന്നു. ചിലർ വിജനതയിൽ കഴിച്ചുകൂട്ടുന്നു. ചിലർ പുതിയ ദർശനങ്ങൾക്ക് രൂപം കൊടുത്ത് അതുമായി ജീവിക്കുന്നു. ചിലർ മയക്കുമരുന്നുകളിൽ അഭയം തേടുന്നു. ചിലർ ജീവിതം തന്നെ വേണ്ടെന്ന് വെക്കുന്നു. ഇവയൊന്നും മനുഷ്യനെ സമാധാനത്തിലേക്ക് നയിക്കുന്ന വഴികളല്ല.

സമാധാനത്തോടെയുള്ള ജീവിതം മനുഷ്യന്റെ ജന്മാഭിലാഷമാണ്. സമാധാനം തകരുന്നതോടെ തന്റെ ജീവിതം തകർന്നതായി അവൻ കണക്കാക്കും. അതിനാലാണ് സമാധാനത്തിനായി അവൻ എന്തു വില നൽകാനും തയാറാകുന്നത്.

സമാധാനം നിലനിൽക്കാൻ ദൈവം വഴി പറഞ്ഞുതന്നിട്ടുണ്ട്. അതെന്തെന്ന് പിന്നീട് വ്യക്തമാക്കാം. അതിനു മുമ്പ് ചില കാര്യങ്ങൾ നാം മനസ്സിലാക്കുക.

പലയിടത്തും സൂചിപ്പിച്ച ഒരു കാര്യം സാന്ദർഭികമായി പറയട്ടെ. ഈ പ്രപഞ്ചത്തിലെ ഓരോ വസ്തുവിനും സ്രഷ്ടാവ് അവക്കനുയോജ്യമായ പ്രകൃതി നൽകിയിട്ടുണ്ട്. അതാണ് അവക്ക് സമാധാനം നൽകുന്നത്. പറന്നുകളിക്കുന്ന പറവകളെ കൂട്ടിലടച്ചാൽ അവക്ക് എവിടെനിന്നാണ് സമാധാനം കിട്ടുക? അവയെ എത്ര ഓമനിച്ചു പോറ്റിയാലും സ്വതന്ത്രമായി ജീവിക്കുന്ന ശാന്തി അവക്ക് ലഭിക്കുകയില്ല. അവക്ക് നിശ്ചയിച്ച പ്രകൃതി തെറ്റി എന്നതാണ് കാരണം. ആളുകളെ പിടിച്ച് വനത്തിൽ കെട്ടിയിട്ടാൽ എങ്ങനെയുണ്ടാകും?

പ്രകൃതി പോലെത്തന്നെയാണ് വ്യവസ്ഥയുടെ കാര്യവും. മനുഷ്യന്റെ സമാധാനത്തിനായാണ് ഏക ദൈവം അവന്റെ ജീവിതത്തിന് വ്യവസ്ഥ നൽകിയത്. ചില കാര്യങ്ങൾ നമ്മോട് ചെയ്യുവാൻ അവൻ ആവശ്യപ്പെട്ടു. ചില കാര്യങ്ങൾ ചെയ്യരുതെന്ന് ആവശ്യപ്പെട്ടു. ഈ നിർദേശങ്ങൾ മനുഷ്യജീവിതത്തിന്റെ സമാധാനത്തിനുള്ളതാണ്. അത് ലംഘിക്കുന്നതുകൊണ്ടാണ് ജീവിതത്തിൽ സമാധാനം ഇല്ലാതെയാകുന്നത്.

ദൈവം നിശ്ചയിച്ച പ്രകൃതിക്കും വ്യവസ്ഥക്കും അനുസരിച്ചു ജീവിക്കുക. അതിന് എന്തു പേരു പറഞ്ഞാലും ശരി. അതിന്റെ ഓരോ വശവും മനുഷ്യന്റെ സമാധാനത്തിനുള്ളതാണ്. ഖുർആൻ പറഞ്ഞതിങ്ങനെ: ദൈവം നിങ്ങളെ ശാശ്വത സമാധാനത്തിന്റെ ഗേഹതിലേക്കാണ് വിളിക്കുന്നത്. (10:25)

സമാധാനപൂർണമായ സാഹചര്യത്തോടു കൂടിയാണ് ദൈവം മനുഷ്യനെ ഭൂമിയിലേക്കയച്ചത്. ഇവിടെ സമാധാനത്തോടു ജീവിക്കണമെങ്കിൽ ചില ഉപാധികൾ അവൻ പാലിക്കണമായിരുന്നു. പക്ഷേ, ആ ഉപാധിയെക്കാൾ നമുക്ക് എളുപ്പവും സൗകര്യവുമായി തോന്നിയത് പിശാചുമായുള്ള ചങ്ങാത്തമായിരുന്നു.

മനുഷ്യൻ സമാധനത്തോടെ ജീവിക്കുന്നത് പിശാചിന് ഇഷ്ടമല്ല. പക്ഷേ, അത് മനസ്സിലാക്കാൻ മനുഷ്യന് സാധിച്ചില്ല. സമാധാനത്തിനായി ദൈവം നിശ്ചയിച്ചു തന്ന ജീവിതനിർദ്ദേശങ്ങളെ പിശാചിന്റെ പ്രേരണക്ക് വിധേയനായി മനുഷ്യൻ വിസ്മരിച്ചു. അവന്റെ ജീവിതത്തിലെ വലിയ ദുരന്തമായിരുന്നു അത്.

നാം രണ്ട് കാര്യങ്ങൾ വേർതിരിച്ചു മനസ്സിലാക്കുക.

ഒന്ന്, ദൈവം മനുഷ്യനെ വിളിക്കുന്നത് സമാധാനത്തിന്റെ ഗേഹത്തിലേക്കാണ്.
രണ്ട്, പിശാച് മനുഷ്യനെ വിളിക്കുന്നത് നിത്യദുരിതത്തിന്റെ ഗേഹത്തിലേക്കാണ്.

ആദ്യത്തേതിനെയാണ് മനുഷ്യപ്രകൃതി കൊതിക്കുന്നത്. പറഞ്ഞല്ലോ, അത് കിട്ടാൻ ചില ഉപാധികളുണ്ടെന്ന്. ദൈവം നിർണയിച്ച സമാധാനത്തിന്റെ വഴി തിരഞ്ഞെടുക്കുകയത്രെ അതിൽ പ്രധാനം. അത് കണ്ടെത്താനുള്ള സംവിധാനവും അവൻ മനുഷ്യന് നൽകിയിട്ടുണ്ട്. ആ വഴിയിലൂടെ സഞ്ചരിക്കാനല്ലാതെ അതിന്റെ നിർമാണത്തിലോ സംവിധാനത്തിലോ മനുഷ്യന് അൽപം പോലും പങ്കില്ല. മനുഷ്യരിൽ വല്ലവനും ആ വഴിയെ നടന്നാൽ അവന് സമാധാനം കിട്ടും. അത്ര തന്നെ.

ദൈവസ്മരണയും അവനു മാത്രമുള്ള വുധേയത്ത്വവും. അതത്രെ ആ വഴിയുടെ അടിത്തറ. ദൈവത്തെ വിസ്മരിച്ചോ അവഗണിച്ചോ ആർക്കും സമാധാനം ലഭിക്കുകയില്ല. അത് ദൈവികനിർണയം. എന്നാൽ മനുഷ്യകർമങ്ങളിൽ പലപ്പോഴും ദൈവത്തെക്കുറിച്ച വിചാരത്തിന് സ്ഥാനമുണ്ടാകാറില്ല.

പഴയ കാലത്തെ സമാധാനം ഇന്നില്ല. എമ്പാടും പ്രശ്നങ്ങളാണ്. കുഴപ്പങ്ങൾ ദിനേനയെന്നോണം പെരുകിവരികയാണ്. ആർക്കും ആരെയും വിശ്വാസമില്ല. അതിനാൽ ആർക്കും ആരോടും സ്നേഹവികാരങ്ങളുമില്ല. അവനവൻ ഉണ്ടാക്കിയ ജീവിത തുരുത്തുകളിൽ ഒറ്റപ്പെട്ട് കഴിയുകയാണെല്ലാവരും. അത് പിശാചിന്റെ തന്ത്രം.

ദൈവം നിർണയിച്ച ജീവിതവ്യവസ്ഥയനുസരിച്ചു ജീവിക്കുന്നവരെ പരിശോധിക്കുക. അവർ പരസ്പരം കണ്ടുമുട്ടുമ്പോൾ പോലും സമാധാനത്തിനു വേണ്ടി പ്രാർഥിക്കുന്നു. പിരിഞ്ഞുപോകുമ്പോഴും പ്രാർഥിക്കുന്നു. ദൈവികവ്യവസ്ഥയുടെ പ്രത്യേകതയാണത്. ജീവിതത്തിൽ ഏറെ മനശ്ശാന്തി അനുഭവിക്കുന്നവരാണവർ.

## 14.
## ബന്ധങ്ങളുടെ ആന്തരാർഥം

മീനച്ചൂട് കത്തിനിൽക്കുന്ന പകൽ.
ഉഷ്ണജ്വാല മണ്ണിൽ പഴുത്തു.
ഇല കൊഴിഞ്ഞ ചില്ലകളുടെ തണലിൽ കിടന്ന് കാലികൾ കിതച്ചു.

മഴ വീഴുമ്പോഴേക്ക് വീടിന്റെ അറ്റകുറ്റപ്പണികൾ തീർക്കണം.
ചിതലരിച്ച മരങ്ങളെല്ലാം മാറണം. അയാൾ വീടിന്റെ മുകൾഭാഗം ഭാഗികമായി പൊളിച്ചു. സഹായ ത്തിന് ആശാരിയുണ്ട്. വൃദ്ധരായ മാതാപിതാക്കൾ തങ്ങളാലാകുന്നത് ചെയ്യുന്നു.

''നീയ്യിങ്ങട്ട് എറങ്ങ്. ബെയിലാരീറ്റ് മതി ബാക്കി പണ്യൊക്കെ.''
പുരപ്പുറത്ത് വെയിലേറ്റ് ജോലി ചെയ്യുന്ന മകനോട് വൃദ്ധനായ പിതാവ് പലതവണ പറഞ്ഞു. പക്ഷേ, അത് ശ്രദ്ധിക്കാനുള്ള അവസ്ഥയിലായിരുന്നില്ല അയാൾ. ജോലിക്കാരെ ഇന്ന് കണ്ടാൽ കണ്ടു. നാളത്തെ കാര്യം ഉറപ്പിക്കാൻ പറ്റില്ലല്ലോ.

മകൻ തന്റെ വാക്കുകൾ അനുസരിക്കാത്തതിൽ പിതാവ് പ്രയാസപ്പെട്ടു. മകൻ കത്തുന്ന വെയിലേൽ ക്കുമ്പോൾ പിതൃഹൃദയം പൊള്ളും. അത് സ്വാഭാവികം.

വൃദ്ധൻ ഉടനെ ഒരു വയസ്സ് തികയാത്ത തന്റെ പേരക്കുട്ടിയെ എടുത്ത് വെയിലിൽ വെച്ചു. കുരുന്നിനെ വെയിലിൽ വെച്ചതുകണ്ട് യുവാവിന് പൊള്ളി. സ്വന്തം കുഞ്ഞിനോടുള്ള അലിവ് അയാളുടെ മനസ്സിനെ ഉരുക്കി.

''അഛാ, എന്താ ഈ ചെയ്തത്? ആ കുട്ടിക്ക് തലവേദന ഉണ്ടാകില്ലേ?'' അയാൾ അഛന്റെ നേരെ ശബ്ദം വെച്ചു.

''നെന്റെ കുഞ്ഞിനെ ഞാൻ ബെയിലത്ത് വെച്ചപ്പോ നെനക്ക് വേദനിച്ചൂലേ. അതെന്നേ എന്റീം കാര്യം. ഒരു കാര്യത്തിനാണേലും നിയ്യ് ങ്ങനെ ബെയില് കൊള്ളുമ്പം ഇൻക്കൂണ്ട് വേദന. അന്റെ അഛനല്ലേ ഞാൻ?''
അയാളുടെ വാക്കുകളിൽ നൊമ്പരം കനത്തിരുന്നു.

കുരുക്ഷേത്ര ഭൂമിയിൽ കൗരവരും പാണ്ഡവരും മുഖത്തോടു മുഖം അണിനിരന്നു....
പാണ്ഡവപക്ഷത്തെ നയിക്കാൻ അർജുനൻ സർവായുധ വിഭൂഷിതനായി മുന്നോട്ടുവന്നു. അദ്ദേഹം ശത്രുപക്ഷത്തെ ഒന്ന് നോക്കി. ബന്ധുജനങ്ങളും ഗുരുക്കന്മാരുമാണ് കൗരവപക്ഷത്ത് അണിനിരന്നിട്ടു ള്ളത്.

ഈ ആളുകളെ കൊന്നൊടുക്കിയിട്ട് എന്തു നേട്ടം? അദ്ദേഹം കുണ്ഠിതപ്പെട്ടു തേരിൽ തളർന്നിരുന്നു. അർജുനനെ ഖിന്നതബാധിച്ചതു കണ്ട് അദ്ദേഹത്തിന്റെ തേരാളി ശ്രീകൃഷ്ണൻ ഇങ്ങനെ ഉപദേശിച്ചു:

''അല്ലയോ അർജുനാ, സകല കർമ്മങ്ങളും എന്നിൽ (ഈശ്വരനിൽ) സമർപ്പിച്ചിട്ട് ആത്മബോധത്തോടെ ഒന്നിലും ആശയും എന്റേതെന്ന ഭാവവും ഇല്ലാത്തവനായി ദുഃഖം വെടിഞ്ഞ് നീ യുദ്ധം ചെയ്യുക.''
(കർമയോഗം)

അർജുനനോട് ശ്രീകൃഷ്ണൻ ചെയ്ത ഉപദേശമാണല്ലോ ഗീത. ഗീതോപദേശത്തിന് അടിസ്ഥാനമായി പലതുമുണ്ടാകാം. അത് ആ ദർശനവുമായി ബന്ധപ്പെട്ട വിഷയമാണ്. അതെന്തെങ്കിലുമാകട്ടെ, കർമ്മ നിർവഹണമാണ് അതിന്റെ വിഷയതന്തു.

കർമ്മത്തിനുമുണ്ട് അടിസ്ഥാനം. ഒരു വികാരവുമില്ലാതെ കർമം ചെയ്യൽ മനുഷ്യന്റെ രീതിയല്ല. അവനെ നയിക്കുന്ന ഗുണവും ധർമവുമൊക്കെ അതിനെ സ്വാധീനിക്കുന്നുണ്ട്.

കർമവികാരങ്ങളുടെ അടിസ്ഥാനം മാനുഷികപ്രതിപത്തിയും ഗുണകാംക്ഷയുമാണ്. മനുഷ്യബന്ധ ത്തിന്റെ അടിസ്ഥാനവും അതാണ്. അതിനെ നിഷേധിക്കാൻ നമുക്കാവില്ല. കുഞ്ഞിന് ഒരു പേര് ചോദി ക്കുമ്പോൾ നല്ല പേര് നിർദ്ദേശിക്കുന്നതും ചികിത്സാവശ്യാർഥം നല്ല ഡോക്ടർമാരെ നിർദ്ദേശിക്കുന്നതും ദൂരെ സ്ഥലങ്ങളിലേക്ക് പോകാൻ എളുപ്പവഴി നിർദ്ദേശിക്കുന്നതും, അത് നല്ല പുസ്തകമാണത് നീ വായിക്കണം എന്നൊക്കെ നിർദ്ദേശിക്കുന്നതും ഒരുതരത്തിലുള്ള ഗുണകാംക്ഷയാണ്.

ഗുണകാംക്ഷക്ക് പല മുഖങ്ങളും കാണാനാകും.
ഡോക്ടർമാരും രോഗികളും തമ്മിൽ,
അധ്യാപകനും വിദ്യാർഥികളും തമ്മിൽ,
സർക്കാർ ഉദ്യോഗസ്ഥരും സാധാരണക്കാരും തമ്മിൽ,
അധികാരികളും ഭരണീയരും തമ്മിൽ......
(അതൊക്കെ പഴയ കഥ)

മറ്റുള്ളവരുടെ ഗുണം കാംക്ഷിക്കുകയാണ് അതിന്റെ മർമ്മം. വേഷപ്രഛന്നരായി നാടുചുറ്റിനടന്നിരുന്ന രാജാക്കന്മാരുടെ കഥ നാം വായിക്കാറുണ്ട്. പ്രജകളുടെ ക്ഷേമാന്വേഷണം, അവരോടുള്ള പ്രതിപത്തി ഇതൊക്കെയായിരുന്നു അവരുടെ വികാരം. (അതും പഴങ്കഥ)

ഇതൊക്കെ ഗുണകാംക്ഷയുടെ അംശം മാത്രമാണ്; ഗുണകാംക്ഷ പൂർണമാകുന്നില്ല.

പിന്നെ എന്താണ് ഗുണകാംക്ഷ? ജീവിതചുറ്റുപാടുമായി ബന്ധപ്പെട്ടകാര്യങ്ങളല്ലേ ഗുണകാംക്ഷയുടെ വിഷയങ്ങൾ?

പറയാം. അൽപം സാവകാശം തരിക.

നല്ല മഴയുള്ള ഒരു രാത്രി. ഒരുമിച്ചു താമസിക്കുന്ന കൂട്ടുകാരിൽ ഒരാൾ വെളിച്ചമില്ലാതെ തനിയെ പുറ ത്തുപോകാൻ ഒരുങ്ങി. മറ്റുള്ളവർ അവനെ തടഞ്ഞു.

അവർ എല്ലാവരും ചെയ്തത്. ഒരേ ജോലിയാണ്. എന്നാൽ എല്ലാവർക്കും ഒരേ കാഴ്ചപ്പാടല്ല ആ വിഷയത്തിൽ ഉണ്ടാവുക. അയാൾ വഴി തെറ്റി വീഴും എന്നാകാം ചിലരുടെ പ്രശ്നം. വല്ല പാമ്പും വഴിയിൽ ഉണ്ടായെങ്കിലോ എന്നാകാം വേറെ ചിലരുടെ പ്രശ്നം. മഴയേറ്റ് പനി പിടിക്കും എന്ന ആശങ്കയാകാം മറ്റുള്ളവരുടേത്. ഇരുട്ടിൽ വല്ലതും കണ്ട് ഭയപ്പെട്ടെങ്കിലോ എന്നുമാകാം. വേറെയും വികാരങ്ങൾ ഈ വിഷയത്തിൽ അവരെ സ്വാധീച്ചിട്ടുണ്ടാകാം.

ഉദ്ദേശ്യങ്ങളാണ് കർമങ്ങളുടെ അടിസ്ഥാനം. പക്ഷേ, ഭൗതികമായി എന്ത് ഗുണം ചെയ്തുകൊടുത്താലും അത് നൈമിഷികമായിരിക്കും. കാരണം, ജീവിതം വേഗം തീരുന്നതാണല്ലോ. അതിനപ്പുറത്തേക്ക് അതിന് മേഖലയില്ല.

മനുഷ്യബന്ധങ്ങളെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ? എത്ര വിശുദ്ധമാണത്! രക്തബന്ധം നമുക്ക് സർവതിനെക്കാളും വലുത്. അതിന്റെ സംരക്ഷണം നമുക്ക് പ്രധാനം. മറ്റു കുടുംബബന്ധങ്ങളും വിശുദ്ധം തന്നെ. അതു കഴിഞ്ഞ് അയൽപക്കബന്ധങ്ങൾ, സുഹൃദ്ബന്ധങ്ങൾ....

ഈ ബന്ധങ്ങൾക്കൊക്കെ നിറം ചാർത്തുന്നത് സ്നേഹമാണ്. കാണുന്നതിലും ക്ഷേമാന്വേഷണത്തിലും സുഖദുഃഖങ്ങൾ പരസ്പരം പങ്കുവെക്കുന്നതിലും പരിമിതമായ ഈ വികാരത്തിന് നമ്മുടെ ജീവിതത്തിൽ മറ്റുതലങ്ങൾ കണ്ടെത്താനാവുകയില്ല. മരണത്തോടെ മിക്കപ്പോഴും അതിന് കർമരംഗവുമില്ല.

ജീവിച്ചിരിക്കുമ്പോൾ മാത്രമാണ് നമ്മുടെ ഗുണകാംക്ഷക്ക് സ്ഥാനമുള്ളൂ. മരണപ്പെട്ടവർക്ക് അത് ഉപകരിക്കാറില്ല. അതുപോരാ. അത് ഗുണകാംക്ഷയാകില്ല. അപ്പോൾ പിന്നെ എന്താണ് ഗുണകാംക്ഷ കൊണ്ടുദ്ദേശിക്കുന്നത്?

ദൈവദൂതന്മാരുടെ ജീവിതത്തിൽ നമുക്ക് അതിനുള്ള ഉത്തരമുണ്ട്. ജനത്തെ നല്ല മാർഗത്തിൽ നയിക്കുകയായിരുന്നല്ലോ അവരൊക്കെ ചെയ്തത്. അതിനു വേണ്ടി അവർ ഒരുപാട് പ്രയാസപ്പെട്ടിട്ടുണ്ട്. ഉപദ്രവങ്ങൾ സഹിച്ചിട്ടുണ്ട്. മനുഷ്യരുടെ നന്മക്കു വേണ്ടിയുള്ളതായിരുന്നു അതൊക്കെ. ബന്ധങ്ങളെ മൂല്യവൽക്കരിച്ച സപര്യ.

പ്രവാചകൻ മുഹമ്മദ് തന്നെ സ്വയം ഉദാഹരിച്ച ഒരു സംഗതിയുണ്ട്. 'സ്വയം കത്തിച്ചാവാൻ തീയിലേക്ക് പറന്നുവീഴുന്ന ഈയാംപാറ്റകളെ പ്രതിരോധിക്കുന്നവനെപ്പോലെയാണ് ഞാൻ.'

എന്നുപറഞ്ഞാലോ?
രണ്ട് സംഗിതയുണ്ട് ഇതിൽനിന്ന് മനസ്സിലാക്കാൻ.
ഒന്ന്, ഗുണകാംക്ഷ ആത്യന്തികമായി നിത്യജീവിതത്തിനുപകരിക്കുന്ന സംഗതികളാവണം.
രണ്ട്, അതിന്റെ സദ്ഫലം മരണശേഷവും അനുഭവിക്കാനാകണം.

നിത്യജീവിതം എന്നതുകൊണ്ട് അർഥമാക്കുന്നത് മരണാനന്തര ജീവിതത്തെക്കുറിച്ചാണ്. അവിടത്തെ ജീവിതം സൗഖ്യപൂർണമാകുന്നത് ഈ ലോകത്ത് ചെയ്യുന്ന സൽകർമങ്ങൾ അനുസരിച്ചാണ്. അതിനുതകുന്ന കർമങ്ങൾക്ക് പരസ്പരം പ്രോത്സാഹിപ്പിക്കുകയാണ് ഗുണകാംക്ഷയുടെ ആത്യന്തികലക്ഷ്യം. അതുതന്നെയാണ് മനുഷ്യബന്ധങ്ങളുടെ ശക്തമായ വികാരം. ഭൗതികജീവിതം സ്വസ്ഥമാകാൻ അത് കൂടിയേ തീരൂ. മുക്തിദായകമായ ജീവിതത്തിലേക്ക് മനുഷ്യരെ കൈപിടിച്ചാനയിക്കലാണത്. അത് ചെയ്യാത്ത മനുഷ്യരൊക്കെ നഷ്ടത്തിലാണെന്ന് ദൈവം നമ്മെ പഠിപ്പിക്കുകയുണ്ടായി.

## 15.
## സൗഭാഗ്യം

''ദൈവത്തിന് സ്തുതി. സന്തോഷായി. ഇപ്പൊ സ്വന്തംന്ന് പറയാൻ ഒരു വീടായല്ലോ. ഗൃഹപ്രവേശനവും മോളെ കല്യാണവും ഒരുമിച്ച് നടത്താനായി. മോന് നല്ല ജോലീം കിട്ടി. ഇപ്പോ ഒക്കെ സ്വസ്ഥായി. ഇതിലും വലിയ സൗഭാഗ്യം ഇനി എന്താ കിട്ടാനുള്ളത്?''

യാത്ര പറയാൻ വന്ന ബന്ധുക്ക ക്കൾക്ക് മുമ്പിലേക്കയാൾ മനസ്സ് തുറന്നിട്ടു.

മനുഷ്യൻ അങ്ങനെയാണ്. ഭൗതികസുഖസൗകര്യങ്ങളെ വലിയ സൗഭാഗ്യമായാണ് അവൻ വിലയിരുത്താറുള്ളത്. അവന്റെ സാഹചര്യം ഈ കണക്ക് കൂട്ടലിന് നിമിത്തമാകാറുമുണ്ട്.

ധാരാളം സമ്പത്തും സന്താനങ്ങളും ഉണ്ടാകുന്നത് വലിയ സൗഭാഗ്യമാണെന്ന് പണ്ടുള്ളവർ കണക്കാക്കിയിരുന്നു. ആ വിലയിരുത്തലിന് ഇന്നും വലിയ മാറ്റമൊന്നുമില്ല. പക്ഷേ, ഇന്ന് സമ്പത്തുണ്ടായാൽ മതി, മക്കൾ അധികം വേണ്ട. അത്രയേ വ്യത്യാസമുള്ളൂ.

താൽക്കാലിക ആനന്ദങ്ങളെയാണ് നാം സൗഭാഗ്യമായി കാണാറുള്ളത്. കാരണം, കാണുന്നതും അനുഭവിക്കുന്നതുമാണല്ലോ നമുക്ക് ജീവിതം.

സമ്പത്തും സന്താനങ്ങളും ജീവിതത്തിന്റെ അലങ്കാരങ്ങളാണ്, തീർച്ച. എന്നാൽ അവ എന്നെന്നും നിലനിൽക്കുന്നതല്ല. എന്നിട്ടും കൂടുതൽ സമ്പത്തുള്ളവരാണ് സൗഭാഗ്യവാന്മാർ എന്ന് നാം വിധിയെഴുതി.

'നമ്മെക്കാൾ സൗഭാഗ്യവാന്മാരും ഉന്നതരുമായി ലോകത്ത് വേറെ ആരുണ്ട്?' പ്രാചീനകാലത്തെ പല ജനതകളും സ്വയം അങ്ങനെ അവകാശപ്പെട്ടിരുന്നു. ഭൗതികവിഭവങ്ങൾ തന്നെയായിരുന്നു അവരുടെ വീക്ഷണത്തിലും സൗഭാഗ്യം.

കൂടുതൽ സമ്പത്തൊന്നുമില്ലെങ്കിലും പ്രയാസങ്ങളൊന്നുമില്ലാതെ, സന്തോഷപൂർവം ജീവിക്കുന്നതാകും ചിലർക്ക് സൗഭാഗ്യം. സമ്പത്തും മറ്റു സൗകര്യങ്ങളും ജീവിതത്തെ കടാക്ഷിക്കുന്നതായിരിക്കും ചിലർക്കത്.

ഇപ്പറഞ്ഞവയെല്ലാം താൽക്കാലികങ്ങളാണ്. നോക്കൂ, എത്രയെത്ര വലിയ പണക്കാർ നിത്യദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തുന്നുണ്ട്. കാലത്തിന്റെ പതിവ് ചര്യകളാണവയൊക്കെ. ദൈവത്തിന്റെ നിശ്ചയങ്ങൾ.

നശിക്കുന്നതിനെയും സ്വപ്രയത്നത്തിലൂടെയല്ലാതെ ലഭിക്കുന്നതിനെയും സൗഭാഗ്യമെന്ന് വിലയിരുത്താനാകില്ല.

അപ്പോൾ പിന്നെ എന്താണ് സൗഭാഗ്യം? അവസ്ഥകൾക്കൊത്ത് മാറാത്ത, ഒരിക്കലും നശിക്കാത്ത വല്ലതുമാണോ?

അതെ. അതിലേക്കാണ് നാം പോകുന്നത്. അതിനു മുമ്പ് ഒരു വാക്ക്.

പറഞ്ഞല്ലോ, നമുക്ക് അനുഭവപ്പെടുന്ന ലൗകികാനന്ദങ്ങൾ താൽക്കാലികങ്ങളാണെന്ന്. കുറച്ചു കഴിഞ്ഞാൽ അവ നമ്മുടെ ജീവിതത്തിൽനിന്ന് മാഞ്ഞുപോകും. അതിനു വേണ്ടി നാം എത്രതന്നെ മോഹിച്ചാലും ശരി, അവ തിരിച്ചുകിട്ടണമെന്നില്ല. സ്വപ്നത്തിന്റെ ആനന്ദമേ അവ നമുക്ക് നൽകുന്നുള്ളൂ.

അത്തരം ഭൗതികസുഖങ്ങളെ ആശ്രയിച്ചല്ല സൗഭാഗ്യത്തെ നിർണയിക്കേണ്ടത്. എന്നെന്നും നിലനിൽക്കുന്ന ദൈവികാനുഗ്രഹങ്ങളാണവയ്ക്ക് മാനദണ്ഡം. അവയാകട്ടെ നമ്മുടെ കർമങ്ങളെ ആശ്രയിച്ചിരിക്കുന്നു.

എല്ലാ സുഖങ്ങളും പ്രയാസങ്ങളെ ചുറ്റിപ്പറ്റിയാണിരിക്കുന്നത്. പ്രയാസപ്പെടാതെ സുഖം ലഭിക്കുകയില്ല. അത് ദൈവനിശ്ചയം.

യഥാർഥ സൗഭാഗ്യം ഈ ജീവിതത്തിലും മരണശേഷവും അനുഭവിക്കാനാകുന്നതാണ്.

അതെങ്ങനെയാണ് സാധിക്കുക?

നാം വിഷയത്തിന്റെ ചില അടിസ്ഥാനങ്ങളിലേക്ക് പോവുക. അപ്പോൾ ഈ സംശയം ദൂരീകരിക്കപ്പെടും.

അക്ഷയമായ സൗഭാഗ്യം ഒരുക്കിയിട്ടുള്ളത് സർവശക്തനായ ഏകദൈവമാകുന്നു. അവന്റെ കടാക്ഷം കൂടാതെ ആർക്കും അതനുഭവിക്കാനാകില്ല. അത് ലഭിച്ച ആരിൽനിന്നും അവനത് തിരിച്ചെടുക്കുകയുമില്ല. കാരണം, മനുഷ്യരുടെ പുണ്യകർമങ്ങളെ അടിസ്ഥാനമാക്കി അവൻ നൽകുന്ന പാരിതോഷികമാണത്.

സമ്പത്തും മനുഷ്യരുടെ കർമത്തെ ആശ്രയിച്ചാണല്ലോ നിലനിൽക്കുന്നത്, പിന്നെ അതെങ്ങനെ സൗഭാഗ്യമല്ലാതാകും എന്ന് നമുക്ക് ചോദിക്കാം.

അതിനുള്ള ഉത്തരം ഇതാണ്: ധനത്തിന്റെ പരമാധികാരി ഏകദൈവമാകുന്നു. അനുഗ്രഹമായല്ല നമുക്കത് തരുന്നത്. നമ്മെ പരീക്ഷിക്കുവാനാണ് അവനത് തരുന്നത്. കൂടുതൽ ധനമുള്ളവർ ദൈവം തന്നെ ഏറെ അനുഗ്രഹിച്ചിരിക്കുന്നു എന്ന് കരുതരുത്. താൻ ചെയ്ത പുണ്യങ്ങളുടെ ഫലമാണെന്നും ധരിക്കരുത്. ദൈവം തന്നെ കൂടുതൽ പരീക്ഷിക്കുകയാണ് എന്ന് തിരിച്ചറിയുകയാണ് വേണ്ടത്.

സൗഭാഗ്യം മനുഷ്യകർമങ്ങളിലെ നന്മയെ ആശ്രയിച്ചിരിക്കുന്നു എന്നാണ് പറഞ്ഞുവന്നത്.

പുണ്യവും നന്മയുമൊക്കെ ഞാനും ചെയ്യുന്നുണ്ടല്ലോ, എന്നിട്ടും എനിക്കെന്തേ സൗഭാഗ്യമൊന്നും ലഭിക്കാത്തത്? ചിലർ അങ്ങനെ ചോദിച്ചു. പക്ഷേ, ഒരു കാര്യം: കർമം ആർക്കും ചെയ്യാം. പക്ഷേ, കർമങ്ങളിലെ നന്മയെയും പുണ്യങ്ങളെയും ആരാണ് നിർണയിക്കേണ്ടത്? മനുഷ്യരോ അവരുടെ ഏകദൈവമോ? ആ പുണ്യം സ്വീകരിക്കാനുള്ള മാനദണ്ഡം ആരാണ് നിർണയിക്കേണ്ടത്?

നമ്മെ സൃഷ്ടിക്കുകയും നമ്മോട് കർമങ്ങൾ ചെയ്യാൻ അനുശാസിക്കുകയും അവയ്ക്ക് പ്രതിഫലം നൽകുകയും ചെയ്യുന്നത് ഏകദൈവമായതിനാൽ അവൻ തന്നെയാണ് നന്മ–തിന്മകളെ നിർണയിക്കേണ്ടത്.

മനുഷ്യർക്കോ മറ്റു വല്ല ശക്തികൾക്കോ അതിന് അവകാശമുണ്ടായിരുന്നെങ്കിൽ അവരുടെ ഇംഗിതങ്ങൾക്കനുസരിച്ചായിരിക്കും നന്മ–തിന്മകൾ നിർണയിക്കപ്പെടുക. അങ്ങനെ വരുമ്പോൾ ഒരാൾക്ക് തോന്നുന്ന നന്മ മറ്റൊരാൾക്ക് നന്മയാകണമെന്നില്ല. താൽപര്യങ്ങളായിരിക്കും അവയെ സ്വാധീനിക്കുന്നത്. അതിനാലാണ് നന്മ–തിന്മകളെ നിർണയിക്കേണ്ടത് ഏകദൈവമാണ് എന്നു പറഞ്ഞത്.

നമ്മുടെ ജീവിതവീക്ഷണത്തിലാണ് സൗഭാഗ്യം നിലകൊള്ളുന്നത്. നന്മയുടെ ആചരണത്തിനും ദൈവസ്മരണക്കും അതിൽ വലിയ സ്ഥാനമുണ്ട്.

ചില കാര്യങ്ങൾ നാം ഓർക്കുക: സമ്പത്തും സൗകര്യവുമല്ല സൗഭാഗ്യത്തിന് അടിസ്ഥാനം. അതിന് മറ്റു ചില കാര്യങ്ങൾ ദൈവം നിർണയിച്ചിട്ടുണ്ട്. ദൈവസ്മരണയോടൊപ്പം അവൻ തന്നതിൽ സംതൃപ്തി കണ്ടെത്തുക. ദൈവികപൊരുത്തം ജീവിതത്തിന്റെ ആകത്തുകയായി കാണുക. കോപത്തെ അടക്കി നിറുത്തുക. ജനങ്ങളോട് ഗുണകാംക്ഷയോടെ പെരുമാറുക. നിരാശയും അസൂയയും വെടിയുക. ദുരാഗ്രഹം വെടിയുക. അത്തരം ജീവിതത്തിൽനിന്ന് ലഭിക്കുന്ന ആത്മസംതൃപ്തിയാണ് ജീവിതത്തിലെ വലിയ സൗഭാഗ്യം.

നന്മ എന്തൊക്കെയാണെന്ന് ദൈവം നിർണയിച്ചിട്ടുണ്ട്. അതിന്റെ പ്രായോഗികരീതി നമുക്ക് പറഞ്ഞു തന്നിട്ടുണ്ട്. അതിനുള്ള പ്രതിഫലം എന്തെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ച് ജീവിച്ചാൽ നമുക്ക് ലഭിക്കുന്ന സൗഭാഗ്യം ജീവിതകാലം മുഴുവനും ജീവിതശേഷം മറുലോകത്തും നിലനിൽക്കും. അത് ദൈവത്തിന്റെ നിശ്ചയമത്രെ.

അതിന് ചില നിബന്ധനകളുണ്ട്. അത് ഇതത്രെ:
കർങ്ങൾക്ക് അടിസ്ഥാനം ഏകദൈവ വിശ്വാസമാണ്. അവനെ അംഗീകരിച്ചുകൊണ്ടായിരിക്കണം അവ ചെയ്യേണ്ടത്. അവയ്ക്ക് അവനിൽ നിന്ന് പ്രതിഫലം ലഭിക്കണമെന്ന് പ്രതീക്ഷിക്കുകയും ചോദിക്കുകയും വേണം. അവനെ സംബന്ധിച്ച ഓർമ സദാ മനസ്സിൽ ഉണ്ടായിരിക്കണം. ആവക കാര്യങ്ങളിലൊന്നും അൽപം പോലും അലംഭാവം ഉണ്ടാകരുത്.

അത് ഏകദൈവത്തിന്റെ അവകാശങ്ങളാണ്. മനുഷ്യൻ അതവന് വക വെച്ചുകൊടുക്കണം. അതത്രെ സൗഭാഗ്യത്തിനുള്ള വഴി.

ഏകദൈവം സംപ്രീതനാകുന്ന ജീവിതരീതിയാണത്. അങ്ങനെ ജീവിക്കുന്നവരെ അവൻ ഇഷ്ടപ്പെടുന്നു. അവൻ ആരെയെങ്കിലും ഇഷ്ടപ്പെട്ടാൽ അവർക്കവൻ കൂടുതൽ സൗഭാഗ്യം നൽകുന്നു. ഒരിക്കലും അറ്റുപോകാത്ത അനുഗ്രഹം. മരണശേഷവും അവർക്കത് അനുഭവിക്കാൻ സാധിക്കും.

ഈ പുസ്തകത്തെ സംബന്ധിച്ച നിങ്ങളുടെ
അഭിപ്രായങ്ങൾ info@vazhi.org എന്ന
അഡ്രസ്സിൽ അറിയിക്കുക.